Date of publication: 9 ആഗസ്റ്റ്
വോള്യം 16 / ലക്കം 2 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# മഴ

# സംഘടിത

സംഘടിത/ ആഗസ്ത് 2018/വോള്യം 16/ലക്കം 2



ചിത്രം കടപ്പാട് : ഇന്റർനെറ്റ്


വെള്ളപ്പൊക്കത്തിൽ 5
**കെ.എ. ബീന**

എന്റെ മഴയനുഭവങ്ങൾ 11
**ലീലാ സോളമൻ**

കാൽപ്പനികമല്ലാത്ത മഴകൾ 16
**മായാ പ്രമോദ്**

മലയോരത്തെ മഴകൾ 17
**ആര്യാ രാജ്**

കാളീനാടകത്തിന്റെ രംഗപാഠങ്ങൾ 18
**ബിജി ബാലകൃഷ്ണൻ**

കടലിലെ മഴ 24
**ഷീബാ വിലാസിനി**

ചിതറിയ മഴകൾ 27
**ബെനില അംബിക**

മഴ പറഞ്ഞ കഥ 29
**ബീവി**

മൂളക്കം 30
കവിത/**ഗോപീകൃഷ്ണ**

കണ്ണ് 35
കഥ/**ആശാ മത്തായി**

മഴ ചൂടാത്ത ഓർമ്മകൾ 38
**വിജില ചിറപ്പാട്**

ആ മഴ എനിക്കൊരു നോവായിരുന്നു 40
**സിവിയ സി.വി.**

മഴ സമ്മാനിച്ച ഒരു പിടി ഓർമ്മകൾ 42
**അശ്വനി ടി.കെ.**

പെൺകുട്ടികൾ തുറന്നു പറയുമ്പോൾ 44
പെൺപക്ഷം/**അജിത കെ.**

മഴയുടെ നിർവചനം 45
കവിത/**ടി.എച്ച്. ജിത**

വെള്ളപ്പൊക്കം കഥയും യാഥാർത്ഥ്യവും 46
**താരാ കെ.ജി.**

ചുടല ചണ്ഡാലൻ 51
യാത്രാവിവരണം/**നന്ദിനി മേനോൻ**

വാസ്തവം 57
**ഡോ. ജാൻസി ജോസ്**

സ്ത്രീകൾ സിനിമ പിടിക്കുമ്പോൾ 58
വഴിത്താരകൾ/**ജാനകി**

ആനി മോൺഡറെ സ്മരിക്കുമ്പോൾ 61
ശാസ്ത്രം/**സീമാ ശ്രീലയം**




## ഫോട്ടോ ഫീച്ചർ : ചില മഴ ചിത്രങ്ങൾ

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** :ശാലിനി. പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

'പ്രസ്ഥാനങ്ങളെ ജനാധിപത്യവൽക്കരിക്കുക' എന്നത് സൂക്ഷ്മമായ രാഷ്ട്രീയജാഗ്രത ആവശ്യപ്പെടുന്ന മുദ്രാവാക്യമാണ്. വർഗ്ഗം,ജാതി, മതം, ലിംഗഭേദം, ലൈംഗിക താൽപര്യങ്ങൾ, ആവാസ പ്രദേശം, രാജ്യം തുടങ്ങി കാലാകാലങ്ങളായി അടയാളപ്പെട്ടുപോന്ന അധികാരശ്രേണികളെ പൊളിച്ചെഴുതാനുള്ള തീവ്രശ്രമമാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. എന്നാൽ മുഖ്യധാരാപ്രസ്ഥാനങ്ങൾ തങ്ങളുടെ അജണ്ടകളെ ഈ വിധം നവീകരിക്കുന്നതിൽ പലപ്പോഴും പരാജയപ്പെടാറുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി കഠിനമായ ജാത്യാവസ്ഥകൾക്കെതിരെയും അതിലടങ്ങിയ ഹിംസക്കെതിരെയും പോരാടുന്നുണ്ട് ദലിത് മുന്നേറ്റങ്ങൾ.എന്നാൽ ഇങ്ങനെ ഒന്നിച്ചുപോരാടുമ്പോൾ പുരുഷൻമാർ തങ്ങളോടൊപ്പം സഞ്ചരിക്കുന്ന പ്രക്ഷോഭകാരികളോട് അതിക്രമം കാണിക്കുന്നത് തികഞ്ഞ അരാഷ്ട്രീയതയും ഹിംസാത്മകമായ കാപട്യവുമാണ്. രൂപേഷ് കുമാർ, രജീഷ് പോൾ എന്നിവരെപ്പോലുള്ള 'പ്രക്ഷോഭക' രുടെ പീഡക മുഖം വെളിപ്പെടുത്താൻ മുന്നോട്ടുവന്ന ആരതി രഞ്ജിത്ത്, ആമി തുടങ്ങിയവരുടെ രാഷ്ട്രീയ ബോദ്ധ്യവും ധീരതയും നമുക്കൊക്കെ മാതൃകയാണ്. ഈ പ്രതിഷേധ തുറന്നുപറച്ചിലുകളെ ഏറ്റെടുത്തു മുന്നോട്ടു കൊണ്ടുപോയ പ്രവീണ, മൃദുലാദേവി, രേഖ രാജ്, മായ പ്രമോദ് തുടങ്ങിയവർ വഴികാട്ടികളായിരിക്കുന്നു. സ്വന്തം ജീവിതത്തിലെ വേദനകൾ തുറന്നുപറഞ്ഞുകൊണ്ട് തുറക്കപ്പെട്ട ഈ വഴിയിൽ പിൻബലവും പോരാട്ടവുമായി ബാക്കി സമൂഹവും പുറകെ ഉണ്ടായേ തീരൂ.

ഇന്ത്യയിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചിട്ട് ഒരു നൂറ്റാണ്ടോളം ആവുന്നുവെങ്കിലും രാഷ്ട്രീയത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഏറെക്കുറേ വോട്ടു രേഖപ്പെടുത്തുന്നതിലവസാനിച്ചു പോകുന്നു. ഇപ്പോഴും കേരള നിയമസഭയിൽ 8 പേർ മാത്രമാണ് സ്ത്രീകൾ. വെറും 5 ശതമാനം! പാർലമെന്റിൽ കേരളത്തിൽ നിന്ന് സ്ത്രീ പ്രതിനിധിയായി കേവലം ഒരാൾ മാത്രം! 2010 ൽ രാജ്യസഭ പാസ്സാക്കിയിട്ടും ഇതുവരെ നിയമമാകാതെ അവശേഷിക്കുകയാണ് വനിതാ സംവരണബിൽ.ജനാധിപത്യ സംവിധാനത്തിൽ സ്ത്രീയും പുരുഷനും പല ലൈംഗികാഭിമുഖ്യമുള്ളവരും ഒരേ പരിഗണന അർഹിക്കുന്നവരാണെന്ന നിലപാടിൽ 'തുല്യനീതി, തുല്യ പ്രാതിനിധ്യം' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് വിങ്ങ്സ് കേരള തൃശൂരിൽ ആഗസ്റ്റ് 11 ന് കൺവെൻഷൻ നടത്തുകയാണ്. ഇതിൽ അണിചേരേണ്ടത് കാലത്തിന്റെ അത്യാവശ്യമാണ്. അഭിവാദ്യങ്ങൾ, ഐക്യദാർഢ്യം!

ട്രാൻസ്ജെണ്ടർ വ്യക്തികൾക്ക് കലാശാലകൾ പ്രാപ്യമാക്കുക എന്ന സ്വാഗതാർഹമായ പാത വെട്ടിത്തെളിച്ചിരിക്കയാണ് കേരള സർക്കാർ. തത്ഫലമായി മഹാരാജാസ് കോളേജിൽ പ്രവേശനം നേടിയ പ്രവീൺ നാഥ്, ദയ ഗായത്രി, തീർത്ഥ സാർവിക തുടങ്ങിയവരുടെ ആഹ്ളാദത്തിൽ പങ്കുചേരുന്നു.

ഉദയകുമാർ എന്ന വ്യക്തിയെ പോലീസ് കസ്റ്റഡിയിൽ ഉരുട്ടിക്കൊന്ന കേസ്സിലെ പ്രതികൾക്ക് ശിക്ഷ വിധിച്ചപ്പോൾ വേദനയും നീതിയിൽ ആശ്വാസവും മാറി മാറി പ്രതിഫലിച്ച വൃദ്ധയായ ആ അമ്മയുടെ മുഖം നമ്മെ ചിലത് ഓർമ്മിപ്പിക്കുന്നുണ്ട്. അധികാരത്തിനെതിരെയുള്ള നിരന്തര ജാഗ്രത പുലർത്തേണ്ടുന്നതിന്റേയും നീതീക്കു വേണ്ടി പോരാടേണ്ടതിന്റേയും ആവശ്യകതയെക്കുറിച്ച്.

മഴ മലയാളിയെ സംബന്ധിച്ചേടത്തോളം നിത്യജീവിതത്തെ പല രൂപത്തിൽ ക്രമപ്പെടുത്തുന്ന പ്രകൃതിചര്യയാണ്. വീട് പണിയുന്നതും, വസ്ത്രം ധരിക്കുന്നതും, ചടങ്ങുകൾക്ക് പറ്റിയ ദിവസങ്ങൾ തെരഞ്ഞെടുക്കുന്നതും പോലുള്ള അനേകം തീരുമാനങ്ങൾ ഉണ്ടാവുന്നതും മഴയെ മുൻനിർത്തിയാണ്. കാല്പനികഭാവനകളിലെ കുളിർമ്മയും ഹരിതാഭയും പ്രതീക്ഷയുമാണ് മഴ. സുരക്ഷിതത്വത്തിന്റെ മഴനനയ്ക്കാത്ത ഇടങ്ങളിലെ അപരഭാവനയായി മഴ തിമർക്കുമ്പോൾ ഇതൊന്നുമല്ലാത്ത ദുരിതാനുഭവങ്ങളുടെ കഠിന പര്യായങ്ങൾ മാത്രമാണ് മഴ കുതിർന്നു ജീവിതം കഴിക്കേണ്ടി വരുന്നവരുടെ മഴയോർമ്മകൾ. പ്രകൃതിദുരന്തസാധ്യത ഉള്ളിടത്തു ജീവിക്കുന്നവരുടെ മഴയ്ക്കുള്ള കാതോർക്കലിലെ ആധികൾ ഭാവനയ്ക്കതീതവും. വ്യതിരിക്തമായ മഴയനുഭവങ്ങൾ രേഖപ്പെടുത്തുകയാണ് ഈ ലക്കം സംഘടിതയിൽ. വായിക്കുമല്ലോ....




കെ.എ. ബീന
എഴുത്തുകാരി

# വെള്ളപ്പൊക്കത്തിൽ

### സന്ധ്യ

കനിവില്ലാതെ സൂര്യൻ കത്തിജ്ജ്വലിക്കുന്നു. തണലും തണുപ്പും തേടി മനുഷ്യൻ പായുന്നു. കത്തുന്ന രാപ്പകലുകളോടു ശാപവാക്കുകളോതി സ്വപ്നമായി മഴ അവതരിക്കുന്നതിനു പ്രാർത്ഥിച്ചു കൊണ്ട് ഉറക്കത്തിലേക്ക്.

### പാതിരാവ്

ആയിരം ഇടിനാദങ്ങൾ. പ്രകമ്പനം കൊള്ളി ക്കുന്ന സ്വപ്നങ്ങൾ. തീനാളങ്ങൾപോലെ, വിറകൊ ള്ളിക്കുന്ന മിന്നൽപ്പിണരുകൾ. ജനാലയിലൂടെ ആകാശം കടന്നുവന്നു–ചുറ്റുപാടുമുള്ള മാമല കൾക്കപ്പുറത്തുനിന്ന് കരിമൂർഖൻമാരെപ്പോലെ മേഘങ്ങൾ കടന്നുവന്നു പത്തിവിടർത്തി ആടിത്തുട ങ്ങി, പുതുമഴ മണ്ണിന്റെ വേവലാതികളെ ഊതി യുണർത്തി– അസ്വസ്ഥതയുണർത്തുന്ന തീക്കാറ്റു പോലെ മണ്ണിന്റെ നിശ്വാസം–പിന്നെ മഴ, മഴ, പെരുമഴ. ഓരോ മേഘക്കീറും തുമ്പിക്കൈവണ്ണ ത്തിൽ മഴപെയ്യിച്ചു മത്സരിച്ചു. ഈ മഴ ഇതുവരെ കാണാത്ത മഴയാണ്. ഈ മഴപ്പാട്ട് ഇതുവരെ കേൾക്കാത്ത ആക്രോശമാണ്– രൗദ്രമായ മഴ, വന്യമായ മഴ, ക്രൂരതയാർന്ന മഴ–ഇത് ഭീകരമായ മഴയാണ്.... ഇത് അസമിലെ മഴയാണ്...

### പുലർച്ചെ

നാലുമണിക്ക് നട്ടുച്ചയുടെ പ്രതീതിയു ണർത്തുന്ന സൂര്യൻ ഇന്ന് ആറുമണി കഴിഞ്ഞിട്ടും വന്നിട്ടില്ല. മഴ പെയ്തൊടുങ്ങിയിരിക്കുന്നു. ഏറെ നാളിനുശേഷം കടന്നെത്തുന്ന കുളിരുള്ള പുലരി യിലേക്കു നിറവുള്ള മനസ്സോടെ– പെട്ടെന്ന് കാഴ്ച കളൊക്കെ കടലുപോലെയായി– നാലുപാടും ആർത്തലച്ചെത്തുന്ന വെള്ളം മാത്രം – കായലു പോലെ, നദിപോലെ കുത്തിയൊലിച്ചു പായുന്ന വെള്ളം വീടുകളെ, വാഹനങ്ങളെ, സസ്യലതാദി കളെ ഒക്കെ കീഴ്പ്പെടുത്തി മുന്നേറുന്നു. നാലുമണി ക്കൂറുകൾ മാത്രം പെയ്തൊരു മഴയിൽ. ഇത് അസമാണ്, ഇത് വെള്ളപ്പൊക്കത്തിന്റെ നാടാണ്.



ജനതതിയെ മുഴുവൻ വിഴുങ്ങാനുള്ള ആർത്തിയോടെ യാണ് ബാബ പായുന്നത്. അതിനിടയിൽ മനുഷ്യരും മൃഗങ്ങളും പ്രകൃതിയുമൊക്കെ തേങ്ങിപ്പിടയുന്നത് വയോവൃദ്ധൻ അറിയുന്നതേയില്ല.

പണ്ട് ബ്രഹ്മപുത്ര ഇത്ര ഭീകരരൂപം പൂണ്ടിരുന്നില്ലത്രേ. 1950-ൽ വടക്കുകിഴക്കൻ മേഖലയിലുണ്ടായ അതിശക്തമായ ഭൂകമ്പമാണ് നദിയുടെസമനില തെറ്റിച്ചതെന്ന് ഇവിടത്തുകാർ പറയുന്നു. അന്തർഭാഗത്തുണ്ടായ മാറ്റങ്ങൾ ബ്രഹ്മപുത്രയുടെയും മറ്റു നദികളുടെയും ജലം ഉൾക്കൊള്ളാനുള്ള ശേഷി കുറച്ചു. ഉൾഭാഗത്ത് മണൽക്കെട്ടുകൾ ഉയർന്നു. മഴക്കാലത്തുണ്ടാകുന്ന അധികവെള്ളം നദികൾക്ക് ഉൾക്കൊള്ളാനാവാതെ വന്നപ്പോൾ അത് സമീപപ്രദേശങ്ങളിലേക്കു വ്യാപിച്ചു തുടങ്ങി. സ്വതേതന്നെ വെള്ളപ്പൊക്കത്തിന്റെ നാടായ അസമിന് കൂനിൻമേൽ കുരുപോലെയായി ഇത്. 1980-നുശേഷം അസം മൺസൂൺകാലത്ത് പൂർണ്ണമായും വെള്ളപ്പൊക്കത്തിന്റെ പിടിയിലായിത്തീർന്നു.

ലോകത്ത് മറ്റെങ്ങുമില്ലാത്തത്ര കനത്ത മൺസൂൺ മഴയും ശീതകാലത്ത് ഹിമാലയ പർവ്വതനിരകളിൽ ഉറഞ്ഞുകൂടുന്ന മഞ്ഞ് വേനലിലുരുകി ഒലിച്ചെത്തുന്ന വെള്ളവും കൂടിയാകുമ്പോൾ ബ്രഹ്മപുത്രയും കൈവഴികളും ജലത്തിന്റെ അവർണ്ണനീയമായ പെരുംസാന്നിദ്ധ്യമാകുന്നു. അസമിന്റെ 80 ശതമാനത്തോളം പ്രദേശങ്ങളും വെള്ളപ്പൊക്കമേഖലകളാണ്. ഓരോ വെള്ളപ്പൊക്കവും ഈ സംസ്ഥാനത്തിന്റെ നട്ടെല്ലൊടിക്കുന്നു എന്നതാണു സത്യം.

വെള്ളപ്പൊക്കം തടയാൻ അശാസ്ത്രീയമായി നിർമ്മിച്ച തടയണകൾ, വനനശീകരണം, അനുദിനം വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, കെട്ടിട നിർമ്മാണം, റോഡ്, റെയിൽ ഗതാഗതനിർമ്മാണ പ്രവർത്തനങ്ങൾ ഒക്കെ വെള്ളപ്പൊക്കക്കെടുതികൾ വർദ്ധിക്കുന്നതിനു കാരണമാകുന്നു.

ഈ കെടുതികൾ നേരിടാനും വെള്ളപ്പൊക്കം പ്രവചിക്കാനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത പ്രശ്നങ്ങളുടെ രൂക്ഷത വർദ്ധിപ്പിക്കുന്നു.

രാവു വെളുത്തു പകലാവുമ്പോഴേക്കും തലയ്ക്കു മുകളിൽ വെള്ളം നിറയുന്ന അസമിലെ സാധാരണക്കാരന് ഈ ജന്മത്ത് ഇത്തരം സംവിധാനങ്ങളിലൂടെ വെള്ളപ്പൊക്കക്കെടുതികളിൽനിന്നു രക്ഷപ്പെടാനാവുമെന്നും തോന്നുന്നില്ല.

വെള്ളപ്പൊക്കം, മാലിന്യങ്ങൾക്കൊപ്പം പാമ്പുകളെയും മീനുകളെയുമൊക്കെ വീടുകൾക്കുള്ളിൽ കൊണ്ടുവന്നു നിറച്ചു. താഴത്തെ നിലയിലെ താമസക്കാർ വീട്ടുസാധനങ്ങളുമായി നെട്ടോട്ടമോടി. വളർത്തുമൃഗങ്ങളെയും പക്ഷികളെയും രക്ഷിക്കാനാവാതെ പലരും പൊട്ടിക്കരഞ്ഞു. മഴപെയ്തുതോർന്നിട്ടും വെള്ളം ഉയർന്നുപൊങ്ങിക്കൊണ്ടേയിരുന്നു. ബ്രഹ്മപുത്ര നഗരത്തിൽ സന്ദർശനത്തിനെത്തുമെന്ന കേട്ടുകേൾവി യാഥാർത്ഥ്യമായ അനുഭവം.

കുത്തിയൊലിച്ചു പായുന്ന നദിപോലെ ഒഴുകുന്ന റോഡിലൂടെ 'കോനേ'എന്ന വിളിയുമായി മുട്ടക്കച്ചവടക്കാരനെത്തി. 'സബ്ജിവാല'യും 'മാഛ്‌വാല'യുമൊക്കെ പിന്നാലെ നീന്തിത്തുടിച്ചെത്തി. വെള്ളപ്പൊക്കത്തിൽ ജീവിക്കാൻ ഇവിടെയുള്ളവർ എന്നേ പഠിച്ചുകഴിഞ്ഞിരിക്കുന്നു.

ബ്രഹ്മപുത്രയുടെ കല്യാണമുഹൂർത്തം അടുത്തുവത്രേ. മൂഹൂർത്തമടുക്കുന്തോറും ബ്രഹ്മപുത്രയ്ക്കു തിടുക്കമേറുകയാണ്. പുരുഷനദിയായ ബ്രഹ്മപുത്രയുടെ പ്രണയിനിയാണ് ഭോഗ്ദോയ്. അവളെ സന്ധിക്കാനുള്ള പോക്കിനു തടസ്സം നില്ക്കുന്നതൊക്കെ ബ്രഹ്മാവിന്റെ പുത്രൻ തകർത്തെറിയുകയാണ് – ഇതിനുവേണ്ടി പത്തോളം ഗ്രാമങ്ങളെ വിഴുങ്ങിക്കഴിഞ്ഞു. ഇനി ബാക്കിയുള്ളത് നീമാതിഘട്ട് മാത്രമാണ്. അല്പകാലത്തിനുള്ളിൽ ഈ പ്രതിബന്ധത്തെയും ചരിത്രമാക്കി മാറ്റി ബ്രഹ്മപുത്ര ഭോഗ്ദോയിയെ സന്ധിക്കും- അന്നവരുടെ കല്യാണം നടക്കുമെന്ന് അസമിലെ പത്രങ്ങളും ജനങ്ങളും പറയുന്നു.

ബ്രഹ്മപുത്ര വിശ്വരൂപംപൂണ്ട് തിടുക്കപ്പെട്ടു പായുന്നത് എന്തിനുവേണ്ടിയാണെങ്കിലും ജനങ്ങൾക്കു വിനാശകരമായിമാറുന്നു എന്നതാണ് വാസ്തവം.

വെള്ളം ആധിപത്യം പുലർത്തുന്ന പ്രദേശം എന്നു ചരിത്രകാരൻമാർ രേഖപ്പെടുത്തിവച്ചിരിക്കുന്ന അസമിൽ മൺസൂൺകാലത്ത് ബ്രഹ്മപുത്ര ഉണ്ടാക്കുന്ന കെടുതികൾ ചില്ലറയൊന്നുമല്ല.

വെളുക്കാൻ തേക്കുന്നതൊക്കെ പാണ്ടാവുന്ന അവസ്ഥയാണ് ഇവിടത്തെ വെള്ളപ്പൊക്ക നിവാരണപ്രവർത്തനങ്ങൾക്ക്. വെള്ളപ്പൊക്കം തടയാൻ കെട്ടിയ തടയണകളാണ് ഇന്ന് ഏറ്റവും വലിയ ഭീഷണി. ബ്രഹ്മപുത്രയിലേക്ക് ഗുവാഹത്തി നഗരത്തിലെ അധികവെള്ളം തള്ളിവിടാനും ബ്രഹ്മപുത്രയിലെ വെള്ളം നഗരത്തിനുള്ളിലേക്കു കടന്നുവരുന്നതു തടയാനും ഉണ്ടാക്കിയിരിക്കുന്ന സ്ലൂയിസ് ഗേറ്റുകൾ പലപ്പോഴും ഗുവാഹത്തിയിൽ വെള്ളപ്പൊക്കമുണ്ടാക്കാൻ കാരണമാകുന്നു. ബ്രഹ്മപുത്രയിലെ ജലവിതാനം അപകടകരമായി ഉയർന്നു പൊങ്ങുമ്പോൾ സ്ലൂയിസ്ഗേറ്റുകൾ അടച്ചിടുന്നു. നഗരത്തിനുള്ളിലെ വെള്ളം പുറത്തു പോകാതെ വെള്ളപ്പൊക്കമുണ്ടാകുന്നു. ബ്രഹ്മപുത്ര കണ്ടുകിട്ടിയ മാർഗ്ഗങ്ങളിലൂടെയൊക്കെ നഗരത്തിനുള്ളിൽക്കടന്ന് നാശനഷ്ടങ്ങളുണ്ടാക്കുന്നതു മറ്റൊരു പ്രശ്നം. ഇതിനൊക്കെപ്പുറമേ അയൽ സംസ്ഥാനമായ മേഘാലയയിൽ കനത്ത മഴപെയ്യുമ്പോൾ വെള്ളം മലനിരകളിലൂടെ




ഒലിച്ചെത്തി ഗുവാഹത്തിയിൽ വെള്ളപ്പൊക്കമുണ്ടാക്കുന്നു. വനനശീകരണത്തിന്റെ മറ്റൊരു വിജയം! ആകെക്കൂടി നോക്കുമ്പോൾ ഇവിടത്തുകാർക്ക് വെള്ളപ്പൊക്കത്തിൽ നിന്നു രക്ഷപ്പെടാൻ അടുത്തകാലത്തൊന്നും കഴിയുമെന്നു തോന്നുന്നില്ല. കൂടുതൽ മുങ്ങിത്താഴുകയല്ലാതെ പൊങ്ങി നിവർന്നു രക്ഷപ്പെടുക ശ്രമകരമായ കാര്യംതന്നെയാണ്. അശാസ്ത്രീയമായ ആസൂത്രണം സർവ്വമേഖലകളിലും വിനാശം വരുത്തുന്നു. ആസൂത്രണങ്ങളെല്ലാം പിഴച്ച പാവം മനുഷ്യർ ഓരോ വെള്ളപ്പൊക്കത്തിലും സ്ഥാവരജംഗമവസ്തുക്കളും ജീവനും രക്ഷിക്കാൻ നെട്ടോട്ടമോടുന്നു. ഒടുവിൽ വെള്ളം ഇറങ്ങുമ്പോൾ എല്ലാം ആദ്യം മുതൽ. ചെളി, മാലിന്യക്കൂമ്പാരം, പകർച്ചവ്യാധികൾ, പട്ടിണി....

കാലാകാലങ്ങളായി നിരവധി സംസ്കാരങ്ങളെ തോളിലേറ്റി ഒഴുകുന്ന ബ്രഹ്മപുത്രയെ മെരുക്കാനോ നദിയുടെ ശേഷി വേണ്ടവിധത്തിൽ വിനിയോഗിക്കാനോ ഉള്ള ശ്രമങ്ങൾ നടന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നദിയുടെ വലിപ്പം കണക്കിലെടുക്കുമ്പോൾ അത്ര എളുപ്പമുള്ള കാര്യവുമല്ല. ഈ മേഖലയിലെ ഗതാഗതത്തിനുപോലും ബ്രഹ്മപുത്രയെ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. രാജ്യത്തെ ജലവൈദ്യുത ഉൽപാദനശേഷിയുടെ നാല്പ്പത്തൊന്ന് ശതമാനത്തോളം ഈ നദിക്ക് അവകാശപ്പെട്ടതാണ്. ഇതിന്റെ മൂന്ന് ശതമാനം മാത്രമാണ് ഇന്നു വിനിയോഗിക്കുന്നത്. ബ്രഹ്മപുത്രയിൽ നിരനിരയായി അണക്കെട്ടുകളുണ്ടാക്കി വൈദ്യുതോൽപാദനം നടത്തിയാൽ വെള്ളപ്പൊക്കം തടയുന്നതിനൊപ്പം ഇന്ത്യയ്ക്കു മുഴുവൻ ആവശ്യമായ വൈദ്യുതി ഉണ്ടാക്കാനും കഴിയുമെന്നു പഠനങ്ങൾ പറയുന്നു. ഇന്ന് ഈ വിഭവശേഷി മുഴുവൻ ബംഗാൾ ഉൾക്കടലിലേക്ക് ഒഴുകിപ്പോവുകയാണ്.

'ല്യൂയിതാക് ബേതിബോ കോനേ?''ല്യൂയിതിനെ ആരാണ് മെരുക്കുക?' പുരാതനകാലം മുതൽ അസംകാർ ചോദിക്കുന്ന ചോദ്യമാണിത്. ചോദിച്ച് ചോദിച്ച് ഇന്ന് ഇതൊരു പഴഞ്ചൊല്ലായി മാറിയിരിക്കുന്നു.

ല്യൂയിതിനെ (ബ്രഹ്മപുത്രയെ) ആരാണ് മെരുക്കുക?

1929-നു ശേഷം പത്തിലേറെ കമ്മീഷനുകൾ, വകുപ്പുകൾ, ഒടുവിൽ 1981-ൽ ബ്രഹ്മപുത്ര ബോർഡ് ഇവയുടെയൊക്കെ നിരവധി റിപ്പോർട്ടുകൾ, നിർദ്ദേശങ്ങൾ - ഇന്നും മഴക്കാലത്ത് ബാബാ ബ്രഹ്മപുത്ര മനുഷ്യരെയും മരങ്ങളെയും മൃഗങ്ങളെയുമൊക്കെ വിഴുങ്ങി മുന്നേറുന്നു.

വിവിധ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കി ബ്രഹ്മപുത്രയെ തളയ്ക്കുക എന്നതു പ്രാവർത്തികമാക്കുക എളുപ്പമല്ല. നദിയുടെ അന്താരാഷ്ട്രസ്വഭാവമാണ് ഏറ്റവും വലിയ വിഘാതം. വിവിധ രാഷ്ട്രങ്ങളിലൂടെ ഒഴുകിയെത്തുന്ന ബ്രഹ്മപുത്രയിൽ നടത്തുന്ന ഏതു നിർമ്മാണ പ്രവർത്തനത്തിനും ഈ രാജ്യങ്ങളുടെ സമ്മതം കൂടിയേ തീരൂ. ചൈന, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായി ഇന്ത്യയ്ക്കുള്ള ബന്ധം ഇത്തരം സാദ്ധ്യതകൾ കുറയ്ക്കുന്നു. ബംഗ്ലാദേശ് പണ്ടേ തടസ്സം പറഞ്ഞിട്ടുണ്ട്. ചൈനയുടെ പുതിയ ലക്ഷ്യം അരുണാചൽപ്രദേശാണ്.



വിവിധ പരിസ്ഥിതിസംഘടനകൾ വൻകിട അണക്കെട്ടുകൾക്കെതിരെ തടസ്സമുന്നയിച്ചു കഴിഞ്ഞു. കൂടാതെ ഭൂകമ്പസാദ്ധ്യതയേറിയ പ്രദേശമായതിനാൽ അണക്കെട്ടുനിർമ്മാണത്തിന് വികസിതരാഷ്ട്രങ്ങളുടെ സാങ്കേതികപരിജ്ഞാനം കൂടിയേ തീരൂ. എല്ലാറ്റിനുമുപരി ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിവരുന്ന ഭീമമായ ചെലവ് ഇന്ത്യയുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിക്കു താങ്ങാവുന്നതുമല്ല. ആകെക്കൂടി നോക്കുമ്പോൾ ഐക്യരാഷ്ട്രസംഘടനപോലെ യുള്ള ഒരു അന്താരാഷ്ട്രസംഘടനയുടെ ആത്മാർത്ഥമായ ഇടപെടൽ ഇല്ലാതെ ബ്രഹ്മ പുത്രയെ മെരുക്കാൻ കഴിയില്ല. ഇതൊക്കെ അത്ര എളുപ്പമുള്ള കാര്യങ്ങളല്ല. സമീപഭാവി യിലൊന്നും നടപ്പിൽ വരുന്നതുമല്ല. പിന്നെ ആകെ യുള്ള ഒരു പോംവഴി ബ്രഹ്മപുത്രതീരവാസികൾ പുരാതനകാലം മുതൽ സ്വീകരിച്ചിരുന്ന ജീവിത രീതി (വെള്ളപ്പൊക്കവുമായി പൊരുത്തപ്പെട്ടു ജീവിക്കുക) പിന്തുടരുക മാത്രമാണ്. കാലാ കാലങ്ങളിലുണ്ടായ കമ്മീഷനുകളും ഇതേ നിർദ്ദേശംതന്നെ മുന്നോട്ടുവെച്ചിട്ടുണ്ട്.

പണ്ട് മഴക്കാലത്ത് ഉയർന്ന പ്രദേശങ്ങളി ലേക്കു താമസം മാറ്റിയും മറ്റും ആളുകൾ വെള്ളപ്പൊക്കത്തെ അതിജീവിച്ചിരുന്നു. ഇന്ന് ഉയർന്ന പ്രദേശങ്ങളൊക്കെ തേയിലത്തോട്ട ങ്ങളായി മാറിക്കഴിഞ്ഞു. പാവപ്പെട്ട ഗ്രാമീണർ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിൽ മുങ്ങി ത്താഴുന്നു. ബ്രഹ്മപുത്രയുടെ ക്രോധതാപങ്ങളിൽ നിന്ന് ഓടിയൊളിക്കാനിടമില്ലാതെ അവർ തളരുന്നു.

ഇത്തരം പ്രശ്നങ്ങൾക്കു പ്രതിവിധി കാണാനും വെള്ളപ്പൊക്കം പ്രവചിക്കാനും സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരി ക്കാനുമുള്ള അത്യന്താധുനിക സംവിധാനങ്ങൾ ഏർപ്പെടു ത്താനും കഴിഞ്ഞാൽ പകുതി പ്രശ്നങ്ങൾ പരിഹരിക്കാനാവു മെന്ന് ഇവിടുള്ളവർ വിശ്വസി ക്കുന്നു. അതിനൊപ്പം ഓരോ വെള്ളപ്പൊക്കവും പിന്നോട്ടു വലിക്കുന്ന അസമിന്റെ സാമ്പ ത്തികസ്ഥിതിയും മെച്ചപ്പെടണം 'ല്യൂയിതാക് ബേതിബോ കോനേ?'എന്ന ചോദ്യവുമായി ഓരോ അസമീസ് പൗരനും രക്ഷകനെ കാത്തിരിക്കുക യാണ്.



*　*　*　*　*

പകൽ നിറഞ്ഞൊഴുകുന്ന റോഡുകളിൽ കുട്ടികൾ നീന്തിത്തുടിച്ചു. കളിച്ചു. കച്ചവടക്കാരും വഴിയാത്രക്കാരും സാധാരണപോലെ തുഴഞ്ഞു നീങ്ങി, സൈക്കിൾ റിക്ഷാക്കാർ ആളുകളെ വലിച്ച് ഓടിനടന്നു. വല്ലപ്പോഴും വീണുകിട്ടുന്ന കൊയ്ത്തിന്റെ ആവേശമായിരുന്നു അവർക്ക്.

രാത്രി, പകൽ, രാത്രി – മൂന്നാം ദിവസം വെള്ളം ഇറങ്ങിത്തുടങ്ങി. വീട്ടുകാരും നാട്ടുകാരും വൃത്തിയാക്കൽച്ചടങ്ങു തുടങ്ങി. ചെളി, മാലിന്യ ങ്ങൾ, ദുർഗ്ഗന്ധം, പകർച്ചവ്യാധികളും മാറാരോഗ ങ്ങളും. വെള്ളം ഇറങ്ങിയപ്പോൾ കാഴ്ചകൾ അസഹ്യമായി. അടുത്ത വെള്ളപ്പൊക്കം വരുന്നതു വരെ വൃത്തിയായി ജീവിക്കാൻ ഓരോരുത്തരും അതിരറ്റു പരിശ്രമിച്ചു.

*   *   *   *   *

ഞങ്ങളുടെ ഫ്ളാറ്റിനു പിറകിലെ വീട് അതി സുന്ദരമായിരുന്നു– പൂൽത്തകിടി, ആമ്പൽ ക്കുളം, പൂക്കൾ നിറഞ്ഞ പൂന്തോട്ടം. മനോഹര മായ അസം ടൈപ്പ് വീട്– താമസക്കാർ അതിലേറെ ആഹ്ളാദം നല്കുന്നവർ ഏറെ വയസ്സായ ഒരപ്പൂപ്പനും അമ്മൂമ്മയും വരാന്തയിലെ കസേര യിൽ അവരിരുന്ന് വർത്തമാനം പറയുന്നത് സ്ഥിരം കാഴ്ച. സിറ്റൗട്ടിലെ ചെടികളും ചൂരൽ സോഫ കളും അപ്പൂപ്പനും അമ്മൂമ്മയും ഇങ്ങനൊരു വാർദ്ധക്യം ആരും കൊതിച്ചുപോകും.

അങ്ങനെ അപ്പൂപ്പനും അമ്മൂമ്മയും കൊച്ചു വർത്തമാനം പറഞ്ഞു രസിച്ചിരിക്കുമ്പോൾ ഒരു ദിവസം മഴക്കാലമെത്തി. തകർത്തുപെയ്യുന്ന മഴയുടെ ആരവത്തിനൊത്ത് തികച്ചും അദ്ഭുത കരമായ മറ്റൊരു കാഴ്ച–അടിവച്ചടിവച്ച് ബ്രഹ്മ പുത്ര നദി കയറിവരുന്നു. പെട്ടെന്ന് താളമേളങ്ങൾ മാറി ആർത്തലയ്ക്കുന്ന പ്രവാഹമായത് മാറി.



മൂന്നാംനിലയിൽ നിന്ന് താഴേക്കു നോക്കുമ്പോൾ കടലുപോലെ–

ഓടിപ്പോയി അപ്പൂപ്പനെയും അമ്മൂമ്മയെയും നോക്കി. എന്റെ സ്വപ്നസൗധം മുക്കാലും വെള്ളത്തിനടിയിൽ . ഗ്യാരേജിലെ കാറുകൾ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. സിറ്റൗട്ടിലെ ചൂരൽക്കസേരകൾ മുറ്റത്ത് ഒഴുകിനടക്കുന്നു. അവയിലൂടെ പാമ്പുകൾ നീന്തിത്തുടിക്കുന്നു.

പെട്ടെന്ന് ഒരു ദൃശ്യം മനസ്സിൽ പോറലുണ്ടാക്കി.

അമ്മൂമ്മയും രണ്ടു പരിചാരകരും കൂടി അപ്പൂപ്പനെ താങ്ങിയെടുത്തുകൊണ്ടുവരുന്നു. നീന്തിത്തുടിച്ച് അവർ അപ്പൂപ്പനെ അടുത്ത വീടിന്റെ ഒന്നാം നിലയിലാക്കി. വർഷങ്ങളായി ഒരുവശം സ്തംഭിച്ചുപോയ അപ്പൂപ്പനെ അമ്മൂമ്മ ദിവസവും സിറ്റൗട്ടിലെ കസേരയിൽ എടുത്തു കൊണ്ടിരുത്തി വർത്തമാനം പറഞ്ഞിരിക്കയാ ണെന്ന് അപ്പോഴാണറിഞ്ഞത്.

അപ്പൂപ്പനെ അപ്പുറത്താക്കി മടങ്ങി വന്ന് അമ്മൂമ്മ വേഷം മാറി വന്നു. അടുത്ത ഞെട്ടൽ. അസമീസ് പാരമ്പര്യവേഷമായ മേഘലാ ഛദ്ദർ മാത്രം ധരിച്ചു കണ്ടിട്ടുള്ള (നമ്മുടെ മുണ്ടും നേര്യതും പോലുള്ള ഒരു വസ്ത്രമാണിത്) അമ്മൂമ്മ അരനിക്കറും ഷർട്ടുമിട്ട് ചെറുപ്പക്കാരി യായിരിക്കുന്നു. ചുറുചുറുക്കോടെ ജോലിക്കാരോ ടൊപ്പം ചേർന്ന് അവർ പണിതുടങ്ങി. വീട്ടു സാധന ങ്ങൾ നനയാതിരിക്കാൻ അപ്പുറത്തെ വീട്ടിലേക്കു മാറ്റുന്ന ഭഗീരഥ പ്രയത്നം.

ദിവസം മൂന്നു കഴിഞ്ഞു. അമ്മൂമ്മയുടെ കാത്തിരിപ്പ് തീർന്നു. വെള്ളമിറങ്ങി. വീട് ദുർഗന്ധ മുയർത്തുന്ന ചെളിക്കൂന. നിക്കറും ഷർട്ടുമിട്ട് അമ്മൂമ്മ ഒക്കെ കഴുകി വെടിപ്പാക്കി. ലോഷ നൊഴിച്ച് വീട് ശുദ്ധീകരിച്ചു. അപ്പുറത്തെ വീട്ടിൽ നിന്ന് വീട്ടുസാമാനങ്ങൾ മടക്കിക്കൊണ്ടുവന്നു. എല്ലാം പഴയതുപോലെ അലങ്കരിച്ചു.

അമ്മൂമ്മ വേഷം മാറി. പഴയതുപോലെ മേഘലാ ഛദ്ദർ ധരിച്ച് നാടൻസ്ത്രീയായി. അയൽപക്കത്തുനിന്ന് അപ്പൂപ്പനെ പൊക്കി യെടുത്തുകൊണ്ടുവന്ന് സിറ്റൗട്ടിലിരുത്തി.

വൃദ്ധദമ്പതിക ളുടെ സൊള്ളൽ കണ്ട് മനസ്സുനിറഞ്ഞ് ദിന രാത്രങ്ങൾ കടന്നു പോയി.

പിന്നെയും പലവട്ടം മഴ പെയ്തു. ബ്രഹ്മപുത്ര ആർത്തലച്ച് നഗരത്തിനുള്ളിലേക്ക് കയറി വന്നു. അമ്മൂമ്മ വീണ്ടും നിക്കറും ഷർട്ടുമിട്ടു. അപ്പൂപ്പനെ പൊക്കിയെടുത്തു.

മഴ പെയ്തൊഴിഞ്ഞ് വെള്ളമിറങ്ങു മ്പോൾ പഴയതുപോലെ മേഘലാ ഛദ്ദർ ധരിച്ച് സിറ്റൗട്ടിൽ കഥകൾ പറഞ്ഞിരുന്നു. രംഗങ്ങളുടെ തനിയാവർത്തനം. എത്ര നാളായി തുടങ്ങിയിട്ട്. എത്രനാളായി ഇതു തുടരുന്നു.

അമ്മൂമ്മ ഒരിക്കൽ പറഞ്ഞു. "ഈ വെള്ളപ്പൊക്കം എത്രനാളായി ബോറടിപ്പി ക്കുന്നു. ഇനിയൊരു മാറ്റം വേണം. ഈ കെട്ടിടത്തിന് തീ പിടിച്ചെങ്കിൽ എന്നാണ് ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നത്."

■


ANNA-KITEX
TOUCHING EVERY ASPECT OF YOUR "LIFE"
kitexlifestyleofficial
ONLINE SHOPPING www.kitexlifestyle.com
Saras
കറി പൗഡർ
കറി മസാലാസ്
റെഡി റ്റു ഈറ്റ് /
കുക്ക് പ്രോഡക്ട്സ്
CHAKSON
സ്നേഹത്തിൻ പര്യായം
പ്രഷർ കുക്കർ
തെർമൽ കുക്കർ
നോൺ സ്റ്റിക്ക് കുക്ക്
വെയേഴ്സ്
അന്ന അലുമിനിയം
അലുമിനിയം
വെസ്സൽസ്
Scoobee Day
സ്കൂൾ ബാഗ്സ് ,
ഡിസയർ കോളേജ്
ബാഗ്സ്
KITEX
ദോത്തീസ്, ലുങ്കീസ്
ബെഡ് ഷീറ്റ്സ്
ഇന്നർ വെയേഴ്സ്
TraWellDay
ലഗ്ഗേജ്
ബാഗ്സ്
ANNA ALUMINIUM - KITEX COMPANY SHOWROOMS
Town Hall Road, Calicut
Ph: 0495 - 2722037
White Square Building, Edarikkodu Jn.,
Kottakkal. Ph: 0483- 2751713
Customer Care: 0484 2680700

ചർച്ചാവിഷയം




**ലീലാ സോളമൻ**
പത്രപ്രവർത്തക,
ഇക്കണോമിക് ആൻഡ്
പൊളിറ്റിക്കൽ വീക്കിലിയിൽ
അസി. എഡിറ്റർ ആയിരുന്നു

# എന്റെ മഴയനുഭവങ്ങൾ

മഴയ്ക്ക് മുമ്പ് കാറ്റല്ല വന്നത്, കാർമേഘവുമല്ല; മരങ്ങളിൽ തങ്ങിനിന്ന തണുത്തുറഞ്ഞ മൗനം ആകാശത്തിൽ ചാരനിറം പടർത്തി, കടലിനെയും കാടിനേയും കരിമ്പടം കൊണ്ട് മൂടി. പിന്നെ മെല്ലെ കടൽപ്പാലം കടന്നു, വഴിയോര വിളക്കിൽ ചാരി നിന്ന എന്റെ ഉള്ളിലേക്ക്, എന്റെ ഉള്ളിന്റെ ഉള്ളിലേക്ക് ഞാനറിയാതെ ഊർന്നിറങ്ങി. ആ മൗനത്തിന്റെ ആഴം അളക്കാൻ മാപിനികളില്ലാതെ ഞാൻ നിന്നു. മലേഷ്യയിലെ തിയോമാൻ ദ്വീപിൽ വച്ചാണ് കടലിനും മലകൾക്കും ഇടയിലുള്ള കരയിൽ കനത്ത മഴ വരുന്നതും നോക്കി നിന്ന എന്റെ ഉള്ളിൽ നിറഞ്ഞ ആ മഴയ്ക്ക് മുമ്പുള്ള മൂകത ഞാൻ തിരിച്ചറിഞ്ഞത്. ആ മൂകതയിൽ ഏതോ ആശങ്കകലർന്നിട്ടുണ്ടായിരുന്നു. മലകളുടെ സാമീപ്യത്തിൽ മഴ എന്തുകൊണ്ടോ എനിക്ക് ആസ്വദിക്കാനായില്ല. ഗാംങ്ടോക്കിൽ വച്ചു, പ്രത്യേകിച്ച് സായാഹ്നങ്ങളിൽ മഴ പെയ്തപ്പോൾ ഞാൻ വീണ്ടും ആ മൂകത തിരിച്ചറിഞ്ഞു. ഒരു പച്ച വയലിനു മുകളിലുള്ള തെളിഞ്ഞ ആകാശത്തിനായി ഞാൻ കൊതിച്ചു. മലകൾക്കിടയിൽ, കാടുകൾക്കിടയിൽ, മഴ ആസ്വദിക്കാനാവാതെ, മൂകമായി, രക്ഷപ്പെടാൻ പഴുതുകൾ തേടി, ഞാൻ പലപ്പോഴും അകപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ സ്വപ്നം ഒരു തുറന്ന ആകാശവും, അതിനു താഴെ തുറസ്സായ ഒരു താഴ്‌വാരവും മാത്രമാവും. മഴ എപ്പോഴും എനിക്ക് തരുന്നത് വ്യത്യസ്തമായ അനുഭൂതികളും അനുഭവങ്ങളുമാണ്. മാനസിക നിലയും ചുറ്റുപാടുകളും അനുസരിച്ചു എന്റെ മഴയനുഭവങ്ങൾ മാറിക്കൊണ്ടേ ഇരിക്കുന്നു. ഗാംഗ്ടോക്കിൽ എന്റെ ഉള്ളിൽ നിറഞ്ഞിരുന്ന മൂകത ചിറാപ്പുഞ്ചിയിൽ ഉണ്ടായിരുന്നില്ല. അവിടെ ആഹ്ലാദമാണ് പെയ്തിറങ്ങിയത്. മഴയ്ക്ക് ശേഷം ചിറാപ്പുഞ്ചി ഗസ്റ്റ് ഹൗസിന്റെ വിശാലമായ മുറ്റത്തു നിന്ന് ദൂരെ ബംഗ്ലാദേശ് അതിർത്തി ഗസ്റ്റ് ഹൗസ് ഉടമ, കാണിച്ചു തന്നപ്പോൾ ആകാശത്തിനുണ്ടായിരുന്ന തെളിച്ചം എന്റെ മനസ്സിലും ഞാൻ അറിഞ്ഞു. മുംബൈയിൽ, ദില്ലിയിൽ, മദിരാശിയിൽ, കേരളത്തിൽ, ഞാൻ കണ്ട, അനുഭവിച്ച ഓരോ മഴയും, എന്റെ ഉള്ളിലേക്ക്

എവിടെയോ എന്നെ കൂട്ടിക്കൊണ്ട് പോവാറുണ്ട്. കടലിൽ മഴ പെയ്യുന്നതു കാണാൻ പലപ്പോഴും തോന്നിയിട്ടുണ്ട്. മറീനയിൽ പെയ്യുന്ന മഴയ്ക്ക് ഒരു പ്രത്യേക സൗന്ദര്യമാണ്. ആഹ്ലാദവും വിഷാദവും ആശങ്കയും മാറിമാറി പെയ്യുന്നു. ആകാശത്തിന്റെ തെളിച്ചതിനു വേണ്ടി, ഞാൻ മഴയോട് ശാഠ്യം പിടിക്കാറുണ്ട്. മഴ പെയ്തോട്ടെ, പക്ഷെ ആകാശം അധിക നേരം ഇരുണ്ടിരിക്കാൻ പാടില്ല. അതാവും എനിക്ക് രാത്രി മഴകൾ കൂടുതൽ ആസ്വദിക്കാനാവുന്നത്.



കുട്ടിക്കാലത്തെ മഴയോർമ്മകളിൽ ഒരു തിമിർപ്പുണ്ടായിരുന്നു. സ്കൂൾ വിട്ടു വീട്ടിലോട്ടു നടക്കുമ്പോൾ വെള്ളാരം കുന്നിനു മുകളിൽ നിന്നുരുണ്ടു കൂടി ആരവത്തോടെ മഴ എത്തുന്നതിനു മുമ്പ്, വീട്ടിലെത്താൻ മത്സര ബുദ്ധിയോടെ ഞാൻ ഓടിയിരുന്നു. ചിലപ്പോൾ പരാജയപ്പെട്ടു, പച്ചപ്പാവാടയും വെള്ള ബ്ലൗസും നനഞ്ഞൊഴുകി എത്തുന്ന എന്നെ അമ്മച്ചി പിടിച്ചു നിർത്തി തല തുകർത്തി രാസ്നാദിപൊടി നെറുകയിൽ ഇട്ടു തന്നിരുന്നു. രാസ്നാദിപ്പൊടിയുടേയും, ദശമൂലാരിഷ്ടത്തിന്റേയും എല്ലാത്തിനും ഉപരിയായി അമ്മച്ചിയുടെ സ്നേഹത്തിന്റേയും മണമുള്ള മഴക്കാലങ്ങൾ ആയിരുന്നു അന്നൊക്കെ. നഗരവാസം തുടങ്ങിയതോടെ മഴദിന രാത്രികളിൽ നിറങ്ങൾ ചാലിച്ച് തുടങ്ങി. ചിലപ്പോൾ കടും നിറങ്ങൾ, ചിലപ്പോൾ നരച്ച കളറുകൾ, മറ്റു ചിലപ്പോൾ, ഒരു വാട്ടർ കളർ ബോക്സ് അപ്പാടെ വെള്ളത്തിൽ വീണ പോലെ, നിറങ്ങളുടെ കൂട്ടം. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ വിശാലമായ ക്യാമ്പസ്സിൽ മഴക്കാലത്ത് മയിലുകൾ പീലി വിടർത്തുന്നത് ഞാൻ കാത്തിരുന്നിട്ടുണ്ട്. ചൂട് ഇഞ്ചിച്ചായയുടെ രുചി അറിഞ്ഞതും, കല്ലിൽ ചുട്ട ചപ്പാത്തിയുടേയും ദാലിന്റേയും മണം പിടിച്ചതും ദില്ലിയിലാണ്. ചാണക്യപുരിയിലെ മഴ നനഞ്ഞ ഇരുണ്ട പകലിൽ, മഴക്കാറിന്റെ കളറിലുള്ള സാരിയുടുത്തു ഒറ്റക്കൊരു കുട പിടിച്ചു നടന്നപ്പോൾ മഴ തന്നത് ഒരു റൊമാന്റിക് അനുഭൂതി ആയിരുന്നു. ദില്ലിയിൽ നിന്ന് മുംബൈയിലേക്ക് ചേക്കേറിയതോടെ ജീവിതത്തിൽ യാഥാർത്ഥ്യങ്ങൾക്കു മുൻതൂക്കമായി. ആ ജീവിതമാണ് മഴക്കാല ദുരിതങ്ങൾ ഒന്നൊന്നായി കാണിച്ചു തന്നത്. അതോടെ മഴ അനിവാര്യമായ ഒരു സത്യമായി മാറി. ഇപ്പോൾ മഴ അനുഭൂതികൾക്കു ശമനം കിട്ടിയിട്ടുണ്ട്. അതിനു കാരണം മുംബൈയിലെ എന്റെ മഴയനുഭവങ്ങളാണ്.

മുംബൈ നഗരം ഒരു തുറന്ന പാഠപുസ്തകമാണ്. ഇവിടെ വരുന്ന ഓരോരുത്തരും ജീവിതത്തിൽ പല പാഠങ്ങളും അറിയാതെ പഠിച്ചു പോകും. അന്ന് വരെ പഠിച്ചത് പലതും ശരിയായിരുന്നില്ല എന്നു കൂടി നമ്മൾ മനസ്സിലാക്കും. ഇരുപതു വർഷത്തോളമുള്ള എന്റെ മുംബൈ ജീവിതം എന്റെ ചിന്തകളെയും



ഇരുന്നു. ഉച്ച തിരിഞ്ഞു ഏതാണ്ട് മൂന്നു മണിക്ക് മഴ തുടങ്ങി. ആർക്കും അതിലൊരു അസ്വാഭാവികതയും ആദ്യമൊന്നും തോന്നിയില്ല. പക്ഷെ പെട്ടെന്ന് മഴ കനത്തു. ജനലിലൂടെ നോക്കുമ്പോൾ തൊട്ടടുത്ത കെട്ടിടങ്ങൾ കൂടി കാണാതായി. തുള്ളിക്കൊരു കുടം മഴ! വി ടി സ്റ്റേഷനടുത്തുള്ള ഭഗത്സിങ് റോഡിലെ ഹിത്കാരി ഹൗസിലെ ആറാമത്തെ നിലയിലാണ് അന്ന് ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലിയുടെ ഓഫീസ്. എന്റെ താമസം ബോറിവലി വെസ്റ്റിലും. അധികം വൈകാതെ ഞങ്ങൾ അറിഞ്ഞു, മുംബൈ നഗരവും പ്രാന്തപ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിയെന്ന്. തീവണ്ടി ഗതാഗതം നിലച്ചു. സിറ്റിയിൽ തന്നെ താമസിക്കുന്നവർ ടാക്സികൾ പിടിച്ചു വീട്ടിലോട്ടു പുറപ്പെട്ടു, അവർ ഗതാഗതക്കുരുക്കിലും വെള്ളത്തിലും പെട്ട് വീടുകളിലെത്താൻ പാട് പെടുന്ന വിവരം ഫോണിലൂടെ ഞങ്ങളെ വിളിച്ചറിയിച്ചു. അപ്പോഴും മഴ തുടർന്നു കൊണ്ടേയിരുന്നതിനാൽ ഞങ്ങൾ കുറച്ചുപേർ വീട്ടിൽ പോവാനാവാതെ ഓഫീസിൽ രാത്രി കഴിച്ചു കൂട്ടാൻ തീരുമാനിച്ചു. വെള്ളം കയറിയതിനാൽ കടകൾ നേരത്തെ അടച്ചു തുടങ്ങി.

എന്നെത്തന്നേയും അപ്പാടെ മാറ്റിയെടുത്തു. കൂടുതൽ കൂടുതൽ നഗരത്തെ അറിഞ്ഞതോടെ, ഞാൻ അറിഞ്ഞ നഗരയാതനകളുടെ എണ്ണം കൂടിക്കൂടി വന്നു. ഒരു പക്ഷെ എന്നെ മുംബൈയുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്ക് വലിച്ചിഴച്ചു കൊണ്ട് പോയത് രണ്ടായിരത്തിഅഞ്ചു ജൂലൈ 26-നു പെയ്ത പേമാരിയാവും. അന്നുവരെ മുംബൈയുടെ ഒഴുക്കിൽ പെട്ട് ഞാനും ഒഴുകുകയായിരുന്നു, മഹാനഗരത്തിന്റെ മാസ്മരികതയിൽ മുങ്ങിത്താഴ്ന്ന്.

രണ്ടായിരത്തിഅഞ്ച് ജൂലൈ 26 പതിവുപോലെയുള്ള ഒരു ദിവസം മാത്രമായിരുന്നു. മറ്റൊരു മൺസൂൺ സീസൺ കൂടി തീരുന്നു എന്ന തോന്നൽ എല്ലാരുടെയും മനസ്സിൽ ഉണ്ടായിരുന്നു. എന്നത്തേയും പോലെ, ഓഫീസിൽ എത്തി ജോലിയിൽ വ്യാപൃതരായി ഞങ്ങൾ

പോകാനൊരു വാഹനവും കിട്ടാതെ വലഞ്ഞവർ കടത്തിണ്ണകളിൽ തണുത്തു മരവിച്ചു നിന്നു. എപ്പോഴോ ലൈറ്റും പോയി. അതോടെ ഓഫീസിലെ കസേരകൾ ചേർത്തിട്ടും മേശയുടെ മുകളിലും ഓരോത്തർ ചാഞ്ഞു തുടങ്ങി. വിശപ്പുണ്ടായിട്ടും ഒന്നും കിട്ടില്ല എന്ന വിചാരത്തോടെ രാത്രിയിൽ തങ്ങിയ ഞങ്ങൾക്ക് ഓഫീസിന്റെ തൊട്ടു താഴെയുള്ള കാനറാ ലഞ്ച് ഹോമിൽ നിന്ന് ഹോട്ടലുടമസ്ഥൻ കട അടച്ചിട്ടു അകത്തിരുന്നു ചൂട് ദാലും ചോറും ഉണ്ടാക്കി കൊടുത്തയച്ചു. വർഷങ്ങളായി ഓഫീസിലെ ജീവനക്കാർ ലഞ്ച് കഴിക്കുന്ന ഹോട്ടൽ ആയതിനാലാവും അയാൾ ഞങ്ങളെ ഓർത്തത്. എന്തായാലും അത്രയും രുചികരമായ ഒരു ഭക്ഷണം ഓർമയിൽ പോലുമില്ല. അതും കഴിച്ചിട്ട് എഡിറ്ററിന്റെ ക്യാബിനിലെ കസേരകൾ ചേർത്തിട്ടു ഞാൻ ഉറങ്ങി.

ഉണർന്നപ്പോൾ മഴ തോർന്നിരുന്നു, പക്ഷെ ഒരു ശ്മാശാന മൂകതയിൽ നഗരം ജീവനില്ലാതെ നനഞ്ഞു കുതിർന്നു കിടക്കുന്നതാണ് കാണാനായത്. വി ടി സ്റ്റേഷനിൽ പ്ലാറ്റുഫോമുകളിൽ ആളുകൾ വെറും നിലത്തുറങ്ങുന്നുണ്ടായിരുന്നു, ഓഫീസിൽ നിന്നിറങ്ങിയിട്ടു വീട്ടിൽ എത്തപ്പെടാനാവാതെ പലരും തിരിച്ചു സ്റ്റേഷനിൽ തന്നെ വന്നു. ഒരു ചൂട് ചായ പോലും അതിമോഹമായിതോന്നിയ പ്രഭാതം. വാഹനങ്ങൾ ഓടിത്തുടങ്ങിയപ്പോഴേക്കും ഏതാണ്ട് ഉച്ചയായി. ഒരു ടാക്സി കിട്ടിയപ്പോൾ ബോംബെ സെൻട്രലിലെ റെയിൽവേ കോളണിയിൽ തങ്ങിയിരുന്ന ഒരു സുഹൃത്തിന്റെ വീട്ടിൽ പോയി തീവണ്ടി ഓടിത്തുടങ്ങുന്നതും കാത്തിരുന്നു. നാലുമണി വരെ ട്രെയിൻ ഒന്നും കണ്ടില്ല. ഏതോ ഒരു ടെമ്പോക്കാരൻ ബാന്ദ്രയിൽ വിട്ടു. അവിടെ നിന്ന് റോഡിലൂടെ ബോറിവലി ലക്ഷ്യമാക്കി നടന്നു. റോഡരുകിൽ സ്ഥലവാസികൾ ചൂട് ചായയും, പക്കവാടയും, സമോസയും ആയി കാത്തിരുന്നു. അന്നാണ് നഗരവാസികളോട് സ്നേഹം തോന്നിയത്. അവരവരുടെ ജീവിത പ്രശ്നങ്ങളുമായി മാത്രം ഓടിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ മാത്രമേ അന്ന് വരെ കണ്ടിട്ടുള്ളു. പക്ഷെ ഒരു ക്രൈസിസ് വന്നപ്പോൾ, അപരിചിതർ പരിചിതരായി, സഹായ ഹസ്തങ്ങൾ വന്നു, ഒരു കൂട്ടായ്മ കണ്ടു, ജാതിമത ചിന്തകളില്ലാതെ. അതൊരു നല്ല പാഠമായിരുന്നു. എന്റൊപ്പവും ആരൊക്കെയോ ഉണ്ടായിരുന്നു, ആരുടേയും മുഖം ഇപ്പോൾ ഓർമയില്ല, പക്ഷെ അന്ന് ഗോരെഗാവ് സ്റ്റേഷനിൽ നിന്ന് രാത്രി പതിനൊന്നു മണിയോടെ ബോറിവലിക്കുള്ള ട്രെയിൻ പിടിച്ച എന്റൊപ്പം ഒരുകൂട്ടം സ്ത്രീകളുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചു പാർലെ ബിസ്ക്കറ്റുകൾ പങ്കു വച്ചു, കഥകൾ കൈമാറി. ഒരേ രാത്രിയുടെ, ഒരേ യാതനയുടെ പങ്കാളികൾ!

അന്ന് മുതലാണ് മുംബൈ എന്ന വ്യാവസായിക തലസ്ഥാനത്തിന്റെ, രാജ്യത്തിന്റെ തന്നെ പ്രധാനപ്പെട്ട സാമ്പത്തിക സിരാകേന്ദ്രത്തിന്റെ പോരായ്മകളിലേക്കു എന്റെ ശ്രദ്ധ തിരിയുന്നത്. മാഹിമിനും കിംഗ് സർക്കിളിനുമിടക്ക്, വഡാലയിൽ, സയണിൽ റെയിൽവേ പാളങ്ങൾക്ക് തൊട്ടടുത്ത് ഫ്ളക്സുകളും ടാർപാളിനും വലിച്ചു കെട്ടി കൂരകെട്ടി താമസിക്കുന്ന നിരവധി കുടുംബങ്ങളെ കാണാറുണ്ട്. റെയിൽവേ പാളത്തിനു തൊട്ടടുത്ത് കൂട്ടിയിട്ട ചപ്പുചവറുകൾക്കിടയിൽ കളിക്കുന്ന കുഞ്ഞുങ്ങൾ; പ്രാഥമിക കൃത്യങ്ങൾക്കായി ട്രാക്കുകൾ അല്ലാതെ മറ്റിടങ്ങൾ ഇല്ലാത്തവർ. മഴക്കാലം ആവുമ്പോൾ ദുരിതങ്ങൾ ഏറും. മിക്കവാറും മഴയ്ക്ക് മുമ്പ് കോർപ്പറേഷന്റെ വക ഒരു പൊളിച്ചുമാറ്റൽ ശ്രമം ഉണ്ടാവും, അതോടെ കുഞ്ഞുങ്ങളും സ്ത്രീകളും വൃദ്ധജനങ്ങളും കൂരയല്ലാക്കൂരകൾ വിട്ടു റെയിൽവേ പ്ലാറ്റുഫോമിലും ഫ്ളൈഓവറിന്റെ കീഴിലും പ്ലാസ്റ്റിക് ഷീറ്റുകളോ ചാക്കുകളോ പൊതിഞ്ഞു കുന്തിച്ചിരിക്കും. അവരുടെ കണ്ണുകളിൽ ഒരു നിസ്സംഗത നിഴലിച്ചിട്ടുണ്ടാവും. പാത്രങ്ങളൊക്കെ ഭാണ്ഡക്കെട്ടുകളിലാക്കി റോഡ് സൈഡിലും ബസ്സ്സ്റ്റാൻഡിലും തൂക്കിയിട്ടുണ്ടാവും. നിരന്തരം ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോലീസുകാരുടെ കണ്ണ് വെട്ടിച്ചു വെട്ടിച്ചു അവർ നഗരത്തിൽ തന്നെ തങ്ങും. അന്തിയുറങ്ങുന്നത് പോലും പോലീസിന്റെ ബൂട്സിന്റെ ശബ്ദം പേടിച്ചിട്ടാവും. ബസ്സ്റ്റാന്റുകളിൽ പഴയ സാരി കൊണ്ട് തൊട്ടിൽ കെട്ടി കുഞ്ഞുങ്ങളെ ഉറക്കുന്നു.





മഴ വന്നാലും, വെയിൽ വന്നാലും റോഡരുകിലെ ജീവിതമാണ് അവർക്കു നഗരം നൽകുന്നത്. റോഡ് സൈഡിൽ പാതി വസ്ത്രം കൊണ്ട് ശരീരം മറച്ചു സ്ത്രീകൾ കുളിക്കുന്ന കാഴ്ച കാണുമ്പോൾ അറിയാതെ തല കുനിഞ്ഞു പോകും. അവർ ജനിച്ചു വളർന്ന ഗ്രാമങ്ങളിൽ അവർക്കു ഒരു തുണ്ടു ഭൂമിയുണ്ടാവില്ല, അല്ലെങ്കിൽ രാജ്യത്തിന്റെ 'അത്യന്താപേക്ഷിതമായ പുരോഗമന പഥത്തിൽ' നിന്ന് പുറംതള്ളപ്പെട്ട ജനതയാവും അവർ. ജീവിക്കാൻ എന്തേലും ഒരു മാർഗ്ഗം തേടി നഗരങ്ങളിൽ എത്തുന്നവർ.

പക്ഷെ എത്ര നാൾ എത്ര ആളുകളെ ഒരു നഗരത്തിനുൾക്കൊള്ളാൻ ആവും? അതും പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രം ഉള്ളപ്പോൾ ഏതു വികസന പ്രക്രിയയിലും സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവർ ആവും ആദ്യം പുറന്തള്ളപ്പെടുക. മുംബൈ നഗരം വികസനത്തിന്റെ പ്രതീകമായി എല്ലാവരും വാഴ്ത്തുമ്പോൾ വിസ്മരിക്കുന്നതു അവഗണിക്കപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ ആണ്. വേണ്ടത്ര മലിനജല നിർമ്മാർജ്ജന വ്യവസ്ഥയില്ല, കടലിലേക്ക് നേരിട്ട് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ, അതെ വഴിയിലൂടെ, വേലിയേറ്റ സമയത്തു കടൽവെള്ളം കരയിലെത്തുന്നു. ആ സമയങ്ങളിൽ ശക്തമായ മഴ കൂടിയായാൽ റോഡുകളിൽ വെള്ളം കെട്ടുന്നു, ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്നു. അത്തരം സന്ദർഭങ്ങളിൽ റോഡിലൂടെയുള്ള ഗതാഗതം പോലും വിഷമമുണ്ടാക്കുന്നവയാണ്. ഗട്ടറുകൾ എവിടെ, മാൻഹോൾ എവിടെ എന്ന് തിരിച്ചറിയാൻ പാടില്ലാത്ത അവസ്ഥ. പൈപ്പുകൾ പൊട്ടി കുടിവെള്ളവും മലിനജലവും ഒരുമിച്ചു എന്ന് വരാം. അനധികൃതമായി എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തി പണിതുയർത്തുന്ന കെട്ടിടങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങൾ. മെട്രോക്കും ബുള്ളറ്റ് ട്രെയിനിനും, ശിവാജിയുടെ പ്രതിമക്കും നീക്കിവയ്ക്കുന്ന തുകയുടെ ഒരു അംശം മതി മുംബൈ നഗരത്തിലെ ഡ്രൈനേജ് സിസ്റ്റം ശരിയാക്കാൻ. പക്ഷെ അതിനുള്ള സന്മനസ്സു അധികാരികൾക്ക് വേണം. അപകടങ്ങൾ ഉണ്ടായാലേ അവർക്ക് പരിഗണന കൊടുക്കു എന്നുള്ളതിന്റെ ദൃഷ്ടാന്തമായിരുന്നു രണ്ടായിരത്തി പതിനേഴിലെ റെയിൽവേ ഫുട് ഓവർ ബ്രിഡ്ജിലുണ്ടായ അപകട മരണങ്ങൾ. ആൾ അപായം ഉണ്ടായില്ലെങ്കിലും ഇക്കുറിയും, മറ്റൊരു ഓവർ ബ്രിഡ്ജ് അന്ധേരിയിൽ മഴ വലുതായി തുടങ്ങുന്നതിനു മുമ്പ് തന്നെ തകർന്നു വീണിരുന്നു.

മുംബൈയിലെ മഴ ആസ്വാദ്യജനകമല്ല. ദുരിതമാണ്. ഭീഷണിയാണ്. പ്രത്യേകിച്ചും റോഡ് യാത്രകളും, ട്രെയിൻ യാത്രകളും ആശ്രയിച്ചു ജോലി ചെയ്യുന്നവർക്കും, ചേരികളിലും, പഴഞ്ചൻ കെട്ടിടങ്ങളിലും പാതയോരങ്ങളിലും ജീവിക്കുന്നവർക്കും. മഴക്കാലത്തെ വീക്കെൻഡ് ടൂറിസത്തിനു പ്രാധാന്യമേറി വരികയാണ്. സമീപസ്ഥലങ്ങളിലെ വെള്ളച്ചാട്ടങ്ങളും, ട്രെക്കിങ്ങും എല്ലാം ഹരമായി മഴക്കാലം ആസ്വദിക്കുന്നവർ ഏറെയുണ്ട്. മഴകൾ ദുരിതമഴകൾ ആവാതിരിക്കട്ടെ. അപ്പോഴാണ് മഴയിലൂടെ നമ്മുടെ മനസ്സിലേക്ക് സംഗീതം കടന്നു വരുന്നത്.

(ഇമെയിൽ: leela.solomon@ gmail.com)

ചർച്ചാവിഷയം



**മായാ പ്രമോദ്**
പ്രക്ഷോഭക
ഇരിഞ്ഞാലക്കുട
ക്രൈസ്റ്റ് കോളേജിൽ
ഗവേഷക

# കാൽപ്പനികമല്ലാത്ത മഴകൾ

ഓരോ വെള്ളപ്പൊക്കകാലവും... അറുതിയുടെയും വറുതിയുടെയും കാലമാ... എന്റെ ആറാം ക്ലാസ്സ് തൊട്ട് എംഫിൽ ക്ലാസ്സ് വരെയും ഇടതടവില്ലാതെ ഒരോ മഴക്കാലവും വീടിനുള്ളിലെ തട്ടുമേൽ കയറ്റി ഇരുത്തിയിട്ടുണ്ട്. നെഞ്ചൊപ്പം വെള്ളത്തിൽ നീന്തി യുണിഫോം റോഡരികിലെ വീട്ടിൽ നിന്നു ഇട്ടു കൊണ്ട് സ്ക്കൂളിലേക്ക് ഓടുമായിരുന്നു. വൈകിട്ട് വന്നാൽ വീണ്ടും തട്ടുമേൽ, അവിടെ ഇരുന്നു കൊണ്ട്, കാരിയേയും ചെമ്പല്ലിയേയും ഒക്കെ പിടിച്ച് അമ്മ വരുമ്പോഴേക്കും മീൻ കൂട്ടാൻ പരുവത്തിലാക്കാൻ എടുത്തു വെക്കാറുണ്ടാ യിരുന്നു... താമസിച്ച ഒരു വീടൊഴികെ എല്ലാ വീടുകളും വെള്ളപ്പാടിനകത്ത് തന്നെയായിരുന്നു. പെരുന്നയിൽ ആയിരിക്കുമ്പോൾ, മാറ്റി പാർപ്പിക്കൽ ക്യാമ്പായ മങ്കി സ്കൂളിൽ അവസാനം എത്തുന്നത് ഞാനും അമ്മയും അക്കമാരും ആയിരിക്കും... കാരണം അതു വരെയും ഞങ്ങൾ ആ വെള്ളത്തോട് മല്ലിടുമായിരുന്നു. മുട്ടൊപ്പം വെള്ളമായിരിക്കു മ്പോൾ, വാഴപ്പിണ്ടി ചങ്ങാടം കെട്ടിയും വലിച്ചും അങ്ങാട്ടും ഇങ്ങോട്ടും യാത്ര... എത്രയോ വർഷങ്ങൾ... അമ്മ അതിനു മേലേ തട്ടു കയറ്റും. എന്നിട്ട് അമ്മ ചോറും. പിടിച്ച മീനുകളും കറി വെച്ച് വരും. ഒന്നും നല്ല വെള്ളമായിരു ന്നില്ല... കുടിവെള്ളത്തിന് ആശ്രയം മഴവെള്ളം തന്നെയായിരുന്നു. വാഴപ്പള്ളി സ്ക്കൂളിന്റ താഴത്തെ ആ വീടും മഴവെള്ളത്തിൽ നെഞ്ചൊളം മുങ്ങുമായിരുന്നു. വീടിന്റെ ഉള്ളിൽ നിന്ന് നേരേ ഒരു തടിപ്പാലം റോഡിലേക്ക്, വന്നാൽ തട്ടിൻ മുകൾ, ആ വീട്ടിലാരുന്നു എം.എ, എംഫിൽ പഠന കാലം ജീവിതത്തെ, ബന്ധങ്ങളെ തന്നെ പറിച്ചറിഞ്ഞ വേദനയും അപമാനവും കൂടെ തകർത്ത ഞാൻ ജീവിച്ചത്.... പിടിച്ചു നിൽക്കാൻ ഒന്നും മുന്നിൽ ഇല്ല. തിരസ്കൃതർ ആവുന്നതാണ് മരണത്തേക്കാൾ ഭയാനകം എന്ന് ചിന്തിച്ച നാളുകൾ. എല്ലാം പറഞ്ഞ് പൊട്ടിക്കരയാൻ, നെഞ്ചോരം ചേരാൻ, കൈയ്പിടിക്കാൻ ഒന്നുമില്ലാതെ ഇരുന്ന നാൾ, ആ കണ്ണീരൊക്കെ ഒഴുകി പോയത് മഴക്കാലങ്ങളിൽ തന്നെയാണ്. മഴവെള്ളമാണോ കണ്ണീരാണോ എന്ന് തിരിച്ചറിയാൻ രുചിച്ചു നോക്കാൻ... ആരും വരുല്ലാല്ലോ....

■



**ആര്യാ രാജ്**
ബി.എഡ്. വിദ്യാർത്ഥി
ഈരാറ്റുപേട്ട സി ടി ഇ



# മലയോരത്തെ മഴകൾ

മഴക്കെടുതികളുടെ മറ്റൊരു കാലമാണ്... കോട്ടയം ജില്ലയിലെ മലയോരമേഖലകൾ ഇത്തവണത്തെ പെരുമഴയിൽ തീർത്തും ഒറ്റപ്പെട്ടു.

അടുത്ത ടൗണുകളായ ഈരാറ്റുപേട്ടയും പാലായും വെള്ളത്തിൽ മുങ്ങിയതോടെ ബസ് സർവ്വീസുകൾ കൂടി നിലച്ചു. മഴക്കാലദുരിതങ്ങൾ ഈ പ്രദേശങ്ങൾക്ക് പുതുമയല്ല. മഴ ദിവസങ്ങളിൽ വൈദ്യുതി പ്രതീക്ഷിക്കുകയേ വേണ്ട എന്ന അവസ്ഥയ്ക്ക് കാലം മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും ഓരോ മഴയിലും ഒപ്പമുള്ള കാറ്റിലും മരങ്ങളോ പോസ്റ്റുകളോ വീണുപോയിട്ടുണ്ടാകും.. അതല്ലെങ്കിൽ മരച്ചില്ലകൾ തട്ടി വൈദ്യുതി വിഛേദിക്കപ്പെട്ടിരിക്കും... സാധാരണജീവിതം എല്ലാത്തരത്തിലും ദുരിതമായിത്തീരും.

മഴക്കാലത്തെ സ്കൂൾ ദിനങ്ങൾ കൂടുതൽ ദുരിതങ്ങളോടെയാണ് പുലരുക.. സ്കൂളുകളിലേയ്ക്കുള്ള യാത്രയിൽ കെ.എസ്.ആർ.ടിസി ബസ്സുകളാണാശ്രയം. നിറയെ ചോരുന്ന പഴയ ബസ്സുകളാവും. സ്കൂളിലെത്തുമ്പൊ ആകെ നനഞ്ഞിരിക്കും.. നനഞ്ഞ അടിക്കുപ്പായത്തിലുരഞ്ഞ് കാലിടകൾ പൊട്ടും..

പിന്നെയും മഴ വാശിപോലെ പെയ്യും...

അടിക്കടി മുള്ളാൻമുട്ടലും

ഇൻറർവെല്ലില്ലാഞ്ഞിട്ടും പീരിഡുകൾക്കിടയിൽ മൂത്രപ്പുരയിലേയ്ക്കുള്ള ഓട്ടങ്ങളുമെല്ലാം കൂടി ആകെ വലച്ചുകളയും. തിരികെ വരുന്ന വഴി കയറ്റമാണ്. അത് കൂടുതൽ കഠിനമായിരിയ്ക്കും... മലയോരമേഖലകളിലും ഓർഡിനറി സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന പഴകിയ കെ.എസ് ആർ.ടി.സി ബസ്സുകൾ ഭാരം താങ്ങി വലഞ്ഞ് വഴിയിൽ കിടക്കുന്ന പതിവിനും തെല്ലൊരയവ് വന്നിട്ടുണ്ട് .. വഴികൾ കൂടുതൽ മികച്ചതാകുന്നുണ്ട്.. വികസനം ഉൾപ്രദേശങ്ങളിൽ കൂടിയും എത്തിനോക്കുന്നുണ്ട്.

എങ്കിലും മഴയെന്നും മലയോരവാസികൾക്ക് ഭയത്തിന്റേയും ഒറ്റപ്പെടലിന്റേയും കാലങ്ങളാണ്.. ഫലഭൂയിഷ്ഠവും ദുർബ്ബലവുമായ മണ്ണ്, പെയ്ത്തുവെള്ളം ഒരിറ്റുക്കൂടി കൊള്ളാനാവാത്ത വിധം കുടിച്ച് വീർക്കും.. ലഭ്യമായ എല്ലാ സുഷിരങ്ങളിലൂടെയും ഉറവകളായി പുറം തള്ളിയാലും തീരാത്ത സമ്മർദ്ദമാകും നിലയ്ക്കാത്ത പെയ്ത്ത് ഭൂമിക്ക് സമ്മാനിച്ചിട്ടുണ്ടാകുക. അതിന്റെ സ്വാഭാവികമായ പരിണിതി പിന്നെ മണ്ണിടിച്ചിലാണ്.. ചെങ്കുത്തായ കുന്നുകളെ തൊട്ടികളായി (തട്ടുകളായി) കയ്യാല കെട്ടി തിരിച്ച് കൃഷിയിറക്കുകയും വീടുവയ്ക്കുകയും ചെയ്ത മലയോരവാസിയുടെ നെഞ്ചിൽ തീമഴയാണ് ഈ മണ്ണിടിച്ചിലുകൾ.. ചെറിയ തോതിലുള്ള മണ്ണിടിച്ചിലുകൾ ഓരോ മഴക്കാലത്തും സർവ്വസാധാരണമാണെങ്കിൽ മഴയുടെ ചൊടിക്കൊപ്പം മണ്ണിടിച്ചിലും ശക്തിപ്രാപിക്കും... പലവീടുകളുടെയും കെട്ടുകൾ ഇടിഞ്ഞുവീഴും.. വീടുകൾ കൂടി ഇടിഞ്ഞുവീഴൽ ഭീഷണിയിലാകും.. ഉരുൾപൊട്ടലാണ് മറ്റൊരു ഭീഷണി.. മഴകനത്താൽ പിന്നെ പ്രകൃതിയുടെ ഓരോ ചലനങ്ങളും ഭയത്തോടെയേ വീക്ഷിക്കാനാകൂ..

ഉള്ളിടിഞ്ഞ് അകം പൊള്ളയായ മൺപാളികൾ മലയോരമേഖലയ്ക്ക് ഒരു മഴക്കാലത്തിന്റെ എല്ലാ നിസ്സഹായതയും അരക്ഷിതാവസ്ഥയും ഉള്ളിൽ പേറുന്ന കാഴ്ചയാണ്.. ■





**ബിജി ബാലകൃഷ്ണൻ**
ഗുരുവായൂർ ശ്രീകൃഷ്ണ
കോളേജ് മലയാളം അദ്ധ്യാപിക

# കാളിനാടകത്തിന്റെ രംഗപാഠങ്ങൾ

സമൂഹമനസ്സിൽ നിലനിൽക്കുന്ന കാളി എന്ന മിത്തിനെ അനുഷ്ഠാനത്തിന്റേയും നാടോടി വാങ്മയത്തിന്റെയും സാന്നിദ്ധ്യത്തിൽ രംഗത്താവിഷ്കരിക്കാനാണ് സജിതമഠത്തിൽ കാളിനാടകത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. ദേശഭേദമെന്യേ ഓരോരുത്തരുടേയും മനസ്സിൽ നിലകൊള്ളുന്ന കാളീസങ്കൽപത്തെ സമകാലീനസംഭവങ്ങളുമായി കൂട്ടിയിണക്കിക്കൊണ്ടാണ് നാടകത്തിന്റെ രൂപശിൽപം ആസൂത്രണം ചെയ്തിരിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സമകാലീനപ്രശ്നങ്ങളോട് സംവദിക്കുന്ന ഒരു കാളിയെ മിത്തിന്റേയും അനുഷ്ഠാനത്തിന്റേയും നാടോടി പാരമ്പര്യത്തിന്റേയും ഇടയിൽനിന്ന് കൊണ്ട് പുനർജ്ജനിപ്പിക്കാനാണ് സജിത ശ്രമിച്ചിരിക്കുന്നത്.

**കഥാതന്തു**

വലിയന്നൂർകാവിന്റെ മുറ്റത്ത് അമ്പത്തൊന്നു വർഷം മുമ്പ് അരങ്ങേറിയ കാളിനാടകവും തുടർന്നുള്ള കൊലപാതകവുമാണ് ഈ നാടകത്തിന്റെ കഥാതന്തു. അന്ന് അരങ്ങേറിയ അതേ കാളി നാടകം പ്രശ്നവിധിപ്രകാരം ഇപ്പോൾ രംഗത്ത് ആവിഷ്കരിക്കണമെന്ന് കാളിഭക്തർ പറയുന്നു. എന്നാൽ ഈ നാടകം രംഗത്തുവരുമ്പോൾ ചില പ്രശ്നങ്ങൾ ഉണ്ടാകും എന്ന് ഭക്തർക്ക് അറിയാം. അന്ന് നാടകം അരങ്ങേറിയപ്പോൾ കാളി ഒരു കൊലപാതകം നടത്തിയിരുന്നു. അന്നത്തെപ്പോലെ കാളി കലികയറിയാൽ ആരെ വേണമെങ്കിലും വധിക്കും. എന്നിരുന്നാലും ജനങ്ങൾ, കാളിനാടകം അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

വരാനിരിക്കുന്ന ആപത്ത് കണക്കിലെടുക്കാതെ നിരന്തരമുള്ള ജനങ്ങളുടെ അഭ്യർത്ഥന മാനിച്ച് കാളിനാടകം വലിയന്നൂർ കാവിൽ അരങ്ങേറുന്നു. വലിയന്നൂർ കാവിലെ കാളിക്ക് വലിയ പ്രത്യേകതകളുണ്ട്. വലിയന്നൂർ കാവിലെ കാളി എന്ന ദൈവീക കഥാപാത്രം സമകാലികപ്രശ്നങ്ങളോട് സംവദിക്കുന്നതാണ്. കലി കയറിയ കാളിക്ക് ആരെ വേണമെങ്കിലും കൊല്ലാം. ഈ അവസരം കാളി മുതലെടുക്കുന്നു. പുറത്ത് കലി കയറിയ കാളിയുടെ അകം മുഴുവനും ചുട്ട പ്രതികാരമാണ്. തന്റെ കുലത്തിന് നേരെ പരിഹസിക്കുന്നവരോട്, പെണ്ണിന് തന്റെ കുലത്തിനു നേരെ കാമാഗ്നി കാണിക്കുന്നവരോട് അവൾ ഈ അവസരത്തിൽ പ്രതികാരം ചെയ്യാൻ തയ്യാറാവുന്നു. അങ്ങനെ കാളി നാടകത്തിലൂടെ മറ്റൊരു നാടകം കൂടി അവതരിപ്പിക്കുന്നു അഥവാ Meta theatre എന്ന സങ്കേതമാണ് സജിത ഈ നാടകത്തിലൂടെ അവതരിപ്പിക്കുന്നത്.



**രംഗഭാഷ**

സവിശേഷമായ രംഗഭാഷയാണ് കാളി നാടകത്തിൽ നിറഞ്ഞിരിക്കുന്നത്. അത് തന്നെയാണ് ഈ നാടകത്തിന്റെ ജീവൻ. വേഷം കൊണ്ടും രംഗസജ്ജീകരണം കൊണ്ടും വേറിട്ടുനിൽക്കുന്ന രംഗഭാഷയിലൂടെ കാളി എന്ന കഥാപാത്രം ചുറ്റുപാടുമുള്ള അനീതിക്കെതിരെ പോരാടുന്നു. തന്റെ ദൗത്യം നിർവ്വഹിക്കുന്നു. അവൾക്ക് സമൂഹത്തോട് ചിലത് പറയാനുണ്ട്. പ്രവർത്തിക്കാനുണ്ട്. ഇതിലെ പ്രധാന കഥാപാത്രമായ കാളിയുടെ സംഭാഷണത്തിന് ഏറെ വ്യത്യസ്തതകളുണ്ട്. രണ്ട് തരത്തിലുള്ള രംഗഭാഷ അഥവാ രണ്ട് തരത്തിലുള്ള സംസ്കാരം ഉണ്ട്. കാളി ഈ നാടകത്തിലൂടെ ദ്യോതിപ്പിക്കുന്നത് 1. ദൈവീക കഥാപാത്രത്തിന് അനുയോജ്യമായ ഭാഷ പ്രദർശിപ്പിക്കുന്ന കാളി എന്ന കഥാപാത്രം. മറ്റൊന്ന് സമകാലിക പ്രശ്നങ്ങളോട് സംവദിക്കുന്ന കാളി എന്ന സ്ത്രീ കഥാപാത്രം. ഈ രണ്ട് കഥാപാത്രങ്ങളുടെ ഭാഷ തീർത്തും വ്യത്യസ്തമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ കാളി എന്ന കഥാപാത്രം അനുഷ്ഠാനത്തിന്റെ ഭാഗമായി രംഗത്ത് വരുമ്പോൾ ഒരു ഭാഷയും വർത്തമാനകാലങ്ങളോട് സംവദിക്കുമ്പോൾ തികച്ചും മറ്റൊരു ഭാഷയും പ്രകടിപ്പിക്കുന്നു. നാടകത്തിലെ ഏതാനും ചില ഉദാഹരണങ്ങളിലൂടെ ഈ കാര്യം മനസ്സിലാക്കാം. ഉദാ: "എന്റെ പേര് ഭദ്രകാളിയാണെങ്കിൽ ദാരിക, ധൈര്യമായി... വരൂ, നിന്റെ പടയാളികളെപ്പോലെ നിന്നെ കാലന്നൂരിലേക്ക് അയക്കും." ഈ സംസാരം വർത്തമാനകാലത്തിലെ കാളിക്കാണുള്ളത്. എന്നാൽ കാലന്നൂര് എന്നല്ല കാലപുരി എന്നാണ് അനുഷ്ഠാനത്തിന്റെ ഭാഗമായുള്ള കാളിനാടകത്തിന്റെ രംഗപാഠത്തിൽ പ്രയോഗിച്ചിരിക്കുന്നത്. നാടകത്തിൽ സവിശേഷമായ രംഗഭാഷ ലഭിക്കാൻ കാലപുരി എന്നതിനു പകരം കാലന്നൂർ എന്ന് പ്രയോഗിക്കുന്നു. ദാരികനും കാളിയും തമ്മിലുള്ള മറ്റൊരു സംഭാഷണം നോക്കുക. "ദാരികാ.... നിന്നെ ഞാൻ ചന്ദമായൊരു പാഠം പഠിപ്പിക്കും." ചന്ദമായ പാഠം യഥാർത്ഥ ടെക്സ്റ്റിൽ ഇല്ല. എന്നാൽ സവിശേഷമായ അർത്ഥഭംഗിക്കു വേണ്ടി ഇവിടെ ചന്ദമായ പാഠം എന്നു പ്രയോഗിക്കുന്നു. അത് തികച്ചും ധ്വന്യാത്മകത നിറഞ്ഞതാണ്. അതിന് സവിശേഷമായ താളമുണ്ട്. എന്നാൽ ചില സമയങ്ങളിൽ യഥാർത്ഥ പാഠം തന്നെ പ്രയോഗിക്കുന്ന സന്ദർഭങ്ങളും ഉണ്ട്. ഉദാ: "ദാരികാ... നിനക്ക് പരാക്രമമോ മായയോ ഇന്ദ്രജാലമോ ഏതെങ്കിലും ഒന്നു ഉണ്ടെങ്കിൽ നീ എന്നോട് പോരിനു വരൂ" എന്ന പ്രയോഗം യഥാർത്ഥ പാഠത്തെ അടിസ്ഥാനമാക്കി ഉള്ളതാണെന്ന് കണ്ടെത്താനാവും. അങ്ങനെ കാളീ നാടകത്തിന്റെ സവിശേഷമായ ഘടനതന്നെയാണ്. വളരെ ചലനാത്മകവും അതേസമയം സുഭദ്രവുമാണ് ഈ നാടകത്തിന്റെ ഘടന. ഇതിലെ കഥാപാത്രങ്ങൾ ഒരേ സമയം തന്നെ രണ്ട് കാലഘട്ടങ്ങളിലുള്ള രണ്ട് പാഠങ്ങളെ രംഗത്ത് അവതരിപ്പിക്കുന്നു. അതിന് കാരണമായിത്തീരുന്നത് ഈ നാടകത്തിന്റെ സവിശേഷമായ മറ്റൊരു പ്രത്യേകതയായി വിലയിരുത്തുന്നതാവും അത്. കാളി എന്ന കഥപാത്രത്തിന് വിരുദ്ധസ്വഭാവങ്ങൾ പ്രകടിപ്പിക്കുവാൻ സാധിക്കുന്നുണ്ട് എന്നുള്ളത് ഈ നാടകത്തിന്റെ വിജയമാണ്. ഉദാഹരണമായി "ചെറുമീ കുലത്തിൽ പിറന്ന പറച്ചി" എന്ന് ദാരികൻ കാളിയെ പോരിന് വിളിക്കുന്ന

നേരത്ത് പറയുന്നു. ഇത് കേൾക്കുമ്പോൾ മുടിയേറ്റ് എന്ന കാളിനാടകത്തിലെ കാളി തളരുന്നില്ല. എന്നാൽ സജിതയുടെ നാടകത്തിലെ കാളി തളരുന്നു. ആ സമയത്ത് കൂളി അഥവാ കാളി നാടകത്തിലെ നീലി ഇങ്ങനെ പറയുന്നു.

"തളർന്നിരിക്കാതെ അമ്മേ... ഈ കോപ ത്തോടെ ദാരികനെ കൊന്നില്ലെങ്കിൽ പിന്നെ

നേർക്ക് പ്രതികാരാഗ്നിയായി പടരേണ്ടത് ആവശ്യ മാണ്. ചെറുമികുലത്തിൽപ്പെട്ട കൂളിക്കും ദാരിക നോട് പ്രതികാരമുണ്ട്. പക്ഷെ ആ കൃത്യം ചെയ്യാൻ അവളെ കൊണ്ടാവുന്നില്ല. കൂളി അത് കാളിയെക്കൊണ്ട് ചെയ്യിക്കാൻ താൽപര്യപ്പെടുന്നു. മുടിയേറ്റിൽനിന്നും വ്യത്യസ്തമായി കാളിയുടെ കാളിനാടകത്തിന്റെ മറ്റൊരു പ്രത്യേകതയായി



എപ്പോൾ കൊല്ലും." ഇവിടെ കാളിനാടകത്തിന്റെ അവതരണ ഉദ്ദേശ്യം തന്നെ തന്റെ കുലത്തിന് ഭീഷണിയായി വർത്തിക്കുന്നത് എന്ന ക്രിയ തന്നെയാണ്. കാളി തന്നിലെ സ്ത്രീയ്ക്ക് വേണ്ടി വർത്തമാനകാലത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നു. അവളെ ചൂഷണം ചെയ്യുന്നവരുടെ

വിലയിരുത്താവുന്നാണിത്. അവനെ വക വരുത്തിയാൽ കാളിയുടെ കലി അടങ്ങും. മുടി യേറ്റിലെ കാളിയുടെ മുന്നിൽ ഒറ്റ ദാരികനേ ഉള്ളൂ. എന്നാൽ കാളി നാടകത്തിലെ കാളിക്ക് ഒരുപാട് ദാരികന്മാരെ വധിക്കേണ്ടതുകൊണ്ട്, കാളി ഒരിക്കലും തളരരുത് എന്ന് നിരന്തരം ഓർമ്മിപ്പി

ക്കാൻ കൂളി തയ്യാറാകുന്നു. ദാരികനെ വധിക്കാൻ മുടിയേറ്റിലെ കാളിക്ക് ഒരിക്കലും ഭയമില്ലായിരുന്നു. എന്നാൽ കാളിനാടകത്തിലെ കാളിക്ക് ദാരികനെ വധിച്ചാൽ തന്നെ പോലീസുകാർ പിടിക്കപ്പെടുമോ എന്ന ഭയം ഉണ്ട്. ദാരികനെ വധിച്ച കാളിയെ പോലീസുകാർ ചോദ്യം ചെയ്തപ്പോഴും പിടിക്ക പ്പെട്ടപ്പോഴും ആ ഭയം കാളി ഉള്ളിൽ സൂക്ഷിച്ചിരു



ന്നതായി അവതരിപ്പിക്കുന്നു. ദാരികനെ വധിച്ച ശേഷമുള്ള കാളിയോട് ആ സ്ഥലത്തെ പ്രമാണി യായിരുന്ന രാമക്കുറുപ്പിനെ വധിച്ചുവോ എന്ന് പോലീസ് മാറി മാറി ചോദിക്കുന്നുണ്ടെങ്കിലും അവൾ ഒരിക്കലും പിടികൊടുക്കുന്നില്ലെന്ന് മാത്ര മല്ല. പോലീസിന്റെ ചോദ്യത്തിനു കൃത്യമായി മറുപടി കൊടുക്കുവാനും കാളി തയ്യാറാവുന്നില്ല. അവൾ ദാരികനായ രാമക്കുറുപ്പിനെ അറിയാമെ ന്നാണ് പറയുന്നത്. കാളിയുടെ ഉള്ളിൽ രാമ ക്കുറുപ്പ് എന്നത് ദാരികനാണ്. അയാളുടെ ഭാര്യയായ മനോദരിയിൽനിന്ന് താമസ എന്ന മന്ത്രം മനസ്സിലാക്കാനാണ് കാളി ദാരികന്റെ വീട്ടിലേക്ക് പോയത്. ആ ദാരികനായ രാമ ക്കുറുപ്പിനെ വധിച്ചിരിക്കാമെന്ന സംശയത്തി ലേക്ക് പോലീസിനെ വഴി തിരിക്കുക എന്ന ഉദ്ദേശ്യമേ കാളി ചെയ്യുന്നുള്ളൂ. എന്നിരുന്നാലും പത്രക്കാരുടേയും പോലീസിന്റേയും മുന്നിൽ കാളി ദാരികനെ വധിച്ച പ്രതിയാണ്. ഈ അവസരത്തിൽ കാളിക്ക് മനോധൈര്യം ഇല്ലെങ്കിലും ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇപ്പോൾ അവൾ പ്രതികാരദാഹിയായ കാളിയായും രാമക്കുറുപ്പിനെ വധിച്ച പ്രതിയാ യുമായാണ് രംഗത്ത് പ്രത്യക്ഷപ്പെടുന്നത്. ഈ സംഘർഷഭരിതമായ അവസ്ഥയെ സജിത കൃത്യമായി രംഗത്ത് അവതരിപ്പിച്ചു. ദാരികനെ വധിക്കുക എന്ന കൃത്യം നിർവ്വഹിച്ച കാളിയെ കാണികൾ ഭയഭക്തി ബഹുമാനത്തോടെ പൂജിക്കാൻ തുടങ്ങി. അവർ കാളിക്കായി വിഗ്രഹ ങ്ങളും ക്ഷേത്രങ്ങളും ഉണ്ടാക്കുന്നു. എന്നാൽ കാളി എന്ന സ്ത്രീ കഥാപാത്രം ഭക്തർ ഉണ്ടാ ക്കിയ ക്ഷേത്രത്തിൽ ഇരിക്കാൻ തയ്യാറാകു ന്നില്ല. ഭക്തർക്കാവശ്യം മുടിയേറ്റിലെ ദാരികനെ ക്കൊന്ന കാളിയെയാണ് എന്നാൽ സജിതയുടെ കാളിയാകട്ടെ വർത്തമാനകാലത്തിലുള്ള ദാരികനെയാണ് വധിച്ചിരിക്കുന്നത്.

അവളുടെ അവതാരലക്ഷ്യം ഈ ഒരൊറ്റ കൃത്യ ത്തോടെ പൂർത്തിയാകുന്നില്ല. അവർക്ക് അനേകം ദാരികന്മാരെ വധിക്കാനുണ്ട്. അതുകൊണ്ട് തന്നെ ഭക്തർ നിർദ്ദേശിക്കുന്നചുവരുകൾക്കു ള്ളിൽ ഒതുങ്ങാൻ അവളുടെ കാളിയെന്ന സ്വത്വം അനുവദിക്കുന്നില്ല. ഭക്തർക്ക് ദാരികനെ കൊന്ന കാളിയെ പൂജിക്കാനേ താൽപര്യമുള്ളൂ. രാമക്കുറുപ്പ് എന്ന ദാരികനെ വധിച്ച കാളി എന്ന സ്ത്രീയെ മനസ്സിലാക്കാൻ ആർക്കും സാധിക്കുകയില്ല. ഭക്തർക്കാവശ്യം അനുഷ്ഠാന ത്തിന്റെ ഭാഗമായ കലിപൂണ്ട കാളിയെയാണ്. അതുകൊണ്ട് അവർക്കാവശ്യമുള്ളത് അവളുടെ ചിഹ്നവും ഉത്തരീയവും ചേർന്ന പുറംശക്തികൾ മാത്രം. അതിനാൽ കാളി തന്റെ ഉത്തരീയവും ചിഹ്നവും ഭക്തർക്ക് നൽകുന്നു. കാളി തന്റെ ഉത്തരീയം ഭക്തർ പണിത വിഗ്രഹത്തിന്മേൽ ചാർത്തുന്നു. അവളുടെ പ്രവർത്തികൾക്ക് സീമ കളില്ല. അവൾ കൂടുതൽ ദാരികന്മാരെ വധിക്കാൻ സമൂഹമദ്ധ്യത്തിലേക്ക് നടക്കുന്നു. സത്യത്തിൽ ദാരികവധത്തിന് ശേഷമാണ് കാളി അവളുടെ പ്രവൃത്തികൾ ശരിക്ക് തുടങ്ങുന്നത്.

**മുടിയേറ്റ്/കാളിനാടകം**

മദ്ധ്യകേരളത്തിൽ പ്രത്യേകിച്ച് തിരു-കൊച്ചി പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുള്ള അനുഷ്ഠാന കലയാണ് മുടിയേറ്റ് അഥവാ കാളിനാടകം. ഇത് ഒരു നാടോടിനാടകം കൂടിയാണ്. ഈ കലാ രൂപത്തിന് അനുഷ്ഠാനം, അഭിനയം എന്നിങ്ങനെ രണ്ട് തലം ഉണ്ട്. അനുഷ്ഠാന അംശത്തിൽ കളമെഴുത്തും പാട്ടുമാണുള്ളത്. കാളി-ദാരിക കഥയുടെ അവതരണം അഭിനയാംശമാണ്. അത് സംഘർഷഭരിതമാണ്. കാളി-ദാരിക ദാന വേന്ദ്രന്മാരെ പോരിനു വിളിക്കുന്നു. അവർ തമ്മിൽ പേശൽ നടക്കുന്നു. കലിപൂണ്ട കാളി ദാരിക ദാന വേന്ദ്രന്മാരെ വധിക്കുന്നു. കോപം ശമിക്കാത്ത കാളിയുടെ മാർഗമദ്ധ്യേ ശിവൻ കിടന്ന് അവളുടെ കോപം ശമിപ്പിക്കുന്നു. അരങ്ങ്, കഥാവസ്തു, കഥാപാത്രങ്ങൾ, ചതുർവിധാഭിനയങ്ങൾ, സംഗീതം, വാദ്യം, പ്രേക്ഷകപങ്കാളിത്തം എന്നിവ യെല്ലാം ഉള്ള മുടിയേറ്റിൽ ഒരു നാടോടിനാടക ത്തിന്റെ അംശങ്ങൾ പ്രകടമാകുന്നുണ്ട്.

**കാളിനാടകം വർത്തമാനത്തിന്റെ അരങ്ങ്**

ഗദ്യരൂപത്തിലുള്ള സംഭാഷണങ്ങളും പാട്ടുകളും ഇടകലർന്ന കാളിനാടകം വർത്തമാന ത്തിന്റെ അരങ്ങാണ്. അനേകം പരിപാടികൾ അതിലുണ്ട്. ആസ്വാദക ശ്രദ്ധയാകർഷിപ്പിക്കുന്ന നടന്മാർ തന്നെ പിന്നണിയിലും മുന്നണിയിലും പാടുന്നുണ്ട്. തുള്ളൽ, സോപാനസംഗീതം തുടങ്ങിയവയിലെ ഈണങ്ങളും രാഗങ്ങളും കാളിനാടകത്തിലുണ്ട്. തപ്പ്, തുടി, കൈമണി, ഹാർമോണിയം, ചെണ്ട, ഇടയ്ക്ക, ഇലത്താളം തുടങ്ങിയവയാണ് പ്രധാന വാദ്യോപകരണങ്ങൾ.

കാളിനാടകത്തിന്റെ ശ്രദ്ധയാകർഷിക്കുന്ന ഒരു ഘടകം അതിലെ വേഷമാണ്. ഓരോ കഥാ പാത്രങ്ങൾക്കും അവരവരുടെ ശരീരഭാഷക്കിണങ്ങും വിധത്തിലുള്ള വേഷഭൂഷകളാണുള്ളത്. പട്ടണം റഷീദാണ് ഈ നാടകത്തിൽ പ്രധാനമായും ചമയ ങ്ങൾ ഒരുക്കിയിരിക്കുന്നത്. ചുവപ്പിന്റെ ധാരാളിത്ത ത്തിൽ കറുപ്പും വെള്ളയും കലർന്ന വേഷങ്ങൾ കൂടുതൽ കാണുന്നുണ്ട്.

**രംഗസജ്ജീകരണം**

തികച്ചും പാരമ്പര്യമായ രീതിയിലുള്ള അരങ്ങാ ണുള്ളത്. അതേസമയം തന്നെ ഈ നാടകത്തിൽ വർത്തമാനകാല അടയാളങ്ങളും ഉണ്ട്. ഒരു അനുഷ്ഠാനകലയായ മുടിയേറ്റ് നടക്കുന്നുണ്ട് എന്ന പ്രതീതി ജനിപ്പിക്കുന്ന തരത്തിലുള്ള രംഗ പാഠങ്ങൾ നിർമ്മിച്ചെടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചി രിക്കുന്നു. ഒരു അനുഷ്ഠാനകലയെ ഓർമ്മിപ്പിക്കും വിധം നാടകത്തിൽ പഞ്ചവർണ്ണപ്പൊടികൾ കൊണ്ട് ഒരു കാളീരൂപം ഉണ്ടാക്കുന്നു. തുടർന്ന് കളം പാട്ടാണ്. പാട്ട് കഴിയുമ്പോഴേക്കും രംഗത്ത് ഒരു അപകടം ഉറപ്പായും ഉണ്ടാകും എന്ന മുന്നറിയിപ്പ് അറിയിച്ചുകൊണ്ടുള്ള അപ്രതീക്ഷിതമായ കറന്റു പോക്ക്. തുടർന്ന് കാളിയെക്കുറിച്ചുള്ള പൊതു ജനങ്ങളുടെ അടക്കം പറച്ചിൽ. ഇങ്ങനെ വരാനി രിക്കുന്ന കാളീനാടകത്തിന്റെ സ്ഥിതിവിപര്യയ ങ്ങളെ ഓർമ്മിപ്പിക്കുംവിധത്തിലുള്ള രംഗസജ്ജീ കരണം കാളീനാടകത്തിന്റെ വർത്തമാനകാല അടയാളങ്ങളാണ്.

**കഥാപാത്രങ്ങളുടെ രംഗസാന്നിദ്ധ്യങ്ങൾ**

കാളിനാടകത്തിലെ ശ്രദ്ധ ആകർഷിക്കുന്നത് തന്നെ കേന്ദ്രകഥാപാത്രമായ കാളിയുടെ വേഷ വിധാനം കൊണ്ടും അഭിനയകലകൊണ്ടുമാണ്. ഈ നാടകത്തിലെ കാളിക്ക് അനേകം ദാരിക ന്മാരെ വധിക്കേണ്ടതുണ്ട്. പെണ്ണിന്റെ നേർക്ക് കൈ ഉയർത്തുന്നവരോട്, അവളുടെ കുലത്തെ അധിക്ഷേപിക്കുന്നവരോട്, അവളുടെ കുലത്തെ നശിപ്പിക്കുന്നവരോട് അവൾ പ്രതികാരം ചെയ്യു കയും ചെയ്യുന്നു. ചുരുക്കത്തിൽ നിലവിലുള്ള സമൂഹത്തിന്റെ അരക്ഷിതാവസ്ഥയുടെ നേർക്ക് അവൾ വാളോങ്ങുന്നു. വർത്തമാനകാലത്തിലെ കാളിയുടെ സമൂഹത്തിലെ പ്രശ്നങ്ങൾ, അരക്ഷി താവസ്ഥകൾ, അനുഷ്ഠാനത്തിന്റേയും വർത്ത മാനകാലത്തിന്റേയും ദശാസന്ധിയിലൂടെ അവത രിപ്പിക്കുകയാണ്. അതിനാൽ അവൾക്ക് സവിശേ ഷമായ രംഗഭാഷയും ശരീരഭാഷയും അരങ്ങിൽ കുറിക്കേണ്ടതുണ്ട്. മറ്റൊന്ന് ഈ നാടകത്തിലെ ദാരികന്റെ രംഗപ്രവേശമാണ്. അതിന് ചില പ്രത്യേകതകളുണ്ട്. ദാരികൻ കടന്നുവരുന്നത് തന്നെ പ്രേക്ഷകരുടെ ഇടയിൽനിന്നാണ്. അവ സാനം അയാൾ പ്രേക്ഷകരുടെ ഇടയിലേക്കല്ല തിരിച്ച് പോകുന്നത്, അണിയറയിലേക്കാണ്. എന്നാൽ കാളി അണിയറയിൽ നിന്ന് വന്ന് പ്രേക്ഷകരുടെ അടുക്കലേയ്ക്ക്, സമൂഹമദ്ധ്യ ത്തിലേക്ക് തിരിച്ച് പോകുന്നു. ഇതിൽനിന്ന് തന്നെ കാളിയുടെയും ദാരികന്റെയും വരവിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ സാധിക്കുന്നു. കാളി എന്ന പെണ്ണിന്റെ ശക്തിക്കു മുന്നിൽ ദാരികൻ ഇല്ലാതാകുന്നു. കാളിയെപോലെ സമൂഹമദ്ധ്യ ത്തിൽ പ്രതികരണശേഷിയുള്ള സ്ത്രീകൾ ആ കുലത്തിൽ ഉണ്ടെങ്കിൽ സമൂഹമദ്ധ്യത്തിൽ ഒറ്റ ദാരികന്മാരും തലപൊക്കുകയില്ല, ദാരികൻ അങ്ങനെ തലപൊക്കിയാലോ കാളിയെപോലെ യുള്ള സ്ത്രീകൾ, പെണ്ണൊന്ന് വിചാരിച്ചാൽ മതി അവരെ നിഷ്പ്രയാസം ഇല്ലാതാക്കാൻ സാധിക്കും. കാളിയുടെ ഈ ഇച്ഛാശക്തിയാണ് നാടകത്തിന്റെ പ്രധാന സന്ദേശം. അതുകൊണ്ട് ദാരികവധത്തിന് ശേഷം അവൾക്ക് കൂടുതൽ ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ മറ്റു ദാരിക ന്മാരെ വധിക്കുവാൻ പ്രേക്ഷകമദ്ധ്യത്തിലേക്ക് കാളി തിരിച്ച് വരുന്നു. എന്നാൽ ദാരികന്റെ കാര്യം മറിച്ചാണ്. രാമക്കുറുപ്പിനെപ്പോലുള്ള ദാരികന്മാർ

കാളിയെ പേടിച്ച് സമൂഹമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടാതെയായി. അതുകൊണ്ടുതന്നെ പ്രേക്ഷകരുടെ ഇടയിൽനിന്നുവന്ന ദാരികൻ തിരിച്ച് അരങ്ങിലേക്കല്ല അണിയറയിലേക്കാണ് പോകുന്നത്. ദാരികനെ കൊന്ന കാളിക്ക് ധാരാളം അണികൾ ഉണ്ടായി. ജനമനസ്സുകളിൽ അവളുടെ സ്ഥാനം വലുതായി. അവളുടെ കർത്തവ്യങ്ങൾക്ക് ഇതോടെ ആരംഭം കുറിച്ചു. ഈ കർത്തവ്യനിർവ്വഹണത്തെ ഓർമ്മിപ്പിക്കുന്നതിനു വേണ്ടി ദാരികവധത്തിനു ശേഷം കാളി തിരിച്ച് അണിയറയിലേക്ക് പോകാതെ പ്രേക്ഷകമദ്ധ്യത്തിലേക്ക്, ജനസഞ്ചയങ്ങളിലേക്ക് ഇറങ്ങിവരും. അവളുടെ പ്രവൃത്തിയെ പ്രോത്സാഹിപ്പിക്കുന്നതാകട്ടെ ഒരേ കുലത്തിൽ തന്നെ പിറന്ന കൂളിയെന്ന നീലിയാണ്. കാളി തളരുന്ന അവസ്ഥയിൽ നീലി കൈത്താങ്ങായി വരുന്നു. അവളിൽ ആത്മവിശ്വാസവും അവതാരലക്ഷ്യവും പകരുന്നു. യഥാർത്ഥത്തിൽ കാളി നാടകത്തെ സമൂഹശാസ്ത്ര ദൃഷ്ട്യാ വിലയിരുത്തേണ്ടതുണ്ട്. കാളീനാടകം സമൂഹത്തിന്റെ പിന്തുണയോടെയാണ് അരങ്ങേറുന്നത്. പ്രേക്ഷകപങ്കാളിത്തം അതിലെ പ്രധാന ഘടകമാണ്. എന്നാൽ ഈ കഥാപാത്രങ്ങളിലെ പ്രേക്ഷകപ്രാധാന്യവും പ്രേക്ഷകരെ ഞെട്ടിപ്പിച്ചു കൊണ്ടുള്ള കഥാപാത്രങ്ങളുടെ വരവും പോക്കും അഭിനയരീതികളും പ്രത്യേകം വിലയിരുത്തുമ്പോൾ നമുക്ക് ശ്രദ്ധിക്കാനാവുന്നത് ഓരോ കഥാപാത്രങ്ങൾക്കും പ്രത്യേകം രംഗപാഠങ്ങൾ ഉണ്ടെന്നുള്ളതാണ്. പ്രേക്ഷകരോടൊപ്പം നാടകത്തിലെ കഥാപാത്രങ്ങൾ അഭിനയിക്കുന്നത് നിലവിലുള്ള രീതിയാണെങ്കിലും അവരുടെ ആഗമനതിരോധാനങ്ങൾ പുതുമ നൽകുന്നതും അവ വേറിട്ട രംഗഭാഷക്ക് വഴിയൊരുക്കുന്നതും കാളീനാടകത്തിന്റെ പ്രത്യേകതയാണ്. പ്രേക്ഷകർക്ക് പുതിയ മാനങ്ങൾ നൽകാൻ സഹായിക്കുന്ന തരത്തിൽ ഇതിലെ ഓരോ കഥാപാത്രങ്ങളും അവരുടെ സംസ്കാരത്തിന്റെ ഭാഗമായി ആർജ്ജിച്ചെടുത്ത അനുഷ്ഠാനകലയിലൂടെ വർത്തമാനകാല അനീതികൾക്കെതിരെ പോരാടുന്നുണ്ട്.




ഹാരോൾഡ് ഗാർഫിങ്കറിന്റെ എത്തനോ സോഷ്യോളജി എന്ന സങ്കൽപവുമായി കാളീനാടകം ബന്ധപ്പെട്ട് കിടക്കുന്നു. അവനവന്റെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും അനുസൃതമായി, ഒരു ആശയത്തെ, ഒരു സമൂഹത്തെ, ഒരു ലോകത്തെ എങ്ങനെ സൗന്ദര്യാത്മകകലയിലൂടെ ആവിഷ്കരിക്കാം എന്ന ചോദ്യത്തിന് ഉത്തരമാണ് ഈ നാടകം. അതിലുപരി കാലങ്ങളായി സമൂഹത്തിൽ പ്രതിഷ്ഠിക്കാനിരിക്കുന്ന ആശയത്തെ ഒരു കലയിലൂടെ അവർ ഉദ്ദേശിക്കുന്ന തരത്തിൽ എങ്ങനെ ആവിഷ്കരിക്കുവാൻ സാധിക്കും. അതിന് അവനെ പ്രേരിപ്പിക്കുന്നത് എന്ത് എന്ന ചോദ്യത്തിനും ഉത്തരമാണ് ഈ നാടകം. സമൂഹമനസ്സിൽ അബോധമായി ചിതറിക്കിടക്കുന്ന ആശയലോകത്തെ അഥവാ ഭാഷാലോകത്തെ ഒരു മനുഷ്യൻ ആർജ്ജിച്ച പരമ്പരാഗത അറിവുകളിലൂടെ, വ്യവഹാരരീതിയിലൂടെ അവൻ അറിഞ്ഞോ അറിയാതെയോ ആവിഷ്കരിക്കുന്നു. ഇതിന് അവനെ പ്രേരിപ്പിക്കുന്നത് സഞ്ചിത അറിവുകളാൽ സമാഹൃതമായ അവന്റെ മനസ്സ് തന്നെയാണ്. ഈ സിദ്ധാന്തമാണ് കാളിനാടകത്തിന്റെ അവതരണത്തിനും ഹേതുവായത്. മുടിയേറ്റ് എന്ന അനുഷ്ഠാനകലാരൂപത്തെ വർത്തമാനകാല അവസ്ഥയുമായി ബന്ധിപ്പിച്ചു കൊണ്ട് നിലവിലുള്ള വ്യവസ്ഥകൾക്കെതിരെ വിരൽ ചൂണ്ടാൻ ശ്രമിച്ചപ്പോഴാണ് ഇത്തരത്തിലുള്ള ഒരു നാടകം ഉണ്ടായത്. കാളി എന്ന മിത്തിനെ, ഇന്ത്യൻ സ്ത്രീത്വത്തിന്റെ തന്നെ പ്രതീകമായ കാളി എന്ന മിത്തിലൂടെ വർത്തമാനകാലജീവിതത്തെ അനുഷ്ഠാനകലയിലൂടെ വ്യവഹരിക്കുവാനാണ് സജിത കാളിനാടകത്തിലൂടെ ശ്രമിച്ചത്.


1. *കേരളത്തിലെ നാടൻ കലകൾ, ശശിധരൻ ക്ലാരി, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2012*
2. *മലയാളിയുടെ നാടോടിവഴക്കങ്ങൾ, അജിത്കുമാർ, എൻ, പ്രിയത ബുക്ക്സ്, കോഴിക്കോട്, 2015*
3. *കേരളീയത ഫോക്‌ലോറിൽ, മുഹമ്മദ്, അഹമ്മദ്, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2015*
4. *ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും, ശ്രീധരൻ എ. എം., മലയാളപഠന ഗവേഷണ കേന്ദ്രം, തൃശൂർ, 2009*
5. *കേരള ഫോക്‌ലോർ, രാഘവൻ പയ്യനാട്, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2015*


■

ചർച്ചാവിഷയം



# കടലിലെ മഴ

കടലിൽ മഴ പെയ്യുന്നത് കണ്ടിട്ടുണ്ടോ? കാർമേഘങ്ങൾ ഉരുണ്ടുകൂടി വീശിയടിക്കുന്ന കാറ്റിനൊപ്പം തിരമാലകൾക്ക് മുകളിലേയ്ക്ക് പെയ്തിറങ്ങുന്ന ശക്തമായ മഴ. ഇളകി മറിയുന്ന തിരമാലകൾ, തുരുതുരെ വീഴുന്ന മഴ മുത്തുകളെ ഊക്കോടെ തട്ടിത്തെറിപ്പിക്കുന്നു.

കടലിലെ പേമാരിയിൽ കുഞ്ഞുബോട്ടുകൾ ആടി ഉലഞ്ഞ് ജീവിതസമസ്യകൾ പൂരിപ്പിക്കുമ്പോൾ കര വെറും കാഴ്ചക്കാരി മാത്രമാവും. കരയിലെ തെളിമയിലേയ്ക്ക് പല താളമേളങ്ങളുടെ അകമ്പടിയോടെ മഴ ഇരമ്പിയെത്തും. വലിയ മഴത്തുള്ളികൾ പതിച്ച് ഒന്നുകൂടി ഇരുണ്ടു കറുക്കുന്ന കരിമണൽ, ആടി ഉലയുന്ന തെങ്ങിൻ തലപ്പുകൾ, കടൽഭിത്തിയിൽ അടിച്ചു ചിതറുന്ന തിരമാലകൾ, കരയിലൂടെ ഒഴുകി കായലിൽ പതിക്കുന്ന കടൽ ചാലുകൾ, ദൈവങ്ങൾക്ക് മുന്നിലേയ്ക്ക് കൈ കൂപ്പുന്ന തീരവാസികളുടെ പ്രാർത്ഥനാ മഴകൾ...കടലിലെ മഴക്കാഴ്ചകൾ എപ്പോഴും ജീവിതസമരത്തിന്റെ ശുദ്ധസംഗീതമാണ്.

മഴ അങ്ങനെയാണ് ഒരായിരം ഭാവഭേദങ്ങളോടെ ഇറങ്ങി വരും. ഭൂമിയെ തൊടും. തൊട്ടുണർത്തും. ഇളക്കിമറിക്കും.

അലൂമിനിയം ഷീറ്റിട്ട ഒറ്റമുറി വീട്ടിനുള്ളിൽ മക്കളെയും ചേർത്തു പിടിച്ചിരിക്കുമ്പോൾ കേട്ട മഴയുടെ താളത്തിന് ജീവിത പ്രതീക്ഷകളുടെ വലിയ ശബ്ദങ്ങളായിരുന്നു. പലക തറച്ച വീടിനു നേർക്ക് ചരിഞ്ഞ് വീഴുന്ന മഴ ഹൃദയ ഭിത്തിയിലൂടെ നനഞ്ഞിറങ്ങി ആത്മാവിനെ സ്വാന്ത്വനിപ്പിക്കുന്ന മൃദുതലോടലായിരുന്നു.

പ്രണയം, വിരഹം, അതിജീവനം എന്നതിനപ്പുറം കുസൃതിയുടേയും കുരുത്തക്കേടുകളുടേയും എന്നു വേണ്ട സകലമാന അലമ്പുകളുടേയും ആകെ തുകയാണ് എനിക്ക് മഴക്കാലം.

കായലും തോടുകളും നിറഞ്ഞു കവിയുന്ന മഴക്കാലം സർവ്വ സാഹോദര്യത്തിന്റേയും സർവ്വ സ്വാതന്ത്ര്യത്തിന്റേയും സുവർണ്ണകാലം. മഴ കനക്കുന്നതോടെ ജലാശയങ്ങളെല്ലാം നിറഞ്ഞ് കവിഞ്ഞ്, ഉപ്പുരസമെല്ലാം മാറി നല്ല ശുദ്ധജലമാകും. അതോടെ കായലിൽ തലകുത്തി മറിഞ്ഞുള്ള കുളി തുടങ്ങും.ആൺ പെൺ വ്യത്യാസവും ഒളിച്ചു നോട്ടവും ഒന്നും ഇല്ല.

ആങ്ങളമാരോടൊപ്പം നീന്തൽ പഠനമാണ് മറ്റൊരു ബഹളം. തലേ രാത്രിയിൽ അത്താഴം കഴിക്കലിനിടയിലാണ് കരാർ ഉറപ്പിക്കൽ. എന്റെ പാത്രത്തിൽ നിന്ന് എന്തെങ്കിലും വിഭവം കൂടുതൽ കൊടുത്ത് പിറ്റേന്നത്തേയ്ക്കുള്ള പരിശീലകനെ ഞാൻ സംഘടിപ്പിക്കും. മൂത്ത ആങ്ങളയെ ആണ് എനിക്ക് കൂടുതൽ ഇഷ്ടം. കാരണം കൈക്കൂലി കൊടുക്കണ്ട. നെഞ്ചൊപ്പം വെള്ളത്തിൽ ഇറങ്ങി



**ഷീബാ വിലാസിനി**
എഴുത്തുകാരി

നിന്ന് കൈവെള്ളയിൽ കിടത്തിയാണ് ആദ്യ പരിശീലനം. കയ്യും കാലും അടിച്ച് തുഴയാൻ പരിശീലിക്കുന്നതിനിടയിൽ കൈ മാറ്റിക്കളയും. അതോടെ മുങ്ങിത്താണ് മൂക്കിലും ചെവിയിലും ഒക്കെ വെള്ളം കേറി നിലവിളിയും നെഞ്ചത്തടിയും ആകുന്നതോടെ സൈ്വരം കെടുന്ന അമ്മ വലിയ വടിയുമായി ഉണ്ണിയാർച്ച ഉറുമി വീശുന്നമാതിരി ഒരു വരവുണ്ട്. പക്ഷെ ആരെ കിട്ടാൻ! വീരാംഗനയുടെ വരവ് കാണുമ്പോൾ തന്നെ പരിശീലകരെല്ലാം മുങ്ങാംകുഴിയിട്ട് അങ്ങേക്കരയിൽ എത്തിയിട്ടുണ്ടാകും.

ഇന്നത്തെ കോൺക്രീറ്റ് വീടുകളുടെയൊക്കെ സ്ഥാനത്ത് കുറച്ച് കാലം മുൻപ് വരെ ഓലമേഞ്ഞ വീടുകളായിരുന്നു. വർഷകാലം വരുന്നതിനു മുൻപേ എല്ലാ വീടുകളും മേഞ്ഞുകെട്ടും. പുരമേയൽ അന്നൊക്കെ ഉത്സവലഹരിയാണ്. പുതുപുത്തൻ വീട്ടിലേയ്ക്ക് കേറി താമസിക്കുന്ന പോലൊരു ഉത്സാഹത്തിമിർപ്പ്. എങ്ങനൊക്കെ സംരക്ഷിച്ചാലും മഴക്കാലം കടുക്കുന്നതോടെ വീടുകളിലെല്ലാം വെള്ളം കയറും. അതോടെ ചെറു ചൂണ്ടകളൊക്കെ സംഘടിപ്പിച്ച് ഞങ്ങൾ പത്തായത്തിന്റെ പുറത്തും കട്ടിലിന്റെ പുറത്തും ഒക്കെ കയറി ഇരുന്ന് ചൂണ്ടയിടീൽ മത്സരം തുടങ്ങും. എനിക്കൊരു പുന്നാര ആങ്ങളയുണ്ട് –അമ്പിളി എന്നാണ് പേരെങ്കിലും സ്വഭാവത്തിൽ യാതൊരു അമ്പിളിത്തവുമില്ലാത്ത ജന്തു! എന്ത് സംഭവിക്കുന്നു എന്നറിഞ്ഞുകൂടാ. മത്സരത്തിനിടയിൽ അടിപിടി മൂക്കുന്നതോടെ ആരെങ്കിലുമൊക്കെ മറിഞ്ഞ് വെള്ളത്തിൽ വീഴും. അതോടെ അമ്മ രംഗപ്രവേശം ചെയ്യും. അത്രനേരോം കഷ്ടപ്പെട്ടു പിടിച്ച പള്ളത്തീം സിലോപ്യയും മാനത്തുകണ്ണീം എല്ലാം പാത്രത്തോടെ ദൂരേയ്ക്ക് തെറിക്കും.

രാത്രിയും വെള്ളം ഉയരാൻ തുടങ്ങുന്നതോടെ കെട്ടും കിടക്കയും എല്ലാമായി ഞങ്ങൾ താമസം മാറും.

വീടിനടുത്തുള്ള, 'കമ്പിമണ്ണേൽ തുരുത്ത് ' എന്ന ചെറു ദ്വീപിലേയ്ക്ക് പോകാനുള്ള ഏറ്റവും എളുപ്പവഴിയായിരുന്നു തോടു നീന്തിയുള്ള യാത്ര. മഴ കടുക്കുന്നതോടെ തോട് നിറഞ്ഞ് യാത്ര തടസ്സപ്പെടും. അതോടെ കൊതുമ്പുവള്ളങ്ങളെ കൂട്ടുപിടിക്കും. ഇതിന് നിത്യപരിഹാരം എന്ന പോലെ തോടിനു കുറുകെ ഒരു ചെറിയ പാലം വന്നതിൽ ഏറെ വേദനിച്ചത് ഞങ്ങൾ ബാല്യങ്ങൾ തന്നെ ആയിരുന്നു. അതുവരെ പാവാട ചുരുട്ടി നെഞ്ചത്ത് അടുക്കിപ്പിടിച്ച് അപ്പുറവും ഇപ്പുറവും പൊയ്ക്കൊണ്ടിരുന്ന ഞങ്ങളുടെ യാത്രാസുഖം കളഞ്ഞ വില്ലൻ. 'എടാ പാപ്പിയേ....' എന്നു വിളിക്കുന്നതോടെ, 'ഇങ്ങോട്ടുവാടീ....' എന്ന മറുവിളിയുടെ സുഖം കളഞ്ഞ ആ പാലത്തിനെ ഞങ്ങൾക്ക് ഇഷ്ടമേ അല്ലായിരുന്നു .

പഠനയാത്രകളിൽ കൂട്ടിനെത്തുന്ന മഴയ്ക്കുമുണ്ട് ഒരായിരം ഭാവം. സ്കൂളിൽ പോകുന്ന വഴിക്ക് 'അയ്യായിരം' എന്നൊരു സ്ഥലമുണ്ട്. അതുവരെ കുടയൊക്കെ പിടിച്ച് നനയാതെ പോയാലും അവിടെ എത്തുന്നതോടെ സംഗതി മാറും. തടസ്സങ്ങൾ ഒന്നും ഇല്ലാത്തതിനാൽ കടലിൽ നിന്നെത്തുന്ന ശക്തമായ കാറ്റും മഴയും എല്ലാവരെയും നനച്ചുമുക്കും. ഞാനും ബിജുവും എന്നും ഒരു കുടക്കീഴിലെ യാത്രക്കാരാണ്. 'അയ്യായിരം' എത്തുന്നതോടെ കാറ്റ് പിടിച്ച് കുടയെല്ലാം തിരിഞ്ഞു മടങ്ങി എങ്ങോട്ടു പിടിക്കണം എന്നറിയാത്ത അവസ്ഥയാകും. അതോടെ ഞാൻ കുട ഉപേക്ഷിച്ച് അവന്റെ പുസ്തകപ്പെട്ടി വാങ്ങി തലയിൽ വെച്ച് ഓടി സ്കൂളു പിടിക്കും. കുറച്ചു കഴിയുമ്പോൾ വടിയായ കുടയും പിടിച്ച് മഴയുടെ അകമ്പടിയോടെ എന്റെ പ്രിയ കൂട്ടുകാരന്റെ ഒരു വരവുണ്ട്. കാർമേഘം ഉരുണ്ടുകൂടിയ മുഖവുമായി.

കടലിൽ നിന്നെത്തുന്ന ശക്തമായ കാറ്റും മഴയും എല്ലാവരെയും നനച്ചുമുക്കും.

മഴയുള്ള ദിവസങ്ങളിലൊക്കെ സ്കൂൾ ഒരു പിരീഡ് നേരത്തെ വിടും. അതോടെ വീട്ടിലേയ്ക്ക് വരുന്നതിന് കായലിന് അടുത്തു കൂടിയുള്ള വഴി തെരഞ്ഞെടുക്കും. ചെറിയ ചെറിയ ഇടത്തോടുകളും വെള്ളക്കെട്ടുകളും ധാരാളം ഉള്ളതിനാൽ പരൽമീൻ തേകാനും ചാടിക്കളിക്കാനും സൗകര്യം കൂടുതൽ എന്നതാണ് കിഴക്കൻ വഴി തെരഞ്ഞെടുക്കാൻ പ്രധാന കാരണം. മഴയിലും കാറ്റിലും കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങയും പുളിയും തല്ലിതേങ്ങയും പെറുക്കാം എന്നൊരു ഗൂഢ ഉദ്ദേശ്യവും ഇല്ലാതില്ല. മാത്രമല്ല, മഴക്കാലത്ത് പൂക്കുന്ന ഒരിനം വേലിച്ചെടിയുണ്ട്. നല്ല പച്ച ഇലയോട് കൂടി ഉയരത്തിൽ കിളിക്കുന്ന ഒരിനം കറച്ചെടി. അതിന്റെ അറ്റത്ത് പിടിക്കുന്ന തത്തയുടെ

ആകൃതിയിലുള്ള ഒരിനം ചുവന്ന പൂവ് ഞങ്ങൾ കുട്ടി സംഘത്തിന്റെ വീക്ക്നെസ് എന്നു തന്നെ പറയാം. കിഴക്കൻ വഴിയിലെ എന്റെ പ്രധാന കൂട്ടുകാരനാണ് 'ഹരി'. അവന് നല്ല ഉയരം ഉള്ളതുകൊണ്ട്, മഴ നനഞ്ഞു നിൽക്കുന്ന തത്തമ്മപ്പൂക്കളെല്ലാം നുള്ളിയെടുപ്പിക്കും. അതിന്റെ തേനെല്ലാം കുടിച്ചിട്ട് തത്തമ്മയെ എല്ലാം വയറു പിളർന്ന മാതിരി കായലിലൂടെ ഒഴുക്കിവിടും. ഛന്നം ഛിന്നം പെയ്യുന്ന മഴയിൽ താളമിട്ട് അതങ്ങനെ ഒഴുകി നീങ്ങും. ങ്ങൾ നീറ്റിലിറക്കാനുള്ള തത്രപ്പാടിലാകും ഞാനും ബിജുവും. അവൽക്കാരന് കൊടുക്കാൻ അമ്മ മാറ്റിവെച്ചിരിക്കുന്ന പഴയ നോട്ടുബുക്കുകൾ എല്ലാം പിച്ചിക്കീറി വഞ്ചികളാക്കി ആഘോഷപൂർവ്വം നീറ്റിലിറക്കും. യാതൊരു ജി.എസ്.ടിയുമില്ലാതെ ചരക്ക് യാത്രാ ഗതാഗതം അതിർത്തികൾക്കപ്പുറത്തേയ്ക്ക് നീണ്ടുനീണ്ടു പോകും. ബിജു ഉണ്ടാക്കി വിടുന്ന ബോട്ടുകളെല്ലാം കൈതക്കാടിന് മറപറ്റി നിന്ന്



സ്കൂളിലേയ്ക്കുള്ള ജലപാതകളെല്ലാം ഇന്ന് പൂർണ്ണമായും അടച്ചു. മണ്ണടിച്ച് നികത്തിയ സ്ഥലത്ത് ഇന്ന് 'ശ്രീകൃഷ്ണ' ക്ഷേത്രമാണ് . ഒരിക്കലും ഭക്തിയോടെ ആ ക്ഷേത്രത്തെ നോക്കാൻ എന്തുകൊണ്ടോ എനിക്ക് കഴിയാറില്ല. ക്ഷേത്ര മൈതാനിയിലെ വെളുത്ത മണൽ പ്പരപ്പിലൂടെ ചാറ്റൽമഴ നനഞ്ഞ് നടക്കുമ്പോൾ, മനസ്സിലിപ്പോഴും തോടും കാടും കമ്പട്ടിമരങ്ങളും മാത്രം.

വീടിനടുത്തുള്ള തോടുകൾ മുഴുവൻ മഴയെ പ്രണയിച്ച് നിറഞ്ഞു കവിഞ്ഞങ്ങനെ കിടക്കും. ഉണ്ടക്കണ്ണൻ തവളകളും നീർക്കോലിയും മാനത്തുകണ്ണിയും മഞ്ഞപ്പള്ളത്തിയും നീളൻ പായൽ ചെടിയും എന്നു വേണ്ട ചക്കരമുൾ ക്കാടുകൾ പോലും സമഭാവനയോടെ ജീവജലം പങ്കിട്ടങ്ങനെ വിലസും. പുതിയ മഴയൊഴുക്കുകൾ പ്രത്യക്ഷപ്പെടുന്നതോടെ ജലയാന ഞാൻ എറിഞ്ഞു താഴ്ത്തുന്നതോടെ, അടിപിടി കല്ലേറ് ആകെ ബഹളം.

മഴക്കാലമാകുന്നതോടെ കായലിലെ മീൻപിടുത്തവും കൂടും. പലവിധ കെണികൾ വെച്ചുള്ള കലാപരിപാടി. കാഴ്ചക്കാരിയായി ഞാനും കൂടും. മഴ നനഞ്ഞുള്ള കായൽത്തീര യാത്രകൾ. പറഞ്ഞിട്ട് കാര്യമില്ലെന്ന് അറിയുന്നതോടെ അമ്മ എന്നെ ചെരുപ്പും ഇടീച്ച് കയ്യിൽ ഒരു കുടയും തരും. കൂടെ ചില സമയത്ത് ഒരു മുന്നറിയിപ്പും. 'കായലിൽ ഇറങ്ങല്ലേ. കിഴക്കൻ വെള്ളം വന്ന് നിറഞ്ഞേക്കാ. നിന്നെ നീർനായ പിടിച്ചോണ്ട് പോകും'. നീർനായയൊന്നും പിടിക്കാറില്ല.പക്ഷെ തിരിച്ചു വരുമ്പോൾ എന്റെ പക്കൽ കുടയും ചെരിപ്പും ഒന്നും ഉണ്ടാകില്ലെന്നു മാത്രം.

*കടപ്പാട്: ഏഷ്യാനെറ്റ് ന്യൂസ്.കോം*



**ബെനില അംബിക**
മെൽബണിൽ സോഷ്യൽ
വർക്കർ ആയി ജോലി ചെയ്യുന്നു

# ചിതറിയ മഴകൾ

ഈ പെരുമഴക്കാലത്തിൽ എന്റെ അമ്മയും, അമ്മൂമ്മയും തനിച്ചാണ്. അവർ വീടിനകത്തോ, ഉമ്മറത്തോ ഇരുന്ന് മഴ കാണുകയാവും. അമ്മക്ക് അച്ഛനില്ലാത്ത മഴക്കാലമാണ്. അമ്മയുടെ മനസ്സിന്റെ സങ്കടം മഴയോടൊപ്പം ഒഴുകി പോകുമായിരിക്കും. ഇപ്പോൾ മഴ എന്ന് ഓർക്കുമ്പോൾ തന്നെ എനിക്ക് അച്ഛന്റെ ഓർമ്മയാണ്.

പൊട്ടിച്ചു കഴിക്കുമായിരുന്നു എന്ന്. എല്ലായിടവും വെള്ളം. പാടത്തെ വിളകൾ ആ വെള്ളത്തിൽ കേട് വന്ന് പോകുമായിരുന്നു, പിന്നെയുള്ള നാളുകൾ അരിഷ്ടിച്ചു കഴിഞ്ഞിരുന്നു. ആ പഴയകാലത്തു ഓരോ മഴയും അതിജീവനമായിരുന്നു പ്രത്യേകിച്ചും കൃഷിക്കാർക്ക്, ഒട്ടൊക്കെ ഇന്നും അങ്ങനെയാണ്. നാട്ടിലെ എന്റെ വീടിനടുത്തുള്ള കർഷകർക്ക് വലിയ മഴ പേടിസ്വപ്നമാണ്.



എല്ലാ മഴയും വിടാതെ നനഞ്ഞിരുന്ന കൃഷിക്കാരനായിരുന്നു അച്ഛൻ, വളർത്തു മൃഗങ്ങളുടെ പിറകെ പാടത്തും പറമ്പിലും എല്ലായിടവും അച്ഛനും മഴയും ഒരുമിച്ചു പെയ്യും.

അച്ഛന്റെ ചെറുപ്പത്തിലെ മഴയെപ്പറ്റി പറഞ്ഞതോർക്കുന്നു. അന്നത്തെ മഴക്കാലങ്ങൾ പട്ടിണിയുടെ കാലമായിരുന്നു. അച്ഛന്റെ അമ്മയും മറ്റ് ബന്ധുക്കളും പന നുറുക്ക് ഉണ്ടാക്കി മുളകും

ഡിഗ്രി പഠിക്കുന്ന സമയത്തെ ഒരു മഴക്കാലം ഒരിക്കലും മറക്കില്ല ഞാൻ. എന്നും രാവിലെ അഞ്ചു മണിക്ക് എഴുന്നേറ്റ് പഠിക്കണം അത് അച്ഛന്റെ നിർബന്ധമായിരുന്നു. കൂട്ടിന് എന്നും വീട്ടിലെ ചക്കിപൂച്ചയുണ്ട് കൂടെ എഴുന്നേൽക്കാനും കൂടെയിരിക്കാനും. നല്ല മഴയുള്ള ദിവസം രാവിലെ എഴുന്നേറ്റ് പഠിക്കാൻ നല്ല മടിയാണ്. എഴുന്നേറ്റില്ല എങ്കിൽ നല്ല ചീത്ത വിളിയാണ് അച്ഛന്റെയും



അമ്മയുടെയും വക. അങ്ങനെ ഒരു ദിവസം രാവിലെ പഠിക്കാനെന്നുള്ള വ്യാജേന എഴുന്നേറ്റു പാതി ഉറക്കത്തിൽ എന്തൊക്കെയോ വായിക്കുന്നു. ഉറക്കെ വായിക്കണം അതാണ് വീട്ടിലെ പോളിസി. ശബ്ദം കേട്ടില്ല എങ്കിൽ അപ്പോൾ ചോദ്യം വരും ഉറങ്ങുവാണോ എന്ന്.

ഇങ്ങനെ പാതി ഉറക്കത്തിൽ വായിച്ചു കൊണ്ടിരിക്കുമ്പോൾ ചക്കി പൂച്ചയുടെ വല്ലാത്ത കരച്ചിൽ കേൾക്കാം, പോരാത്തതിന് ഗംഭീരമഴയും. അടുക്കള വശത്തെ വാതിൽ തുറന്നു നോക്കുമ്പോൾ ചക്കി പൂച്ച മഴയത്തു കിടന്ന് പിടയുന്നു, കാൽ മുന്നോട്ട് വച്ചപ്പോൾ മിനുസമുള്ള എന്തിനെയോ തട്ടി. അലറിക്കൊണ്ട് നോക്കിയപ്പോൾ വളവളപ്പൻ പാമ്പ് തല പൊക്കി നിൽക്കുന്നു, ഒറ്റ ചാട്ടത്തിന് ഞാൻ വീട്ടിലെ അമ്മിക്കല്ലിന്റെ മുകളിൽ കയറി കാറി ക്കൂവി... അച്ഛൻ, അമ്മ, അനുജത്തി, താഴത്തെ വീട്ടിൽ നിന്ന് പേരമ്മ, വലിയച്ഛൻ, ചേട്ടൻ എല്ലാവരും മഴയത്തു ഹാജർ.

എല്ലാവരും വന്നപ്പോഴേക്കും പാമ്പ് അതിന്റെ വഴിക്ക് പോയി, ചക്കിയെ ആ പാമ്പ് കടിച്ചിരുന്നു അവൾ ചത്ത് പോയി, അവൾ ഗർഭിണി ആയിരുന്നു മരണവെപ്രാളത്തിൽ അത് പ്രസവിച്ചു മൂന്ന് കുഞ്ഞുങ്ങളെ.. ഇത്ര യധികം സങ്കടം അനുഭവിച്ച ഒരു മഴദിവസം ഉണ്ടായിട്ടില്ല എന്ന് തോന്നുന്നു. എനിക്ക് മഴ യോടും മഴക്കെന്നോടും എന്നും പ്രണയമാണ്. അതിങ്ങനെ തുടരും. ചില തനിയാവർത്തനങ്ങൾ ഒരിക്കലും മടുക്കില്ലല്ലോ.....

എന്റെ മഴക്കാലങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നു. കരയുന്ന ആടുകളെയും, പശുക്ക ളെയും അഴിക്കാനായി കുടയില്ലാത്ത ഓട്ടം. കുടയില്ലാതെ മഴ നനയുന്നതിന് അമ്മയുടെ വഴക്കുകൾ.

കണ്ടത്തിലെ ചേറിൽ ഞാറുനടുന്ന ചേച്ചിമാർക്കൊപ്പം നനയുന്ന മഴ. ചില പെരു മഴകൾ നനയാതെ തോട്ടിലെ പാലത്തിനടിയിലും, വാഴയിലയുടെ അടിയിലും നിൽക്കും.

ഓർമ്മ മഴക്കാലങ്ങളാണ്. ഇനി നാട്ടിൽ പോയി ഒരു നല്ല മഴ എന്ന് നനയാൻ പറ്റും.

ഞാൻ ഇതെഴുതുമ്പോൾ ഇവിടെ മഴയും കാറ്റുമാണ്. കാറ്റിന്റെ ശബ്ദം എന്നെ പേടിപ്പെടു ത്താറുണ്ട്. എല്ലാം തട്ടി പറിച്ചെടുക്കുന്ന ആരെയോ പോലെ. മഴ ഒറ്റ പെയ്ത്താണ് ഇവിടെ. ചില പ്പോൾ ആലിപ്പഴം കുനുകുനെ വീഴും, അത് മാത്രമല്ല നല്ലതണുപ്പുള്ള മഴയുമാണ്. ഈ മഴ യൊക്ക എങ്ങനെ പെയ്താലും എനിക്കിഷ്ടമാണ്. എന്തൊക്കെയോ ഭാരമിറക്കി വയ്ക്കലിന്റെ കാഴ്ച്ചകളാണ്. എത്രയോ ഋതുക്കളിൽ, കാലത്തിൽ, ദേശത്തിൽ ഈ മഴ ഞാൻ അനുഭവിക്കുന്നു മഴയുമായി താദാത്മ്യം പ്രാപിച്ചു കൊണ്ട് ഞാൻ.




ബീവി

# മഴ പറഞ്ഞ കഥ

ഞങ്ങൾ പെയ്ത് ഇറങ്ങിയാലും കുറ്റം, അയ്യോ മഴ വന്നേ.. മുറ്റത്ത് ഇറങ്ങാൻ പറ്റുന്നില്ല, വസ്ത്രം ഉണക്കാൻ പറ്റുന്നില്ല, റോഡിൽ ഇറങ്ങി നടക്കാൻ വയ്യ, റോഡിൽ വെള്ളം നിറഞ്ഞു കിടക്കുന്നു,. കുട്ടികളെ കാണുന്നില്ല, വാഹനങ്ങൾ മറിഞ്ഞു വീഴുന്നു എന്നിങ്ങളെ പല കുറ്റങ്ങൾ കേൾക്കണം. എന്തു കൊണ്ടാണ് വെള്ളം നിറയുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഓടകളിൽ വെള്ളം പോകാതെ മാലിന്യം നിറക്കുന്നതും നിങ്ങൾ തന്നെ, ഭൂമിയെ സിമന്റ് ഇട്ട് മൂടി ഭൂമിയിലേക്ക് വെള്ളം ഇറങ്ങാതെ ഒലിച്ചു പോകുന്നു. ഇതൊക്കെ ശ്രദ്ധിക്കേണ്ടത് ഭൂമിയാണോ, മഴയാണോ, മനുഷ്യനാണോ? ആരാണ് നോക്കേണ്ടത്? മഴയായ ഞങ്ങൾ വന്നില്ലെങ്കിലോ? അപ്പോൾ നിങ്ങൾ തന്നെ പറയും ഒരു മഴ വന്നെങ്കിൽ! ചൂട് കൊണ്ട് കിടക്കാൻ വയ്യ. ചെടികൾ എല്ലാം ഉണങ്ങിപ്പോകുന്നു, പൊള്ളുന്നു, പുറത്തു ഇറങ്ങാൻ വയ്യ, സൂര്യാഘാതം ഏൽക്കുന്നു, മഴ ഇല്ലെങ്കിൽ മനുഷ്യൻ ഇല്ല. മരങ്ങളില്ല,ശുദ്ധമായ വായു ഇല്ല, കൃഷി ഇല്ല, വെള്ളം ഇല്ല, ഭൂമി വരണ്ട് പോകും. നിങ്ങൾ ഞങ്ങളെ ശപിക്കാതിരിക്കുക.

എന്ന്
മഴ...

ചെറുപ്പത്തിൽ മദ്രസയിൽ പോയി ഖുർആൻ ഓതാൻ മാത്രം പഠിച്ച ബീവി സ്കൂളിൽ പോകാത്തത് കൊണ്ട് മലയാളം എഴുതാനും വായിക്കാനും പഠിച്ചിരുന്നില്ല. പതിനാലാം വയസ്സിൽ വിവാഹം കഴിച്ചു, പതിനെട്ട് വയസ്സായപ്പോഴേക്കും രണ്ടു കുട്ടികളും വീട്ടുപ്രാരാബ്ധങ്ങളും ആയി. കുറേ വർഷങ്ങൾ കഴിഞ്ഞ് ഭർത്താവ് വേറെ കല്യാണം കഴിച്ചു പോയപ്പോൾ രാത്രി കുട്ടികളെ നോക്കി പേടിച്ച് ഉറങ്ങാതെ ഇരിക്കുന്ന സമയത്ത് മംഗളം, മനോരമ തുടങ്ങിയ വാരികകൾ വായിച്ച് അക്ഷരം പഠിച്ച ഒരാളാണ് ബീവി. എപ്പോഴാണ് എഴുതാൻ പഠിച്ചത് എന്ന് ആർക്കും അറിയില്ല. തന്റെ രണ്ട് ആൺമക്കളെയും എല്ലാം ചെയ്യാൻ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ച ഒരാൾ കൂടിയാണ് അവർ.. മൂത്ത മകൻ ഖര ഖര ശബ്ദം കൊണ്ട് ഒരു മൂളിപ്പാട്ട് പാടിയാൽ പോലും നീ പാട്ടു പഠിച്ചാൽ യേശുദാസിനെപ്പോലെ പാടാൻ പറ്റും എന്നും, ഇളയവൻ കണ്ണാടിക്ക് മുൻപിൽ കിടന്ന് അഭിനയിച്ച് തകർക്കുന്നത് കണ്ടിട്ട് സിനിമയുമായി ബന്ധമുള്ള ആരെയോ കണ്ടുപിടിച്ച്, അവന് ഒരു ചെറിയ ചാൻസ് വാങ്ങി കൊടുക്കുകയും മറ്റും ചെയ്ത ഒരു 'സംഭവം' ആണ് ഭവതി. കുട്ടികൾ ആയിരിക്കുമ്പോൾ തങ്ങൾക്കു ലഭിച്ച പ്രോത്സാഹനത്തിന് പകരം നൽകാനുള്ള സമയമായെന്ന് മക്കൾ പറയുന്നു.





# മൂളക്കം



ഗോപീകൃഷ്ണ

മഴപ്പഴങ്ങളെ വീഴ്ത്തി വാന
ത്തരു ശാഖിയാകെയുണങ്ങി നിന്നു
ഇലനദിയുടെയോരം പറ്റിയൊരു
ചെറുഷാമയുടെ ഉഷ്ണചൂളം
ദാഹത്തിൻ
കുത്തിയൊഴുക്കിനുവേണം
നീരിൻ പാറകളുരുണ്ടുകൂടിയ
ചാൽനീളെ
വസൂരിത്തിണർപ്പുകൾ
പൊന്തിയ കാറ്റിനുണ്ടാവണം
വേപ്പിൻ തണ്ടുവിരുത്തിയ കയ്പിൻ
ചെറുശയ്യ
ഖസാക്കു വേവുന്നകലെ
മോഹതല്പങ്ങളുടെ ചൂടേറ്റ്
ശമനമില്ലാതെ
ചൊരിമണലുചിക്കുന്നു വെറുതെ
പകലിൻ കൊക്കുകളിര തടയാതെ
കാട് വിളിക്കുന്നു നിന്നെ
വിവസ്ത്രനായ് പോകകൂടെ
കാറ്റ് ചേക്കേറുന്നു മെല്ലെ,
വേനൽകൊത്തിയ മുരളിയിലൊരു
മൂളക്കമോടെ

കഥ



ആശാ മത്തായി
മലയാളം അദ്ധ്യാപിക,
കോതമംഗലം എം എ
കോളേജ്

# കണ്ണ്

ഏറെദൂരം യാത്രചെയ്താണ് അവൾ എന്നും ഓഫീസിൽ എത്തുന്നത്. ഓരോ യാത്രയിലും പല ജീവിതങ്ങൾ കൂടിക്കാണുകയാണെന്ന് അവൾ ഓർത്തുനോക്കിയിട്ടുണ്ട്. പേരറിയാത്ത ചില മുഖങ്ങൾ മാത്രമാണ് അപ്പോൾ മനസ്സിലെത്തുന്നത്. പേരുകൾ അവൾക്കറിയില്ലായിരുന്നു. ചിരിച്ചുകൊണ്ട് കുശലം ചോദിക്കുന്നവരോട് പേരു മറന്നുപോയി എന്ന് പറയണമെന്നൊരിക്കലും തോന്നിയില്ല. പറഞ്ഞാൽ ഇനിയും രജിസ്റ്റർ ചെയ്യാനിടയില്ല തീരെ. യാത്രയുടെ തിടുക്കവും ക്ഷീണവും ഉള്ളിലൊതുക്കി ചിരിച്ചുകൊണ്ട് ചോദിക്കുന്ന കുശലങ്ങളിലാണ് അവർ സൗഹൃദം തുടങ്ങുന്നത്. അപൂർവ്വ സ്നേഹബന്ധങ്ങളും യാത്രകൾ സമ്മാനിച്ചിട്ടുണ്ട്. പത്രപ്രവർത്തകയായ സുഹൃത്തിനെ കിട്ടിയത് യാത്രയിലാണ്. സന്തോഷവും അഭിമാനവും അവരുടെ മുഖത്തു കാണാനുണ്ടായിരുന്നു. 'പത്രപ്രവർത്തകരുടേതുപോലെ സ്വാതന്ത്ര്യമുള്ള ഒരു ജോലി!' അവൾക്ക് അന്ന് അസൂയ തോന്നി.



ഒരു യാത്രയിൽ എന്തെല്ലാം വർത്തമാനങ്ങളാണ് കൈമാറുന്നത്! കേൾക്കുമ്പോൾ മറ്റുള്ളവരുടെ ആവലാതികൾ ഒന്നുമല്ല. കേൾക്കുന്നുണ്ടെന്നതിനും വലിയ ഉറപ്പൊന്നും ഇല്ലല്ലോ! പക്ഷേ പറയുമ്പോൾ എല്ലാവരും സന്തോഷത്തിലാണ്. ഇത്രയുമൊന്നുമില്ലെങ്കിൽ പിന്നെന്തു ജീവിതം?

ഓഫീസ് മറ്റൊരു ലോകമാണ്. ഒതുക്കമുള്ള അല്പഭാഷണങ്ങളുടെ ഇടം. അതും വല്ലപ്പോഴും. ആർക്കും സമയം കിട്ടാറില്ല. അതുകൊണ്ടുകൂടിയാവാം യാത്രയിലെ ഓരോ നിമിഷവും അവൾക്കു പ്രിയപ്പെട്ടതായത്. എങ്കിലും കുറയ്ക്കാനാവുന്നതല്ല യാത്രയുടെ ക്ഷീണം എന്ന് അവൾ മെല്ലെ അറിഞ്ഞു. ഓഫീസിലും വീട്ടിലും ഉത്തരവാദിത്തങ്ങൾ ഏറിവന്നതും വലിയ സമ്മർദ്ദമാണ് അവൾക്കു നൽകിയത്. പലപ്പോഴും രണ്ടും ഒത്തുപോകുന്നതായിരുന്നില്ല. ചെയ്തു തീരാത്ത ഓഫീസ് ജോലികളുമായി വീട്ടിലെത്തുമ്പോൾ വീടിന്റെ ഹൃദയം മിടിക്കുന്നത് അവൾ കേട്ടില്ല. കുടുംബത്തിന്റെ സന്തോഷങ്ങളിൽ ചേരാനാകാതെ അവൾ ഒറ്റപ്പെട്ടു.

കളിപറഞ്ഞ് ഉറക്കെ ചിരിക്കാൻ, ഇഷ്ടമുള്ളിടത്തേക്കു യാത്ര പോകാൻ, ഓഫീസും വീടും അല്ലാതെ മറ്റെന്തെങ്കിലും ഓർത്ത് തനിച്ചിരിക്കാൻ ഒരു ദിവസമെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്ന് കൊതിച്ചു. ആകെ കിട്ടുന്ന ഞായറാഴ്ചകളിലാണ് വീട്ടിൽ നീക്കിവെച്ച ജോലികളെല്ലാം. അതേക്കുറിച്ച് ആലോചിച്ചു തുടങ്ങുമ്പോഴേക്കും അവൾ ചെവികൾ പൊത്തിപ്പിടിക്കും. കാതടപ്പിക്കുന്ന ബഹളങ്ങൾ ചുറ്റും ഉയരുന്നതുപോലെ തോന്നും. തനിക്കു സമനില തെറ്റുന്നുണ്ടോ എന്ന് ഇടയ്ക്ക് പരിശോധിക്കും: ഗുണനപട്ടിക തെറ്റാതെ പറയാൻ കഴിയുന്നുണ്ടോ എന്ന് നോക്കിയിട്ട്!

ദീർഘനിശ്വാസങ്ങൾക്ക് ജീവിതത്തിന്റെ മടുപ്പിനെ പുറന്തള്ളാൻ കഴിയില്ലെന്ന് അവൾക്ക് മനസ്സിലായി. വീർപ്പുമുട്ടിയ ഒരു പ്രവൃത്തിദിവസം ഉച്ചയോടെ അവൾ ആ തീരുമാനത്തിലെത്തി. എല്ലാം ഇട്ടെറിഞ്ഞ് എവിടേക്കെങ്കിലും പോകണം.



തനിച്ചുപോകാവുന്ന ഇടങ്ങളേതൊക്കെ? തനിച്ചു സിനിമയ്ക്ക് പോകുന്ന കൂട്ടുകാരുണ്ട്. പാർക്കിലോ, ബീച്ചിലോ പോയാലെന്താ? അല്ലെങ്കിൽ ഷോപ്പിംഗ് മാളുകളിൽ കറങ്ങിനടക്കാം. എന്നാൽ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ആരും തിരിച്ചറിയാത്ത ഒരിടമായിരുന്നു അവൾക്കു വേണ്ടത്. അങ്ങനെയാണ് തന്റേതു മാത്രമായ ചിന്തകൾ തുറന്നിറങ്ങുന്ന കുറച്ചുനേരം തിരിച്ചുപിടിക്കാൻ സാഹസികമായ ഒരു ശ്രമം അവൾ നടത്തിയത്.

ദൂരേയ്ക്കൊന്നുമല്ല; വൈകിട്ടു പതിവു സമയത്ത് വീട്ടിലെത്താം എന്നവൾ മനസ്സിലു റപ്പിച്ചു. യാത്രയ്ക്കിടയിൽ ശ്രദ്ധിച്ചിട്ടുള്ള ഒരു വഴി തെരഞ്ഞെടുക്കുകയായിരുന്നു. വാഹനങ്ങൾ ചീറിപ്പോകുന്ന ഹൈവേയിൽനിന്ന് അകത്തേക്കു നീളുന്ന വഴി വിജനമാണ്. പണ്ടെന്നോ പ്രവർത്തനം നിലച്ച കമ്പനിക്കെട്ടിടത്തിന്റെ ബോർഡ് വഴിയി ലേയ്ക്ക് കയറുന്നിടത്ത് തുരുമ്പിച്ചും വള്ളികൾ പടർന്നും നില്ക്കുന്നു. അനേകർ തിരക്കിട്ടു നടന്നുപോയ പാത, ഇന്ന് ആളൊഴിഞ്ഞു കിടക്കുന്നു. തിരക്കുകളിൽ നിന്നൊഴിഞ്ഞ് സ്വസ്ഥമാകാൻ കൊതിക്കുന്ന തനിക്കുവേണ്ടി യാകാം അത്. ആലോചിച്ചപ്പോൾ അവൾക്കു രസം തോന്നി. ചിരിച്ചു.

ഫോൺ സ്വിച്ച് ഓഫാണ്. ആരും ഈ നേരത്തിനി വിളിക്കില്ല. നേരത്തെ ഓഫീസിൽ നിന്നിറങ്ങിയതിനാൽ വീട്ടിൽ തിരിച്ചെത്താൻ വൈകില്ല.

ദൂരേയ്ക്കു കാണാവുന്ന പാത. ഇരു വശത്തും ചാഞ്ഞ കശുമാവുകൾ.

'ആരും ഇല്ല'.

വെയിൽചായുംമുമ്പേ കുഞ്ഞുകാറ്റ് വന്നു തൊട്ടത് അവളറിഞ്ഞു. ഇളംമഞ്ഞനിറത്തിലുള്ള പൂമ്പാറ്റകൾ അവിടെ പാറുന്നുണ്ട്. കശുമാവ് പൂത്തിരിക്കുന്നു: പൂങ്കുലകളിലൊന്ന് അവൾ വലിച്ചടുപ്പിച്ചു. പണ്ടേ ഇവിടെ എത്താമായിരുന്നു. തടികുറയ്ക്കാൻ നടക്കുന്നത് നല്ലതാണ്. കുട്ടി കളെയും ഭർത്താവിനെയും കൂട്ടി ഇവിടെ വരണം മനസ്സിലുറച്ചു. ശുദ്ധവായു ശ്വസിച്ച് അല്പം നടക്കുമ്പോൾതന്നെ ശരീരത്തിനും മനസ്സിനും ഉന്മേഷം കിട്ടും.

ഒരാൾ ബൈക്കോടിച്ച് പോയി. ആളൊഴിഞ്ഞ വഴിയിൽ തനിച്ചു നടക്കുന്ന യുവതിയെ കണ്ടിട്ടും അയാൾ തിരിഞ്ഞു നോക്കിയില്ല. അതവൾക്കു കൂടുതൽ ധൈര്യം നൽകി. വന്നിട്ടുള്ളത് ബാർ ഹോട്ടലുകളിലോ വിനോദസഞ്ചാരകേന്ദ്രങ്ങളിലോ ഒന്നും അല്ലല്ലോ! എന്തിനു പേടിക്കണം? നാട്ടുകാരെന്നു തോന്നുന്ന ആരെങ്കിലും ചോദിച്ചാൽ സുഹൃത്തിനെ കാത്തു നില്ക്കുകയാണെന്നും വീടടുത്താണെന്നും വീട്ടുപേര് പറയണമെന്നും കരുതി. അല്ലാത്തവരിൽ നിന്ന് ഉണ്ടായേക്കാവുന്ന അന്വേഷണങ്ങൾക്കും ധൈര്യപൂർവ്വം പറയാൻ മറുപടി കണ്ടെത്തി: പത്രപ്രവർത്തകയാണെന്ന്.

അവൾക്കു പേടിതോന്നിയില്ല. 'മാന്യമായ വസ്ത്രധാരണം. താലിയും വിവാഹമോതിരവും അണിഞ്ഞിട്ടുണ്ട്. പിന്നെന്ത്?!' മുന്നോട്ടു നടന്നു. 'തനിച്ചാകുമ്പോൾ സംസാരം ഉറക്കെയാകു ന്നുണ്ടോ?' ഈയിടെയായി അങ്ങനെയും ഒരു സംശയം അവൾക്കുണ്ട്. ചൂളം വിളിച്ച് ഒരു കിളി പുല്ലിൽനിന്ന് പറന്നുയർന്നു.

**സ്വപ്നം കണ്ടുനടന്ന നാളുകൾ.... മാവിലൂഞ്ഞാലാടി, താമരത്തണ്ടൊടിച്ച്, പുതുമഴയുടെ ഗന്ധം നുകർന്ന്, മാമ്പഴച്ചുനയറിഞ്ഞു നടന്ന പഴയ കുട്ടിയായി. കുട്ടിക്കാലത്തേതു പോലെ ചിറകുവിരിയ്ക്കാൻ ഇനിയും കഴിയണം. തന്റെ കുഞ്ഞുങ്ങൾക്കും. തെരഞ്ഞെടുപ്പുകൾക്കുള്ള സ്വാതന്ത്ര്യമാണ് അവർക്ക് ആദ്യം നൽകേണ്ടത്. ഒന്നു തെരഞ്ഞെടുക്കുമ്പോൾ എല്ലാ സാദ്ധ്യതകളും ഇല്ലാതാകുമെന്നും പഠിപ്പിക്കണം.**

'ശല്ല്യമായോ'.

ബാഗ് തോളിൽനിന്ന് ഇറക്കിവച്ചു. കുപ്പിയിലെ ബാക്കിയുള്ള വെള്ളം കുടിച്ചുതീർത്തു. കാറ്റിന് തണുപ്പ് കൂടുന്നുണ്ട്. അവൾക്ക് ഉന്മേഷം തോന്നി.

കുടുംബവും ജോലിയും തരക്കേടില്ല. അല്ലലില്ലാതെ കഴിയുന്ന ശരാശരി മലയാളി. എന്നിട്ടും തിരക്കുകളിൽനിന്ന് ഓടിയൊളിക്കാൻ തോന്നുന്നതെന്ത്? കൈവിട്ട ചിലത് തിരികെ ക്കിട്ടാൻ – സ്വപ്നങ്ങളാകാം. അതോ ആരും കേൾക്കാതെ തനിച്ചു വർത്തമാനം പറയുന്ന സ്വകാര്യ നിമിഷങ്ങൾക്കു വേണ്ടിയോ?

മാവുകളിലൊന്നിൽ ചാരി ഇരുന്നു. പൊടിമണ്ണിനു മീതേ പുൽപ്പടർപ്പിൽ നിറമുള്ള പൂക്കൾ. അവൾ വിരലോടിച്ചു. മാവിൻ ചുവട്ടിലെ കല്ലുകളിലൊന്നിൽ കയറിനിന്ന് ഒരു അരണ കണ്ണിമചിമ്മാതെ അവളെ നോക്കി. പിന്നീടെപ്പോഴോ മറഞ്ഞു.

ബോറടി മാറ്റാൻ ഒരുപാട് വഴികളില്ലേ. പാട്ടുകേൾക്കാം, കൂട്ടുകാരുമായ് സംസാരിക്കാം, പ്രണയം പങ്കിടാം. പക്ഷേ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഓർമ്മകളും ജീവിക്കുന്നു എന്നു തോന്നിക്കുന്ന അനുഭവങ്ങളും കണ്ടെടുക്കാനാണ് അവൾ ശ്രമിച്ചത്.

മനസ്സിനകത്തെ ഏതോ വാതിൽ മെല്ലെ തുറന്നു: കുളിരോർമ്മകളുടെ നിലയ്ക്കാത്ത പെയ്ത്തുവെള്ളം. ഓടിറമ്പൽ വെള്ളം കൈക്കുമ്പിളിൽ നിറച്ചെടുക്കുന്ന കുട്ടിയായി. മനസ്സു തുള്ളിച്ചാടി. അവൾ അതിലേയ്ക്കിറങ്ങി. മഷിത്തണ്ടൊടിച്ചു മഴയത്തോടുമ്പോൾ തെന്നി വീഴാതെ കൈയിൽ പിടിച്ച കൂട്ടുകാരൻ ചെവിയിൽ തന്ന ഉമ്മകൾ ഇന്നും പ്രിയപ്പെട്ടവയാണ്. ഓർക്കാനിഷ്ടമില്ലാത്തവ കട്ടുചെയ്ത് ജീവിതം എഡിറ്റു ചെയ്യാൻ പറ്റിയിരുന്നെങ്കിൽ!

സ്വപ്നം കണ്ടുനടന്ന നാളുകൾ.... മാവിലൂഞ്ഞാലാടി, താമരത്തണ്ടൊടിച്ച്, പുതുമഴയുടെ ഗന്ധം നുകർന്ന്, മാമ്പഴച്ചുനയറിഞ്ഞു നടന്ന പഴയ കുട്ടിയായി. കുട്ടിക്കാലത്തേതു പോലെ ചിറകുവിരിയ്ക്കാൻ ഇനിയും കഴിയണം. തന്റെ കുഞ്ഞുങ്ങൾക്കും. തെരഞ്ഞെടുപ്പുകൾക്കുള്ള സ്വാതന്ത്ര്യമാണ് അവർക്ക് ആദ്യം നൽകേണ്ടത്. ഒന്നു തെരഞ്ഞെടുക്കുമ്പോൾ എല്ലാ സാദ്ധ്യതകളും ഇല്ലാതാകുമെന്നും പഠിപ്പിക്കണം.

മയങ്ങിപ്പോയതറിഞ്ഞില്ല. കണ്ണടച്ച് കുറച്ചുനേരം ഇരുന്നതേയുള്ളൂ എന്നും പറയാം. താഴെ വീണുകിടന്ന ഷോളെടുത്ത് ചുമലിലിട്ടു. പുതിയ ഉണർവ്വുമായാണ് എഴുന്നേറ്റത്. തിരിച്ചു വീട്ടിലേക്കുള്ള വണ്ടിപിടിക്കാൻ ഉത്സാഹത്തോടെ നടക്കുമ്പോൾ നാളെ ഉണ്ടാക്കേണ്ട ഭക്ഷണത്തെക്കുറിച്ചും അതിനു വാങ്ങേണ്ട സാധനങ്ങളെക്കുറിച്ചും അവൾ ബോധവതിയായി.

ചിരിയുമായി വീട്ടിലെത്തിയ അവൾ കുഞ്ഞുങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ വിഭവങ്ങൾക്കു രുചികൂട്ടി. രാത്രി, ജോലികഴിഞ്ഞ് എത്തിയ ഭർത്താവിലേക്കും അവൾ ചിരി പടർത്തി. പതിവില്ലാതെ അവർ അത്താഴം കഴിഞ്ഞ് ടിവിക്കുമുമ്പിൽ ഒരുമിച്ചിരുന്നു. പ്രധാന വാർത്തകൾക്കുശേഷം കുറ്റാന്വേഷണ പരമ്പരയുമായി വാർത്താ അവതാരകൻ – പ്രമുഖ പട്ടണങ്ങളെ കേന്ദ്രീകരിച്ചുള്ള റിപ്പോർട്ട്. 'യുവാക്കളിൽ വിഷാദരോഗികൾ കൂടുന്നു. അകാരണമായ ദേഷ്യം, അമിതദുഃഖം, മൗനം, തനിച്ചിരിക്കാനുള്ള താല്പര്യം എന്നിവ വിഷാദരോഗത്തിന്റെ ലക്ഷണങ്ങളാകാം'. വിഷാദരോഗികളാണത്രേ ലഹരി തേടിയിറങ്ങുന്നത്! 'ലഹരിയുടെ വഴികളിൽ അന്വേഷണസംഘത്തിനു ലഭിച്ചത് ഞെട്ടിക്കുന്ന വാർത്തകൾ. ആളൊഴിഞ്ഞ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചാണ് ലഹരി വ്യാപാരം'.

ബ്ലേർഡ് ആയ ചിത്രം പതിയെ തെളിഞ്ഞു വന്നു. ലഹരിയിൽ മയങ്ങുന്ന യുവതി. റിപ്പോർട്ടറുടെ വെളിപ്പെടുത്തൽ.

മുഖം വ്യക്തമല്ലെങ്കിലും തന്റെ ചെരിപ്പും ബാഗും സൽവാറും അവൾ തിരിച്ചറിഞ്ഞു. ജീവിതം വാർത്തയാകുന്ന ചാനൽ ഇന്ദ്രജാലം കണ്ട് അവൾ വിസ്മയിച്ചു.

കശുമാവിന്റെ പൂഞ്ചില്ലകളിലെവിടെയോ മറഞ്ഞിരുന്ന് തന്നെ നോക്കിയ കണ്ണ് ഇനിയത്തെ യാത്രയിൽ അവിടെ ഉണ്ടാകുമോ എന്നറിയില്ലെങ്കിലും അവിടേയ്ക്ക് തിരിച്ചു പോകണമെന്ന് അവൾക്കു വാശിയായി.

■




വിജില ചിറപ്പാട്
കവി

# മഴ ചൂടാത്ത ഓർമകൾ

ചാഞ്ഞും ചെരിഞ്ഞും
ഇങ്ങനെ ആഞ്ഞു പെയ്താലെങ്ങനെയാ
പതിവുണരൽ പതിവുപല്ലുതേപ്പ് പതിവടുക്കള എല്ലാ
മവിടെ കിടക്കട്ടെ സ്കൂൾ മുറ്റം കടന്ന് ചേമ്പില
യിലെ വെള്ളത്തുള്ളികളും നോക്കി മഴയത്ത്
മൂത്രമൊഴിക്കാൻ പോയ നിനക്ക് ഞാൻ കുടചൂടിച്ചു
എനിക്ക് നീയും.
നമ്മുടെ അമ്മമാരപ്പോൾ
നമ്മുടെ അനിത,
നമ്മുടെ വിജി എന്ന് പാടുന്നുണ്ടാവും.

പതിവുകുളി
പതിവുബ്രേക്ക്ഫാസ്റ്റ്
പതിവുയാത്ര എല്ലാമവിടെ നിൽക്കട്ടെ
അക്കരെ നിന്നൊരു വിളി വരുന്നു വിജീ ഒരുങ്ങിയോ
ഇക്കരെ നിന്നും ഞങ്ങളെ
അനുഗമിക്കാൻ
ജിമ്മി എന്ന പട്ടിക്കുട്ടിയുമുണ്ട്
റേഡിയോയിൽ സുഷമയുടെ വാർത്തകൾ
കഴിഞ്ഞു. പതിവുവഴികൾ
പതിവുകളികൾ
കക്കെവിടെ
വള്ളിച്ചാട്ടത്തിന് വള്ളിയെവിടെ
ഓർമ്മകളേ
ഒന്നു പെയ്തിട്ടുപോ ഞങ്ങളെ ആ കുന്നിൻ
മുകളിൽ
പുളിമരച്ചോട്ടിലിരുത്തീട്ട് പോ
മേഘം പൂത്തുതുടങ്ങീ...പാടുന്നതാരാണ്
പതാക കെട്ടുന്നതാരാണ് മഴ നനഞ്ഞ സ്വാതന്ത്ര്യ
ദിനമേ
മധുരം തരാൻ വരുമോ സ്ലേറ്റ് പൊട്ടിക്കാ
ത്തവൾ മിടുക്കിയെന്നൊരു മുറുക്കാൻമണം
തലതൊട്ടുഴിയുന്നുണ്ട്.

'പോരണ്ടാ സീതേ വനത്തിലേക്ക്
കാട്ടാനയുണ്ട് കരടിയുണ്ട്...'



കോൽക്കളിക്ക് പാടുന്നതാരാ അനിതയുടെ
അച്ചാച്ചനാ
ഞങ്ങളുടെ അച്ഛന്മാർ കോലടിച്ച്
ചുവടുവെച്ച് കളിക്കുകയാണ്. മുറ്റത്ത് ഒരു കള
മൊരുക്കിയിട്ടുണ്ട്. കളത്തിന് നടുക്ക് കമിഴ്ത്തി
ഉരലിൻമേതെ നിലവിളക്ക് വെച്ചിട്ടുണ്ട്. കൂടെ
കോലടിച്ച് കളിക്കുന്നവരിൽ ഒരു മാപ്പിളപ്പാട്ടു
കലാകാരൻ അബൂബക്കർക്കയും ഉണ്ട്. ഞങ്ങൾ
അവ്വോക്കർക്കയെന്നാണ് വിളിക്കാറ് 'കാഫ്മല
കണ്ട പൂങ്കാറ്റേ

കാരയ്ക്ക നീ കൊണ്ട് വന്നാട്ടെ' എന്നു പാടുന്നുമുണ്ട്. ഞങ്ങളുടെ ചേട്ടന്മാരും കസിൻസു മൊക്കെ കളിക്കുന്നുണ്ട്.

ഞങ്ങൾ ആരുമറിയാതെ അയൽവക്കത്തെ സീമയ്ക്ക് കത്തയയ്ക്കുകയാണ്, പിടിക്കപ്പെടു കയാണ്. അതോർത്ത് പിന്നീട് എത്ര ചിരിച്ചിരി ക്കുന്നു. കാക്ക തൂറിപ്പടർന്നതുപോലുള്ള കൂട്ടുകാരികളുടെ കയ്യക്ഷരത്തെ കളിയാക്കിച്ചിരിച്ചു, സ്വന്തം കൈപ്പടകളുടെ സൗന്ദര്യത്തിൽ ആത്മരതിപൂണ്ടും വലിയ വലിയ സ്വപ്നങ്ങളോടൊപ്പം ഊഞ്ഞാലാടി. കല്ലുചുമക്കുന്ന അമ്മമാരുടെ സ്വപ്നങ്ങളെ ഇറക്കിവെക്കാൻ പുസ്തകങ്ങളുടെ മണങ്ങളെ മൂക്കിലേക്കെടുത്ത് നിശ്വാസങ്ങളോടെ കരിപിടിച്ച



ചില്ലുവിളക്കിന്റെ ചില്ല് നനച്ചുതുടച്ചു കൊണ്ടിരിക്കുന്നു. ഒരു പ്രകാശം, ചിരി കോലായിൽ. അമ്മയുടെ കുടുംബശ്രീയിലെ കൂട്ടുകാരികൾ യോഗം കൂടിപോയ്ക്കഴിഞ്ഞു. യൂണിറ്റിൽ അവരുണ്ടാക്കുന്ന സുരഭി സോപ്പിന്റെ മണമാണിപ്പോൾ വീടുകളെ പൊതിയുന്നത്.

പേറ്റുമരുന്നിന്റെ മണം പരക്കുന്നു കമലേച്ചി പ്രസവിച്ചുകിടക്കുന്നു. പത്രം നോക്കണമെന്നും പറഞ്ഞ് നാരാണേട്ടന്റെ വീട്ടിലേക്ക്

മഴ, സാക്ഷരതാക്ലാസെടുക്കുന്ന
സുനിതേച്ചിയുണ്ടവിടെ.
സുഭേട്ടൻ മിലിട്ട്രീന്ന് വന്നപ്പോ
കൊണ്ടുവന്ന അവരുടെ നൈറ്റി ഞങ്ങളും കണ്ടൂ. കറുപ്പ് നിറത്തിൽ ഭംഗിയുള്ള ഒരു നൈറ്റി.
അംഗനവാടീടെ മുറ്റം നിറയെ തകര. തോരൻ വെക്കാൻ
തളിരില നുള്ളണം. തവര എന്നാ ഞങ്ങൾ പറയുന്നത്.
ഓർമ്മകളേ പെയ്തോ
നിറഞ്ഞോ
'എയ്യയ്യെയ്യയ്യോ...' അമ്പെയ്ത്തുമത്സരമാണ്
ഞങ്ങളുടെ
കുട്ട്യാട്ടന്മാരുമുണ്ട് അവിടെയും.

മുറ്റത്ത് ഉണക്കാനിട്ട തുണികൾ, വിറക് ഒക്കെ പെറുക്കാനായി അമ്മ ഓടുമ്പോൾ പറയുന്നത് കേൾക്കാം 'മഴയ്ക്ക് ആടെയെങ്ങും നിപ്പുകൊള്ളുന്നില്ല'

ഓണം കഴിഞ്ഞു സ്കൂളി ലെത്തിയപ്പോൾ കുഞ്ഞിരാമൻ മാഷ്ക്ക് ഓണവിശേഷങ്ങൾ കേൾക്കണം. എല്ലാവരും ഇല്ലാത്ത ഓലനും പുളിശേരിയും പായസവും വിളമ്പി. പുത്തനുടുപ്പുകൾ കാണിച്ചു. ഓണം, അല്ലെങ്കിൽ വിരുന്നുവരുന്ന ബന്ധുക്കൾ ഒക്കെ വേണം വീടുകളിൽ ഒന്നിലധികം കറികൾ വെക്കാൻ. ഇറച്ചി വാങ്ങുന്നതും കറിവെക്കുന്നതും. കൂട്ടത്തിലുള്ള ഉണ്ണിക്കു മാത്രം ഒന്നും പറയാനില്ല. മാഷ് ഭീഷണിയുടെ സ്വരത്തിലാണ്. ഓണവിശേഷങ്ങൾ പറഞ്ഞേതീരൂ. ഞങ്ങളിൽ കുറച്ച് പേർക്ക് മാത്രം അവനെ ഓർത്തു സങ്കടം. 'ഉണ്ണി മാങ്ങ തോണ്ടീ
കണ്ണിൽ വന്നു വീണൂ' എന്ന് ഞങ്ങൾ അവനെവെച്ച് പാട്ടുണ്ടാക്കീട്ടുണ്ട്. ഇപ്പൊ എന്റെ കണ്ണുകൾ നിറയുന്നു. ഓർമ്മകളെ ഒന്നു പോ. ഇന്ന് പഴയ പോലെ നനഞ്ഞ ഉടുപ്പുകൾ അടുക്കളയിലെ പുകമണമേൽക്കുന്നില്ല. വാഷിങ്ങ്മെഷീനിൽ സ്പിൻ ചെയ്തെടുത്ത തുണികൾ സിറ്റൗട്ടിൽ വിരിച്ച് കോട്ടിട്ടോ കുടചൂടിയോ മഴയിലേ ക്കിറങ്ങുമ്പോൾ കൊള്ളാം മഴ. കവിതയെ കൂടെനിർത്താൻ മഴചൂടിപ്പോകാം.

■




**സിവിയ സി.വി.**
ബിരുദ വിദ്യാർത്ഥി
എസ്.എൻ.എം. കോളേജ് മാല്യങ്കര

# ആ മഴ എനിക്കൊരു നോവായിരുന്നു

വിദൂരത്തിലെവിടെയോ ഒരു തവള കരയുന്നത് കേൾക്കാം. കരിവീരൻ മുമ്പിൽ വന്നു നിന്നാൽ പോലും തിരിച്ചറിയവയ്യ. തുള്ളിക്കൊരു കുടം തന്നെ. പേമാരിയോ ഇത്, അവൾ ചിന്തിച്ചു. റാന്തൽ വിളക്കിന്റെ തിരി മെല്ലെ പൊക്കി വച്ച് കൊണ്ട് 'കുഞ്ചി' തന്റെ ഭർത്താവിനെ നോക്കിയിരിക്കയാണ്. ഒരു തണുത്ത കാറ്റ് അവളെ തഴുകി കടന്നു പോയി. ഈ സമയം അവളുടെ ദൃഷ്ടി താഴ്ന്നിരുന്നു. റാന്തൽ വിളക്കിന്റെ തീജ്ജ്വാലകൾ അവളെ മറ്റൊരു ലോകത്തേയ്ക്ക് കൊണ്ടുപോയി.

അവൾക്ക് ചെറുപ്പമായിരുന്നപ്പോൾ തന്നെ അച്ഛൻ മരിച്ചു. അമ്മിണിയും, എബ്രാംകുട്ടിയും, മേരിയും പിന്നെ കുഞ്ചിയും കൂടിയാണ് പള്ളിക്കൂടത്തിൽ പോകുന്നത്. എബ്രാം കുട്ടിയാണ് കൂട്ടത്തിൽ മൂത്തത്. അത് കൊണ്ട് തന്നെ അമ്മ അവനോട് തന്നെ നോക്കണമെന്ന് പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ദിവസം വൈകീട്ട് ഒരു തോരാത്ത മഴ പെയ്തു. ഒത്തിരി നേരം വരാന്തയിൽ നിന്നെങ്കിലും മഴ മാറിയില്ല. അപ്പോൾ എബ്രാം കുട്ടി എല്ലാവർക്കും തൊടിയിൽ നിന്നും ചേമ്പിലകൾ പറിച്ചു നൽകി. തോട്ടിൻ വക്കത്തെ വഴിയിൽ നിറയെ വെള്ളം പൊങ്ങിയിരിക്കുന്നതിനാൽ ആർക്കും അത് വഴി പോകുവാൻ ആവില്ല എന്ന് പൊതുവാൾ മാഷ് പറയുന്നത് കേട്ടു. അതു കൊണ്ട് അൽപ്പം വളഞ്ഞ

വഴികളിലൂടെയുള്ള യാത്രയായിരുന്നു അത്. കുഞ്ചി തലയിൽ വച്ചിരുന്ന ചേമ്പില തന്റെ കയ്യിലെടുത്ത് അതിൽ മഴ വെള്ളം പിടിച്ചു കളിച്ചു. അമ്മിണി ആ വെള്ളം കളഞ്ഞ് അവളുടെ തലയിൽ തന്നെ വച്ചു കൊടുത്തു. നടക്കുന്നതിനിടയിൽ ഗർത്തങ്ങളിൽ ആഞ്ഞു ചാടി അവൾ മഴവെള്ളം തെറിപ്പിച്ചു കളിച്ചു. എബ്രാംകുട്ടിയുടെ വാക്കുകൾ കൈക്കൊള്ളാതെ കുഞ്ചി ചേമ്പില വലിച്ചെറിഞ്ഞുകൊണ്ട് മുന്നിൽ കാണുന്ന പാലത്തിലേക്ക് ഓടിക്കയറി. അവളുടെ കണ്ണുകളിൽ ആഹ്ലാദത്തിന്റെ വലിയ കുത്തൊഴുക്ക് ഉണ്ടായിരുന്നു. അവൾ തന്റെ കാലുകൾ എത്തിച്ച് കലുങ്കിനടിയിലെ തവളയെ നോക്കിനിന്നു. അതു കഴുത്തിനു കീഴിൽ ഒരു മഞ്ഞബലൂൺ വീർപ്പിക്കുന്നുണ്ട്. അതിനെ അവൾ തന്റെ കവിളുകൾ വീർപ്പിച്ച് പരിഹസിച്ചു. അമ്മിണിയും എബ്രാംകുട്ടിയും കുഞ്ചിയോടും അരുതെ എന്ന് പറയുമ്പോഴും അവൾ അത് കേൾക്കാതെ പൂർവ്വാധികം ശക്തിയോടെ കാലുകൾ ഉയർത്തി. പെട്ടെന്ന് അവൾ ആ ഒഴുക്കിലേയ്ക്ക് നിലംപതിച്ചു. അകലെയായി ഒരു ചായക്കട കണാമായിരുന്നു. കുട്ടികളുടെ കരച്ചിൽ കേട്ട് അവിടെ നിന്നും ഒരു ചെറുപ്പക്കാരൻ ഓടിവന്നു. ഒഴുകികൊണ്ടിരിക്കുന്ന അവളെ രക്ഷിക്കാൻ അയാൾ ഓലപ്പട്ടയിട്ടുകൊടുത്തു. ആ കുഞ്ഞുകൈകൾ അവയെ ലക്ഷ്യമാക്കിപിടിച്ചു. അങ്ങിനെ അവർ അവളെ പിടിച്ചുകയറ്റി. അവളുടെ ശരീരം ആകെ നനഞ്ഞിരുന്നു. മുഖത്ത് ഭയവും. സമയമൊത്തിരി അതിക്രമിച്ചിരുന്നു. ഓരോ കാലടി വയ്ക്കുമ്പോഴും അവളുടെ ഉള്ളിലെ ഭയം കൂടിവന്നു. എല്ലാവരും വളരെ ക്ഷീണിതരും, ദുഃഖിതരുമാണെന്ന് കണ്ടാൽതന്നെ അറിയാം. കുഞ്ചി വീടിന്റെ വഴിയിൽ എത്തിയപ്പോൾ വള്ളിവടിയുമായി നടക്കുന്ന അമ്മയെയാണ് കണ്ടത്. എന്താണ് ഉണ്ടായതെന്ന് ചോദിക്കാതെ തന്നെ അമ്മ ആ വടികൊണ്ട് തുടക്കടിച്ചു. കയ്യിലെ പുസ്തകം താഴെയിട്ടുകൊണ്ട് വാ പൊത്തി അവൾ വീട്ടിനുള്ളിലേയ്ക്ക് ഓടി. അന്ന് അത്താഴത്തിന് അവൾ ഒന്നും കഴിച്ചില്ല. തഴപ്പായയിൽ അമ്മക്കരുകിൽ ഉറക്കം നടിച്ചു കിടന്നു. അവൾ ഉറങ്ങിയെന്ന് കരുതി അമ്മ ആ വടിപ്പാടുകളിൽ ചുംബിച്ചു. അപ്പോഴാണ് അവൾക്ക് വേദനിച്ചത്.




പെട്ടെന്ന് ഓടുകൾക്കിടയിലൂടെ ഒരു തുള്ളി മഴവെള്ളം അവളുടെ നെറ്റിയിൽ പതിച്ചു. എന്തോ സംഭവിച്ചപോലെ അവൾ ചുറ്റും തിരിഞ്ഞുനോക്കി പാത്രത്തിലെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ നിന്ന് തെറിച്ച ജലകണികകളിൽ അവൾ എഴുതി.

"ആ മഴ എനിക്കൊരു നോവായിരുന്നു..... "

■



**അശ്വനി കെ.ടി.**
ബിരുദ വിദ്യാർഥി
എസ്.എൻ.എം.
കോളേജ് മാല്യങ്കര

# മഴ സമ്മാനിച്ച ഒരുപിടി ഓർമ്മകൾ

**മഴ!** ഗൃഹാതുരത്ത്വം ഉണർത്തുന്ന ഒരുപിടി ഓർമ്മകൾ നമുക്ക് നൽകുന്നു. മഴ എന്നത് ജനനിയുടെ മറ്റൊരു രൂപമാണ്. മഴ നല്ല ഓർമ്മകളും ചീത്ത ഓർമ്മകളും നാമേവർക്കും സമ്മാനിക്കുന്നു. അങ്ങിനെയെങ്കിൽ മഴക്കാലം എനിക്ക് നൽകിയ ഒരുപിടി ഓർമ്മകൾ ഇതാ....

ഞാൻ ആറാം ക്ലാസിൽ പഠിക്കുന്ന സമയം. അതൊരു മഴക്കാലമായിരുന്നു. ആ മഴക്കാലം എനിക്ക് മറക്കാനാവാത്ത ഒരു പിടി ഓർമ്മകൾ നൽകി. അന്നൊരു ശനിയാഴ്ചയായിരുന്നു. ക്ലാസില്ലാത്ത ദിവസം തലേ രാത്രി മുതൽ തിമർത്ത് പെയ്ത മഴ കാരണം തോടും പുഴകളും നിറഞ്ഞിരുന്നു. അതുകൊണ്ട് ഒരു വഞ്ചിയിറക്കാൻ തക്ക വണ്ണം മുറ്റത്ത് വെള്ളം ഉണ്ടായിരുന്നതിനാൽ ഞാനും എന്റെ കൂട്ടുകാരും എല്ലാവർഷവും ചെയ്യുന്നപോലെ ഈ പ്രാവശ്യവും ഞങ്ങൾ ഒരു തോണി ഇറക്കി. എന്റെ കൂട്ടുകാരെല്ലാം തന്നെ എന്നെക്കാൾ മുതിർന്നവരായിരുന്നു. തോണി എന്നുപറയാൻ തക്കവണ്ണമൊന്നുമില്ല. രണ്ടു ട്യൂബുകളും കുറച്ച് പട്ടിക കഷ്ണങ്ങളും കൊണ്ടുണ്ടാക്കിയ ഒരു തോണിയായിരുന്നു ഞങ്ങളുടേത്. ഞങ്ങളുടെ തോണിക്ക് ഒരു പ്രത്യേകത ഉണ്ടായിരുന്നു. നാലുപേർ വീതം വരുന്ന സംഘങ്ങളായി മാത്രമേ അതിൽ കയറാൻ പറ്റുമായിരുന്നുള്ളു. അല്ലെങ്കിൽ തോണി മുങ്ങിപ്പോകും. ആൺകുട്ടികൾക്കൊപ്പം സാധാരണയായി പെൺകുട്ടികൾ കയറാറില്ല. കാരണം ആൺകുട്ടികൾ വേഗത്തിൽ തുഴയുന്നതുകൊണ്ട് പെൺകുട്ടികൾക്ക് അവരോടൊപ്പം കയറാൻ പേടിയായിരുന്നു. അതുകൊണ്ട് തന്നെ പെൺകുട്ടികളൊന്നും അവരോടൊപ്പം കയറിയിരുന്നില്ല. മുതിർന്നവരെല്ലാവരും തന്നെ ഞങ്ങളുടെ തോണിയാത്ര കാണാൻ ആവേശം കൊണ്ട് നിൽക്കുകയാണ്. ആൺകുട്ടികളുടെയൊപ്പം കയറാൻ എനിക്കൊരു ആഗ്രഹം തോന്നി. പക്ഷേ, മുതിർന്നവരെല്ലാം എന്റെ ആ ആഗ്രഹത്തെ എതിർത്തു. എന്നിട്ടും എന്റെ ആഗ്രഹം സാധിച്ചെടുക്കാൻ ഞാൻ വല്ലാതെ വാശിപിടിച്ചു. മുതിർന്നവരുടെയും കുട്ടികളുടെയും വാക്കുകൾ വകവെയ്ക്കാതെ ഞാൻ കൂട്ടുകാർക്കൊപ്പം തോണിയിൽ കയറി എന്റെ ആഗ്രഹം സാധിച്ചെടുത്തു. അങ്ങിനെ ചിരിച്ചു കളിച്ച് ഞങ്ങൾ തോണിയിൽ യാത്ര തുടർന്നു. എന്റെ ആഗ്രഹം സാധിച്ചെടുക്കാൻ പറ്റിയതിന്റേയും കൂട്ടുകാർക്കൊപ്പം തോണിയിൽ കയറാൻ കഴിഞ്ഞതും കൊണ്ടുള്ള സന്തോഷത്തിൽ ഞാൻ മറ്റല്ലാം മറന്ന് ആ തോണിയാത്ര ആസ്വദിച്ചു. അന്നെനിക്ക് വല്ലാത്തൊരു അനുഭൂതിയാണുണ്ടായത്. രണ്ടുകരകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം ഈ തോടിന്റെ മാർഗ്ഗത്തിലുണ്ട്. തോട്ടിൽ മഴപെയ്ത് വെള്ളം നിറഞ്ഞ് കവിഞ്ഞതിനാൽ തോണിയിലൂടെ പോകുമ്പോൾ പാലത്തിന്റെ അടിഭാഗം എത്തുമ്പോൾ തലകുമ്പിട്ടിരിക്കണം. ഞങ്ങൾ തോണിയാത്ര കണ്ടുകൊണ്ട് നിൽക്കുന്ന എന്റെ തോണിയിൽ കയറാൻ പറ്റാത്ത കൂട്ടുകാർ ആർത്തുചിരിച്ചും ആർപ്പുവിളിച്ചും കൈകൊട്ടിയും ഞങ്ങളെ വരവേറ്റു കൊണ്ടിരുന്നു. ഞങ്ങളെ വഴക്ക്





പറഞ്ഞ മാതാപിതാക്കളും ഞങ്ങളുടെ യാത്രയെ അത്ഭുതത്തോടെ കണ്ടു നിന്നു. പാലത്തിന്റെ അടിഭാഗത്ത് എത്താറായപ്പോഴേക്കും കരയ്ക്കൽ നിന്നു കൂട്ടുകാരിൽ ആരോ ചിലർ എന്റെ പേര് വിളിച്ച് വെള്ളത്തിലേയ്ക്ക് ചാടാൻ പറഞ്ഞുകൊണ്ടേയിരുന്നു. ഞാനാണെങ്കിൽ കേട്ട പാതി, കേൾക്കാത്തപാതി ഒന്നും നോക്കാതെ വെള്ളത്തിലേയ്ക്ക് ചാടി. ശ്വാസംകിട്ടാതെ മുങ്ങി പോയി. ശ്വാസം കിട്ടാതായപ്പോഴുള്ള എന്റെ പരാക്രമം കണ്ടപ്പോൾ കരക്ക് നിന്നവർ വളരെ അധികം വ്യസനിച്ച് പോയി. ആരൊക്കയോ എന്നെ കരക്കെത്തിച്ചു. ഞാൻ കണ്ണുതുറന്നുനോക്കുമ്പോൾ ചുറ്റും എല്ലാവരുടേയും കണ്ണുകൾ എന്നെ ഉറ്റുനോക്കുന്നുണ്ടായിരുന്നു. പേടിച്ച് വിറച്ച എന്റെ കൂട്ടുകാർ പലവഴിക്കായി ഓടി. എന്റെ അമ്മ ഒരു മടിയും കൂടാതെ ആ അവസ്ഥയിലും എന്നെ കണ്ണുരുട്ടി പേടിപ്പിച്ചു കൊണ്ട് ഒരു നുള്ളുതന്നു. അമ്മയുടെ തല്ല് പേടിച്ച് ഞാൻ വേഗം തന്നെ വീട്ടിലേക്കോടി. അവിടെ അച്ഛൻ ഇരുന്നു ടിവി കാണുന്നുണ്ടായിരുന്നു.

ഇതിലും മറക്കാനാവാത്ത ഒരു അനുഭവം കൂടിയുണ്ടെനിക്ക്. അത് ഞാൻ താഴെ കുറിക്കുന്നു.

ഈ മഴക്കാലം ഞങ്ങളുടെ പ്രദേശത്ത് ഒരു കെടുതിയായാണ് പെയ്തിറങ്ങിയത്. എന്റെയും എന്റെ കൂട്ടുകാരുടെയും അച്ഛനമ്മമാർ ഞങ്ങളെ കഷ്ടപ്പാടുകൾ ഒന്നും തന്നെ അറിയിക്കാതെയാണ് വളർത്തി വലുതാക്കിയത്. ഈ മഴക്കാലം വരുത്തി വെച്ച ദുരിതങ്ങൾ കാരണം കഷ്ടപ്പാടെന്താണെന്ന് അവർ പറയാതെ തന്നെ ഞങ്ങൾ അനുഭവിച്ചറിഞ്ഞു. നിർത്താതെ ആർത്തുല്ലസിച്ച് പെയ്ത മഴ കാരണം ഞങ്ങളുടെ പ്രദേശത്തുള്ള പുഴകളും തോടുകളും നിറഞ്ഞുകവിഞ്ഞ് ഞങ്ങളുടെ നാട് വെള്ളക്കെട്ടിലായി. ഇതുമൂലം ഞങ്ങളുടെ അച്ഛനമ്മമാർക്ക് പണിക്കുപോവാൻ കഴിയാത്ത അവസ്ഥയായി. കൂടാതെ വെള്ളപ്പൊക്കം മൂലം സമീപത്തുള്ള കടകമ്പോളങ്ങളെല്ലാം തുറക്കാൻ പറ്റാത്ത സ്ഥിതിയായി. നാലുനേരം ആവശ്യത്തിലധികം ഭക്ഷണം കഴിച്ചിരുന്ന ഞങ്ങളുടെ ഭക്ഷണക്രമം രണ്ടുനേരമായി കുറഞ്ഞു. ഇതിനു കാരണം തിമിർത്തു പെയ്ത ആ മഴയാണ്. മഴ കാരണം അച്ഛനമ്മമാർക്ക് പണിയില്ലാതായതുകൊണ്ട് കയ്യിൽ പൈസ ഇല്ലാതായതും കടകൾ അടഞ്ഞു കിടന്നതും ഞങ്ങളുടെ പ്രദേശത്തിലെ ഓരോ കുടുംബത്തിനും അന്നം മുട്ടുന്നതിനിടയായി. താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി. അവരുടെ ജീവിതത്തെ ദുരിതത്തിലാഴ്ത്തി. എന്റെ വീടും ഒരു താഴ്ന്ന പ്രദേശത്തായിരുന്നു. ഞങ്ങളുടെ വീട്ടുപകരണങ്ങൾ പലതും ഒഴുകി നടക്കുകയായിരുന്നു. ഇങ്ങനെയെല്ലാം ഈ മഴക്കാലം എന്റെ ജീവിതത്തെ ദുരിതത്തിലാഴ്ത്തി. അങ്ങനെ ഞങ്ങൾക്ക് ഈ മഴക്കാലം ഒരു കെടുതിയായി മാറി. അപ്പോഴും ഞാൻ കുറച്ചൊക്കെ ഈ മഴക്കാലം ആസ്വദിച്ചിരുന്നു. ഞങ്ങളുടെ പ്രദേശത്തുള്ള ജീവിതങ്ങളെ ഇത്രയല്ലെ ദുരിതത്തിലാഴ്ത്തിയുള്ളൂ എന്നുള്ള ഒരു സമാധാനമായിരുന്നു. എങ്ങനെയെന്നാൽ, മാദ്ധ്യമങ്ങളിലൂടെ ഞങ്ങൾ കണ്ട മഴക്കാല ദുരിതങ്ങൾ ഇതിലും ക്രൂരമായിരുന്നല്ലോ! അത്രയൊന്നും തന്നെ ഞങ്ങളെ ബാധിച്ചില്ലല്ലോ....!

■

പെൺപക്ഷം



അജിത കെ.

# പെൺകുട്ടികൾ തുറന്നു പറയുമ്പോൾ


ഈ അടുത്ത കാലത്ത് ഫേസ്ബുക്കിൽ ചില തുറന്നു പറച്ചിലുകൾ കേരളത്തെയാകെ ഞെട്ടിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സാമൂഹ്യപ്രവർത്തർ, തീവ്ര രാഷ്ട്രീയ പ്രവർത്തകർ എന്നൊക്കെയുള്ള മുഖംമൂടികളണിഞ്ഞ ചില മാന്യരാണി വിടെ വിചാരണ ചെയ്യപ്പെടുന്നത്. ഇതിൽ ഏറ്റവും കൃത്യവും സ്പഷ്ടവുമായ ഒരു വെളിപ്പെടുത്തൽ മാവോവാദി നേതാവിന്റെ മകളുടേതാണ്. പൊലീസ് റെയ്ഡുകൾ നടന്നുകൊണ്ടിരുന്ന അക്കാലത്തെ ജീവിതത്തിലെ ഭീകരസാഹചര്യത്തെ മുതലെടുത്തുകൊണ്ട് വിശ്വസ്ത സുഹൃത്തിന്റെ പരിവേഷമണിഞ്ഞ രജീഷ് പോൾ എന്ന വ്യക്തി ആ കുട്ടിയെ പയ്യന്നൂരുള്ള അയാളുടെ വീട്ടിൽ കൊണ്ടുപോയി ലൈംഗികചൂഷണം ചെയ്ത സംഭവം ഇന്ന് സർക്കാരിന്റെ ശ്രദ്ധയിലും പൊലീസ് അന്വേഷണത്തിലും എത്തിനിൽക്കുകയാണ്. പ്രശസ്ത ദളിത് ഫെമിനിസ്റ്റ് രേഖാരാജ് ഈ വെളിപ്പെടുത്തൽ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. രജീഷ് പോളിനെപ്പോലുള്ള കപട വേഷധാരികൾ ഇന്നും സ്വൈര്യവിഹാരം നടത്തുന്നു. ശില്പിയെന്നു പേരു കേട്ട ജീവൻ തോമസിന്റെ പേരും ഈ ലിസ്റ്റിൽ പെട്ടിരിക്കുന്നു.

വർഷങ്ങൾക്കുമുമ്പ് ഞാൻ 'മാതൃഭൂമി' വാരികയിൽ ഒരു ലേഖനമെഴുതിയിരുന്നു. മൊത്തം സ്ത്രീപീഡനങ്ങളുടെ കൂട്ടത്തിൽ ബാലലൈംഗികപീഡനവും ഉൾപ്പെടുത്തിക്കൊണ്ടെഴുതിയ ലേഖനത്തിൽ ഇതിനെ പരാമർശിച്ചെഴുതിയപ്പോൾ എനിക്ക് നേരെ ശക്തമായ ആക്രമണമാണുണ്ടായത്. അതോടുകൂടി എന്റെ ലേഖനങ്ങൾ 'മാതൃഭൂമി' പ്രസിദ്ധീകരിക്കാതെയായി.

സ്വാഭാവികമായും വെളിപ്പെടുത്തലുകളിൽ എല്ലാത്തിനും തെളിവുകളുണ്ടായെന്ന് വരില്ല. ചിലകേസുകൾ മാത്രമേ തെളിയുകയുള്ളൂ. അതിന് പൊലീസിനു പറയാനുള്ള ന്യായീകരണം വർഷങ്ങൾ കഴിഞ്ഞില്ലേ, എന്നായിരിക്കും. എന്തായാലും നമുക്ക് ഈ കേസ് പൊലീസ് എങ്ങിനെ കൈകാര്യം ചെയ്യുന്നു എന്ന് വീക്ഷിക്കാം. പാലക്കാട് എസ്.പിയെ ആണ് അന്വേഷണം ഏൽപ്പിച്ചിരിക്കുന്നത്. എത്രത്തോളം സർക്കാരും പൊലീസും കോടതിയും ഇക്കാര്യത്തെ ഗൗരവപൂർവ്വം കൈകാര്യം ചെയ്യുമെന്ന് കാലം തെളിയിക്കും.



**ടി.എച്ച്. ജിത**
മലയാളം അദ്ധ്യാപിക,
എസ്എൻഎം കോളേജ്
മാല്യങ്കര



# മഴയുടെ നിർവചനം

താംവുലാങിലെ ഇരുട്ടു ഗുഹയിൽ,
ഉത്തരാഖണ്ഡിലെ പ്രളയക്കെടുതിയിൽ,
വിശപ്പും തണുപ്പും മറക്കാൻ ശ്രമിച്ച്
ആകാശത്തു നിന്നെത്തുന്ന അത്ഭുതങ്ങൾക്കായി
കണ്ണുനട്ടിരിക്കുമ്പോൾ,
മഴ മരണമാണ്
ബംഗ്ലാവിന്റെ രണ്ടാം നിലയിലെ 56 ഇഞ്ച് എൽ.സി.ഡി ടിവിയിൽ
ഫ്ളാഷ് ന്യൂസിനൊപ്പം ഗ്രീൻടി സിപ്പു ചെയ്ത്
ബ്ലാങ്കറ്റിനുള്ളിലെ സുഖകരമായ ചൂടുപറ്റി,
അവളുടെ മിസ്ഡ്കോളിനായി കാതോർത്തിരിക്കെ,
മഴ കാൽപ്പനികമാണ്.
ആർക്കുന്ന കൊതുകുകളാണോ,
ഈർപ്പം നിറഞ്ഞ ചുവരുകളാണോ,
വിശപ്പുമൂളുന്ന വയറാണോ,
പൂപ്പലിൻ മണമാണോ ജീവിതം എന്നച്ഛനെഴുതിയ
കടലാസ്സു കത്തിച്ച് അരഗ്ലാസ് ചുക്കുകാപ്പിയെങ്കിലും
നൽകാൻ പറ്റിയെങ്കിലെന്നു
കുഞ്ഞിനൊപ്പം അമ്മ പനിക്കുമ്പോൾ,
മഴ ആധിയും വ്യാധിയുമാണ്
എത്ര നാളായ് ഞാൻ കാത്തുകിടക്കുന്നു
അമ്മയെന്തേ വാത്സല്യപ്പാൽ ചുരത്താത്തതെന്നുവെന്ത്
കോൺഗ്രീറ്റ് ഭാരത്തിനടിയിൽ അമർന്നുതേങ്ങുന്ന
വിത്തിന്, മഴ ജീവനാണ്
നിലാമഴ, ഉച്ചമഴ, അന്തിമഴ,
അനന്തമഴ, പ്രണയമഴ, പ്രളയമഴ,
ഏതു പേരിലാണ് തുടങ്ങേണ്ടതെന്ന്
പേനതുമ്പു വിറക്കുന്ന ആലോചനാനിമിഷത്തിൽ,
മഴ കവിതയാണ്

*വാൽക്കഷ്ണം ;*

എനിക്ക് മഴയത്തു നടക്കാനാണിഷ്ടം, അപ്പോൾ ഞാൻ കരയുന്നത് ആരും കാണുന്നില്ലല്ലോ എന്നെഴുതിയ ചാർളിചാപ്ലിന്റെ ജീവിതകഥ വായിച്ചാവേശം കയറി മഴ നനഞ്ഞു. തുമ്മൽ, ജലദോഷം, പനി, ശകാരം മഴ തീരെ കാൽപ്പനികമല്ല.
മഴ ജീവിതത്തിന്റെ സത്യമെന്നെഴുതിയാലോ..?
റാക്കിൽ നിന്നും ഖസാക്കിന്റെ ഇതിഹാസം എത്തിനോക്കുന്നു. “സത്തിയം പലത്”



**താര കെ.ജി.**
മുൻ മേധാവി,
കേരള ദുരന്ത
നിവാരണ ഇൻസ്റ്റിറ്റ്യൂട്ട്

# വെള്ളപ്പൊക്കം കഥയും യാഥാർത്ഥ്യവും

- അറബിക്കടൽ, ചൂടാവുകയാണ്

- കരയിലെ മനുഷ്യരുടെ ചെയ്തികൾ കാരണം കൂടുന്ന ചൂട്, മഴ കൊണ്ടുവരുന്ന പടിഞ്ഞാറൻ കാറ്റിന്റെ സ്വഭാവം മാറ്റിമറിക്കുകയാണ്.

ചൂട് കൂടുന്തോറും കടലിന്റെ മുകളിൽ ഉള്ള നീരാവി, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ, തെക്കു-കിഴക്കൻ ഏഷ്യയിൽ ഒക്കെ തോരാത്ത മഴയായി പെയ്തിറങ്ങുകയാണ്.

- അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ വികസിത രാജ്യങ്ങളിലെ എയർ കണ്ടീഷനുകളും, വാഹനങ്ങളും, വ്യവസായവും കൂടുന്നതിനനുസരിച്ച്, കാലാവസ്ഥ മാറിമറിയുകയാണ്.

- കാലം തെറ്റി പെയ്യുന്ന ദുരിതപ്പെരുമഴയിലും വെള്ളപ്പൊക്കത്തിലും സമ്പന്നരല്ലാത്ത രാജ്യങ്ങളിലെ മനുഷ്യർ ചത്തൊടുങ്ങികൊണ്ടേയിരിക്കുന്നു.

- 2005ലെ മുംബൈ വെള്ളപ്പൊക്കത്തിൽ 700 പേർ, 2015ലെ ചെന്നൈ വെള്ളപ്പൊക്കത്തിൽ 400 പേർ, 4000 കന്നുകാലികൾ, 2017ലെ ഗുജറാത്ത് വെള്ളപ്പൊക്കത്തിൽ 200പേർ............

- കാലാവസ്ഥ വ്യതിയാനം, മഴയിലൂടെ, വെള്ളപൊക്കത്തിലൂടെ, മുന്നറിയിപ്പുകൾ നല്കിക്കൊണ്ടേയിരിക്കുന്നു.

**കഥകളിലെ വെള്ളപ്പൊക്കം**

“നോഹയുടെ ആയുസ്സിന്റെ അറുന്നൂറാം സംവത്സരത്തിൽ രണ്ടാം മാസം 17-ാം തിയതി, ആഴിയുടെ ഉറവുകൾ ഒക്കെയും പിളർന്ന്, ആകാശത്തിന്റെ കിളിവാതിലുകൾ തുറന്ന് മഴ പെയ്തു. നാൽപ്പതു രാവും, നാൽപ്പതു പകലും ഭൂമിയിൽ മഴ പെയ്തു. പർവതങ്ങൾ മൂടിപ്പോയി; വെള്ളം പതിനഞ്ചു മുഴം അവയ്ക്കു മീതെ പൊങ്ങി. കരയിലുള്ള സകലതും, ജീവശ്വാസം ഉള്ളതൊക്കെയും ചത്തു” ഹീബ്രു ഭാഷയിൽ എഴുതിയ ആദ്യത്തെ ഉല്പത്തി പുസ്തകത്തിൽ, വെള്ളപ്പൊക്കത്തിന്റെ വർണ്ണന തുടങ്ങുന്നത് മേൽപ്പറഞ്ഞ വരികളിലൂടെയാണ്.



ഗ്രീക്ക് ഐതീഹ്യത്തിലാകട്ടെ, ഭൂമിയിലെ ദുഷ്ടന്മാരായ മനുഷ്യനെ കൊല്ലാൻ സിയൂസ് ദേവൻ ഭൂമിയിലേക്ക് അയക്കുന്ന മഴ, മലകൾ പിളർന്ന്, നദികളും, കടലുകളും നിറച്ച്, ഭൂമിയെ തന്നെ മൂടിക്കളയുന്ന രീതിയിൽ മാറുന്നതായി പറയുന്നു. 9 പകലും, 9 രാത്രിയും നീണ്ടുനിന്ന മഴയിൽ, പ്രൊമിത്യുസും, അഥീനയും ഒഴിച്ച് ബാക്കിയെല്ലാം നശിക്കുകയാണ്. നോഹയുടെ പേടകം പോലെ ഒരു പേടകത്തിൽ കയറിയാണ് ഈ രണ്ടുപേർ രക്ഷപെടുന്നതും. വെള്ളം ഇറങ്ങിക്കഴിഞ്ഞ സിയൂസ് ദേവന്റെ ആജ്ഞപ്രകാരം, എല്ലാ ജീവജാലങ്ങളുടെ മൺരൂപങ്ങൾ അവർ ഉണ്ടാക്കിവെച്ചു. സിയൂസ്




ദേവൻ, കാറ്റിനെ വിളിവരുത്തി, ഈ മൺരൂപ ങ്ങളിലൂടെ ഊതിക്കടത്തി ജീവൻ വയ്പ്പിച്ചു!

ബാബിലോണിയൻ ഐതീഹ്യത്തിൽ, മനുഷ്യന്റെ ദുഷ്ചെയ്തികളിൽ മനംമടുത്ത ദേവന്മാർ, ഓരോ 1200 വർഷങ്ങളിലും പ്ളേഗ് എന്ന മഹാരോഗത്തേയും, പിന്നീട് കൊടും പട്ടിണിയും ഭൂമിയിലേക്ക് അയച്ചെങ്കിലും, മനുഷ്യർ നന്നാവുന്ന ഒരു ലക്ഷണവും കാണി ക്കാത്തത് കൊണ്ട് വലിയ പ്രളയജലത്തെ അയച്ചു എന്നും, അത് ഭൂമിയിലെ സകലതി നെയും, ഭൂമിയെത്തന്നെയും മുക്കിക്കളഞ്ഞു എന്നാണ് പറയുന്നത്. കിഴക്കൻ ആഫ്രിക്ക യിലെ കഥകളിലും വെള്ളപ്പൊക്കവും നോഹ യുടെ പേട്ടകം പോലെ ഒന്നും, ഉണ്ട്. ഇവിടെയും മൃഗങ്ങളും പക്ഷികളും മനുഷ്യരും എല്ലാം മരിക്കുന്നു. പക്ഷേ, വെള്ളപ്പൊക്കം വരാന്നു ണ്ടായ കാരണത്തിൽ ഒരു വ്യത്യാസമുണ്ട്. അതുവരെ കൊലപാതകങ്ങൾ ഇല്ലാതിരുന്ന ലോകത്തിൽ "നംബിജ" എന്നയാൾ "സുഏജ്" എന്ന മറ്റൊരാളെ തലക്കടിച്ച് കൊന്നതിൽ ക്രുദ്ധരായിത്തീർന്ന ദേവന്മാർ വെള്ളപ്പൊക്ക ത്തിൽ ഭൂമിയെയാകെ മുക്കിക്കളഞ്ഞു എന്ന പാഠഭേദമാണ് ഇവിടെ.

മത്സ്യപുരാണത്തിലും മറ്റു ഹിന്ദു ഐതിഹ്യങ്ങളിലും, നദിയിൽ കൈകഴുകുക യായിരുന്ന "മനുവിന്റെ അടുത്ത് രക്ഷ യാചിച്ചു കൊണ്ട് ഒരു ചെറുമത്സ്യം നീന്തി വന്നു എന്നും, അതിനെ രക്ഷപ്പെടുത്തിയതിനു പ്രത്യുപകാര മായി, ഒരാഴ്ചക്കകം സകല ജീവജാലങ്ങളേയും നശിപ്പിക്കുന്ന വലിയ വെള്ളപ്പൊക്കം ഉണ്ടാകു മെന്ന് മുന്നറിയിപ്പ് കൊടുത്തതായും പറയുന്നു. നോഹയുടെ പേട്ടകം പോലെ ഒരു വലിയ തോണി പണിതാണ് ഇവിടെയും രക്ഷപ്പെടൽ.

റഷ്യയിലെ വെള്ളപ്പൊക്കം കുറച്ച് സ്ത്രീ വിരുദ്ധമാണ്. "നോഹ" പേടകം പണിയുന്നിത് എന്തിനാണെന്നറിയാൻ ചെകുത്താൻ വരികയും, നോഹയുടെ ഭാര്യ യെ സ്വാധീനിച്ച്, ലഹരി കൂടിയ ഒരു പാനീയം തയ്യാറാക്കി നോഹയ്ക്ക് കൊടുപ്പിക്കുകയും ചെയുന്നു. മദ്യലഹരിയിൽ, നോഹ, വെള്ളപ്പൊക്കം വരുന്നു എന്ന ദൈവ ത്തിന്റെ രഹസ്യ അരുളപ്പാട് അറിയാതെ പറഞ്ഞുപോകുന്നു. ഈ പേടകത്തിന്റെ പണിമുടക്കാൻ പിശാചിന്റെ കുതന്ത്രങ്ങളാണ് പിന്നീട് നടക്കുന്നത്. ഇതൊന്നും പോരാതെ, പേടകം ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ നോഹയുടെ ഭാര്യയുടെ കൂടെ പിശാച് പേടകത്തിനകത്തു കയറിക്കൂടുകയും എലിയായി മാറി, കപ്പലിന്റെ അടിയിൽ ദ്വാരങ്ങളുണ്ടാക്കി അതിനെ മുക്കി ക്കളയാൻ ശ്രമിക്കുകയും ചെയ്തത്രേ, അവിടെയും പഴി പെണ്ണിന് തന്നെ!

ചൈനയിലെ വെള്ളപ്പൊക്ക കഥ രസ കരമാണ്. മനുഷ്യരുടെ ദുഷ്ചെയ്തികളിൽ മനം മടുത്ത്, ജലദേവനായ 'ഗോങ് ഗോങ്' വെള്ള പ്പൊക്കമുണ്ടാക്കാൻ തീരുമാനിക്കുന്നു. ഒരു



കൊല്ലത്തോടെ വെള്ളപ്പൊക്കം എന്നാണ് ആദ്യ തീരുമാനം. എങ്കിലും, മനുഷ്യരുടെ 'കയ്യിലിരുപ്പ്' അത്ര മോശമായതുകൊണ്ട് 22 കൊല്ലത്തേക്ക് പ്രളയം ഉണ്ടാക്കി എന്നുമാണ് കഥ. ഒടുവിൽ ഒരു മൂങ്ങയും ടർക്കി കോഴിയും പറഞ്ഞുകൊടുത്തതനുസരിച്ച് 'കസിറാങ്ങ്' എന്ന അദ്ഭുത മണ്ണ് ദേവലോകത്തു നിന്ന് കൊണ്ടുവന്ന് അണകെട്ടി, വെള്ളപ്പൊക്കം തടയേണ്ടി വന്നു. മനുഷ്യൻ കൊന്നൊടുക്കുന്ന പക്ഷികളും, മൃഗങ്ങളും ആണ് ഒടുവിൽ, മനുഷ്യരുടെ രക്ഷക്കായി അവശേഷിക്കുന്ന തെന്ന ഗുണപാഠവും ഈ വെള്ളപ്പൊക്ക കഥയിൽ ഉണ്ട്.

വിക്ടോറിയ (ആസ്ട്രേലിയ )യിലെ വെള്ളപ്പൊക്ക കഥ നമ്മെ ചിരിപ്പിച്ചു കൊല്ലും. ഒരു ഭീമാകാരൻ തവള, ഭൂമിയിലെ വെള്ളം മുഴുവൻ കുടിച്ചു തീർക്കുന്നു. മനുഷ്യരും, മറ്റ് ജീവികളും വെള്ളമില്ലാതെ വലഞ്ഞു. ആരു ശ്രമിച്ചിട്ടും തവള, വായ തുറക്കില്ലെന്ന ദൃഢനിശ്ചയത്തിലിരുപ്പാണ്. ഒടുവിൽ, ഒരു നീർക്കോലി തമാശ പറഞ്ഞു പറഞ്ഞ് തവളയെ ചിരിപ്പിച്ചു. അങ്ങനെ, വായതുറന്നപ്പോൾ, വയറിലെ വെള്ളമെല്ലാം തിരിച്ചു ഒഴുകി വലിയ വെള്ളപ്പൊക്കം ഉണ്ടാവുകയും എല്ലാ ജീവ ജാലങ്ങളും മരിച്ചു പോവുകയും ചെയ്തത്രേ!

വടക്ക്-കിഴക്കൻ ആസ്ട്രേലിയ (ആൻ ഹെം ലാൻഡ് )യിലെ വെള്ളപ്പൊക്ക കഥ കുറച്ചു ഭീകരമാണ്. 'വാവ് വെലാക്' സഹോദരി മാരിൽ ഒരാൾ അനാശ്യാസപ്രവർത്തനത്തിൽ ഏർപ്പെടുന്നു. മറ്റേ സഹോദരിയുടെ ആർത്തവ രക്തം വീടിന്റെ ചുമരിൽ പറ്റുന്നു. ഇതു കഴുകിക്കളയാൻ, മഴ വരുന്നു. കഴുകിയിട്ടും കഴുകിയിട്ടും രക്തക്കറ പോകാതെ വന്നപ്പോൾ വെള്ളപ്പൊക്കം തന്നെ വന്ന് സഹോദരിമാരെയും, വീടിനെയും, ആ നഗരത്തെത്തന്നെയും മുക്കി ക്കളഞ്ഞു എന്നാണ് കഥ. അനാശ്യാസത്തിനു സ്ത്രീകളെ മാത്രം പഴിക്കുകയും, ആർത്തവ രക്തത്തിനു പതിത്വം കൽപ്പിക്കുകയും ചെയ്യുന്ന വികലമായ സമ്പ്രദായം ഓസ്ട്രേലിയയിലും ഉണ്ടെന്നു സാരം.

### ദുരിതം വിതച്ച വെള്ളപ്പൊക്കങ്ങൾ

1931ൽ ചൈനയിൽ ഉണ്ടായ വെള്ള പ്പൊക്കമാണ് കഴിഞ്ഞ നൂറ്റാണ്ടിൽ, മനുഷ്യ രാശി കണ്ട ഏറ്റവും നാശം വിതച്ച വെള്ള പ്പൊക്കം. നാൽപതു ലക്ഷത്തോളം ആളുകൾ ആണ് മരിച്ചു വീണത്. ചൈനയിലെ മഞ്ഞ നദി (യെല്ലോ റിവർ)യിൽ 1887ൽ ഉണ്ടായ വെള്ള പ്പൊക്കമാണ് രണ്ടാം സ്ഥാനത്ത്. 20 ലക്ഷം പേർ മരണമടഞ്ഞു എന്നാണ് കണക്ക്. 1938ൽ, ഇതേ നദിയിൽ ഉണ്ടായ വെള്ളപ്പൊക്കം രണ്ടാം ചൈന-ജപ്പാൻ യുദ്ധ കാലത്താണ് നടക്കുന്നത്. ജപ്പാന്റെ കടന്നുകയറ്റത്തെ തടയാൻ ചൈന, മഞ്ഞ നദിയിലെ ബണ്ടുകൾ തകർത്തു കളഞ്ഞു എന്നും, ജനവാസകേന്ദ്രങ്ങളിലേക്ക് വെള്ളം ഇരച്ചു കയറി എന്നുമാണ് ഒരു പ്രചരണം. ലക്ഷകണക്കിന് ആളുകളെ സുരക്ഷിതസ്ഥലങ്ങളിലേക്ക് മാറ്റി യെങ്കിലും 8 ലക്ഷത്തോളം ആളുകൾ മുങ്ങിമരിച്ചു എന്നു ചരിത്രം!

1971ൽ വടക്കൻ വിയറ്റ്നാമിലെ "ഹാനോയി"ലെ ചുവന്ന നദിയിൽ (Red River

Delta) ഒരു ലക്ഷം പേർ, 1974ൽ ബംഗ്ലാദേശിൽ 28700 പേർ, ജർമനിയിൽ 1634ൽ ഉണ്ടായ വെള്ള പ്പൊക്കത്തിൽ 15000 പേർ, 1954 ൽ ഇറാനിൽ 10000 പേർ, 1824ൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ 10,000 പേർ, 1950ൽ പാകിസ്ഥാനിൽ 2910 പേർ ............ വെള്ളപ്പൊക്ക മരണങ്ങളുടെ കണക്ക് പിന്നെയും തുടരുകയാണ്. കൂട്ടത്തിൽ പറയട്ടെ, അലക്സാണ്ടർ പുഷ്കിൻ എന്ന വിഖ്യാതനായ കവിയുടെ 'ദി ഹോഴ്സ് ഷൂ മാൻ' എന്ന കവിതയ്ക്ക് ആധാരം 1824ൽ റഷ്യയിലുണ്ടായ വെള്ളപ്പൊക്കമാണ്.

**ഇന്ത്യയിലെ വെള്ളപ്പൊക്കങ്ങൾ**

ദേശീയ വെള്ളപ്പൊക്ക കമ്മീഷൻ (നാഷണൽ ഫ്ലഡ് കമ്മീഷൻ) 1976ലെ റിപ്പോർട്ടിൽ പറയുന്നത് ഇന്ത്യയിൽ 40 മില്യൺ ഹെക്ടർ സ്ഥലം വെള്ളപ്പൊക്ക സാധ്യതാ പ്രദേശങ്ങളാണെന്നാണ്. അടുത്ത 25 കൊല്ല ത്തിനുള്ളിൽ രൂക്ഷമായ വെള്ളപ്പൊക്കത്തിൽ അപകടപ്പെടാൻ സാധ്യതയുള്ളവരുടെ ജനസംഖ്യ 6 ഇരട്ടി വർദ്ധിക്കും എന്നാണ് പഠനങ്ങൾ പറയുന്നത്. 2005 ജൂലൈ 26ന് മുംബൈയിൽ ഉണ്ടായ വെള്ളപ്പൊക്കം, ഇന്ത്യ യിലെ ഈ പ്രമുഖ മെട്രോപൊളിറ്റൻ നഗരത്തെ അക്ഷരാർത്ഥത്തിൽ മുട്ടുകുത്തിച്ചു എന്നു പറയാം. 39 ഇഞ്ച് മഴ ഇരുപത്തിനാല് മണിക്കൂറിൽ ആയിരത്തി തൊണ്ണൂറ്റി നാലുപേർ പേർ മരിച്ചു എന്നാണ് ഔദ്യോഗിക കണക്ക്. പക്ഷേ, അനൗദ്യോകിമായി, പതിനായിരങ്ങൾ അപ്രത്യക്ഷരായി എന്നാണ് റിപ്പോർട്ട്. ദിവസേന 7.5 മില്യൺ ആളുകൾ അതായത്, 75 ലക്ഷ ത്തോളം പേർ തലങ്ങും വിലങ്ങും യാത്ര ചെയ്യുന്ന മഹാനഗരത്തിൽ, എത്രപേർ കാണാ തായി എന്നതിന് എന്തു കണക്ക്. റോഡി ലൂടെ അരക്കൊപ്പം വെള്ളത്തിൽ നടന്നുപോയ ഒരുപാടു പേർ, തുറന്നുവെച്ച മാൻ ഹോളി (ആൾത്തുള)ലേക്ക് വീണുപോയി എന്നാണ് കരുതപ്പെടുന്നത്. ആൾത്തുളയിൽ വീണു പോയാൽ ദുർഗന്ധം വമിക്കുന്ന ഇരുണ്ട ചാലുകളിലൂടെ കടലിലാണ് ചെന്നെത്തുക. ഇങ്ങനെ മരിച്ചു പോയവരിൽ ദീപക് അമരാപ്പുക്കർ എന്ന, 58 വയസുള്ള പ്രമുഖ ഡോക്ടറും ഉൾപ്പെടുന്നു. റോഡിലെ 6 ഇഞ്ച് വെള്ളം നടന്നു പോകുന്ന ഒരു മുതിർന്ന മനുഷ്യനെ തള്ളിയിടാൻ പര്യാപ്തമാണ്. 12 ഇഞ്ച് വെള്ളത്തിനു ചെറിയ വാഹനങ്ങളെ ഒഴുക്കി കൊണ്ടുപോകാൻ പറ്റും. രണ്ടടി വെള്ളത്തിനു വലിയ ഒരു ട്രക്കിനെ ഒഴുക്കി ക്കൊണ്ടുപോകാനും പറ്റും. ഈ സാമാന്യ വിവരം അറിയാത്തവരാണ് മുംബൈയിൽ മരണമടഞ്ഞവരിൽ ഏറെയും. കാറിന്റെ ഉയരത്തിന്റെ പകുതിയിൽ കൂടുതൽ വെള്ളം നിറയുന്നതിനു മുൻപ് പുറത്ത് കടന്നില്ലെങ്കിൽ ഒരിക്കലും ഡോർ തുറക്കാൻ പറ്റാതാവും എന്ന് പലർക്കും അറിയില്ല. വെള്ളക്കെട്ടിലൂടെ പോവുമ്പോൾ ട്രാഫിക് കുരുക്കിലോ മറ്റോ പെട്ടുപോയാൽ എക്സോസ്റ്റ് (exhaust) പൈപ്പ് വെള്ളത്തിനടിയിലാണെങ്കിൽ എഞ്ചിൻ മുങ്ങിയ കാറിൽ കാർബൺ മോണോക്സൈഡ് വാതകം നിറയും. 2005ലെ മുംബൈ വെള്ളപ്പൊക്കത്തിൽ 16 പേരാണത്രേ ഇങ്ങനെ മരിച്ചത്. 2016ൽ അസ്സമിലുണ്ടായ വെള്ളപ്പൊക്കത്തിൽ 18 ലക്ഷം ആളുകൾ മരിച്ചതിനു പുറമെ 'കാസിരംഗ' ദേശീയ പാർക്കിലെ 200-ഓളം വന്യജീവികളും ചത്തു. 481 ചതുരശ്ര കി. മീ. വ്യാപിച്ചു കിടക്കുന്ന നാഷണൽ പാർക്കിന്റെ ഏകദേശം 80 ശതമാനവും വെള്ളത്തിനടിയിലായി. ഏഴു റൈനോ, 122 മാനുകൾ, 2 ആന, 3 കരടി, ഒരു മുള്ളൻപന്നി ഇങ്ങനെ 140 ഓളം മൃഗങ്ങൾ രക്ഷപെടാനാകാതെ കൂട്ടിൽ കിടന്നു ചത്തു. കാട്ടിലായിരുന്നെങ്കിൽ ഇവയൊക്കെ സ്വമേ ധയാ രക്ഷാസങ്കേതങ്ങളിലേക്ക് ഓടി രക്ഷ പ്പെട്ടേനെ എന്നോർക്കുമ്പോൾ കൂട്ടിലടച്ച് അവരെ കാഴ്ചവസ്തുക്കളാക്കുന്നതുവഴി എത്ര വലിയ ക്രിമിനൽ കുറ്റമാണ് നമ്മൾ ചെയ്തത് എന്നു മനസിലാകും. ആസ്സാമിലെ വെള്ള പ്പൊക്കം കാർഷിക രംഗത്ത് ഉണ്ടാക്കിയ ദുരിതം ചില്ലറയല്ല. രണ്ടുലക്ഷത്തിപതിമൂവാ യിരത്തിഇരുന്നൂറ്റിഅമ്പ ത്തി ഒന്ന് (213251. 52) ഹെക്ടർ സ്ഥലത്തെ കൃഷി ഭൂമിയാണ് നശിച്ചത്. വരുമാനം







ഉണ്ടാക്കാൻ പലരും ബീഡി തെറുപ്പിലേക്കും മറ്റും തിരിഞ്ഞു. അഞ്ചിനും 14നും ഇടക്ക് പ്രായമുള്ള 15000 കുട്ടികൾ സ്കൂൾ ഉപേക്ഷിച്ച് അപകടം നിറഞ്ഞതും അല്ലാത്തതുമായ പല വ്യവസായ ശാലകളിൽ ജോലിക്കു പോകാൻ നിർബന്ധി തരായി. കേരളത്തിലും വെള്ളപ്പൊക്കം ഉണ്ടാക്കിയ കെടുതികൾ ചില്ലറയല്ല. ജൂലൈ മാസത്തിൽ ഉണ്ടായ കനത്ത മഴയിൽ 14ൽ 8 ജില്ലകളും ദുരിതത്തിലാഴ്ന്നു. ഇരുപതോളം ജീവനുകൾ നഷ്ടമായി. ആയിരം കോടി രൂപയുടെ നഷ്ടമുണ്ടായി. പതിനായിരങ്ങൾ റിലീഫ് ക്യാമ്പുകളിലായി. കുടിക്കാൻ ശുദ്ധമായ വെള്ളം പോലും കിട്ടാതെ, ആലപ്പുഴയിലും മറ്റും ആയിരകണക്കിന് കുടുംബങ്ങൾ പ്രയാസപ്പെട്ടു. കഷ്ടപ്പെട്ടു സമ്പാദിച്ച മെത്തയും സോഫയും കുട്ടികളുടെ നോട്ടുപുസ്തകങ്ങളും റേഷൻ കാർഡ് ഉൾപ്പെടെ വിലപ്പിടിപ്പുള്ള രേഖകളും അഴുക്കുവെള്ളത്തിൽ കുതിർന്നു ഉപയോഗശൂന്യമായി.

രണ്ടു ദശാബ്ദങ്ങളുടെ കാലയളവിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിനാണ് കുട്ടനാട് സാക്ഷ്യം വഹിച്ചത്. കൈനകരി പഞ്ചായത്തിലെ 36 വയസുള്ള സുനിലപ്പൻ എന്ന യുവാവ് മേൽക്കൂരയുടെ മുകളിൽ കട്ടിൽ ബന്ധിച്ച് ഒന്നോ രണ്ടോ ആഴ്ച കഴിയേണ്ടി വന്ന ദുരവസ്ഥ വാർത്തകളിൽ നിറഞ്ഞിരുന്നു. സുനിലപ്പൻ മാത്രമല്ല 22000 കുടുംബങ്ങൾ ഏകദേശം ഇതേ അവസ്ഥയിലായിരുന്നു. ഫോൺ ബന്ധങ്ങളോ, വൈദ്യുതിയോ ഇല്ലാതെ, സഹായവുമായി എത്തുന്ന റവന്യൂ അധികാരികളെ കാത്ത ദിവസങ്ങൾ....... ബോട്ടിൽ കൊണ്ടു ചെന്നെത്തിച്ച ഒരു കലം വെള്ളത്തിൽ കുടുംബത്തിലെ അഞ്ചോ ആറോ അംഗങ്ങൾ എല്ലാ ആവശ്യങ്ങളും നിറവേറ്റേണ്ട അവസ്ഥ!.. ദുരിതങ്ങൾ ഒഴിയുന്നില്ല 1901നും 2015നും ഇടയിൽ മഴയുടെ അളവിൽ മൂന്നിരട്ടി വർദ്ധനയാണ് ഉണ്ടായത് എന്നു കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ പറയുന്നു.

മഴ അനുഗ്രഹമാണ്. പക്ഷേ കേരളം പോലെ പാരിസ്ഥിതികമായി ദുർബലമായ ഒരു സംസ്ഥാനത്തെ ഒരുപാട് ചിന്തിച്ച് വികസന പദ്ധതികൾ നടപ്പിലാക്കിയില്ലെങ്കിൽ ഇനി വരുന്ന വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ടേക്കാം.

മഴ അല്ല പ്രശ്നം. പെയ്യുന്ന മഴയെ ശാസ്ത്രീയമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതുൾപ്പെടെ, ശരിയായ ദുരന്തനിവാരണവും, പരിസ്ഥിതി സൗഹൃതമായ വികസനനയങ്ങളും നടപ്പിക്കുക എന്നതാണ് പ്രധാനം.

അല്ലെങ്കിൽ, മഴയും ശാപമായി മാറും!

■

യാത്രാവിവരണം



**നന്ദിനി മേനോൻ**
പ്രവാസി ആന്ധ്ര മലയാളി
ത്രൈമാസികയുടെ പത്രാധിപ,
വിശാഖപട്ടണത്ത് താമസം

# ചുടല ചണ്ഡാലൻ

ആരതി നന്നായിക്കാണുവാൻ പാകത്തിന്, ഞങ്ങളുടെ കൊച്ചുതോണിയടുപ്പിച്ചു നിർത്തുവാൻ ശ്രമിച്ചു കാണ്ടേയിരിക്കുകയായിരുന്നു ആ യുവാവ്. ഇരുപത്തഞ്ചോളം വയസു തോന്നിക്കുന്ന അവൻ, പങ്കായം കൊണ്ടും, കയ്യു കൊണ്ടും, ആളൊഴിഞ്ഞ മറ്റു തോണികൾ നീക്കിയും, തള്ളിയും, ചില തോണിക്കാരോട് കൂവിയും ഒടുവിൽ നല്ലൊരിടം കണ്ടു പിടിച്ചു. ദശാശ്വമേധ ഘാട്ടിലെ, പ്രസിദ്ധമായ സന്ധ്യാ ആരതി കാണാൻ ഞങ്ങൾ ഒരുങ്ങിയിരുന്നു. താമസിക്കുന്ന ഹോട്ടലിൽ നിന്നും ഏർപ്പാടാക്കി ത്തന്ന ഓട്ടോറിക്ഷയിൽ ഗംഗാ തീരത്തേക്ക് ഞങ്ങൾ നേരത്തെ പുറപ്പെട്ടിരുന്നു. ടാക്സി മതി, ഓട്ടോ വേണ്ടായെന്നു പറഞ്ഞപ്പോൾ, റിസപ്ഷനിൽ ഇരുന്നയാൾ ചിരിച്ചു: 'സർ ഓട്ടോറിക്ഷയിൽ പോയാലെ അവിടെയെത്തൂ. ടാക്സി ഈ തെരുവു പോലും കടക്കില്ല. ശരിക്കും സൈക്കിൾ റിക്ഷയാണു നല്ലത്.' നടന്നു പോയാലും അതേതായാലും വേണ്ട എന്നു കരുതി ഓട്ടോറിക്ഷയിൽ കയറി ഇരുന്നു. ഡ്രൈവർ വളരെ ഉത്സാഹി. ആരതി കണ്ട്, പിന്നെ കഴിയുന്നത്ര ഘാട്ടുകളിലൂടെ നടക്കുകയാണ് ലക്ഷ്യം എന്നറിയിച്ചതും, ഏറ്റവും സൗകര്യമുള്ളിടത്തിലൂടെ ഘാട്ടിലേക്കിറക്കി വിടാം എന്ന ദൗത്യം ഏറ്റെടുത്തു. കുറച്ചു ദൂരം നഗരപാതയിലൂടെ ഓടിയതിനു ശേഷം, വണ്ടി ഇടുങ്ങിയ ഗലിയിലേക്ക് നൂഴ്ന്നു. പിന്നെയാണ് അയാളുടെ ഡ്രൈവിംഗ് പാടവം ശരിക്കു കണ്ടത്.

ഗലികളിൽ പ്ലാസ്റ്റിക് മണത്തു നില്ക്കുന്ന പശുക്കളേയും, ഉൻമത്തരായി കൊമ്പു കുലുക്കുന്ന കാളക്കൂറ്റൻമാരെയും കാൽ കൊണ്ട് ചവിട്ടയക റ്റിയും, വെറ്റില തുപ്പലും കുഴമ്പു വെള്ളവും നിറഞ്ഞ വൃത്തികെട്ട ഓടകളിൽ നിന്നകന്ന് നടുവിലൂടെ നീങ്ങുന്ന ആളുകളെ കൈ കൊണ്ടു ഉന്തിയും, ഉറക്കെ ശാസിച്ചും, ചിലയിടങ്ങളിൽ ഇറങ്ങിത്തള്ളിയും അയാൾ കാണിക്കുന്ന സാഹസിക പ്രകടനങ്ങൾ കണ്ടിരിക്കാനേ ഞങ്ങ ൾക്ക് കഴിഞ്ഞുള്ളൂ. ഗലിയിലേക്ക് ചായ്ച്ചു കെട്ടിയതിൽ തൂക്കിയിട്ടിരിക്കുന്ന വർണ്ണപകിട്ടുള്ള സാരികൾ നടന്നു പോകുന്നവരുടെ മുഖത്തും, കാളക്കൊമ്പിലും, സൈക്കിൾ റിക്ഷകളിലും ഉരുമ്മുന്നുണ്ടായിരുന്നു. തെരുവിന്റെ ഏകദേശം കാൽ ഭാഗത്തോളം കയ്യേറി വെച്ചിരിക്കുന്ന, സമോസയും കച്ചോരിയും ഉണ്ടാക്കുന്ന തിളക്കുന്ന കൂറ്റൻ എണ്ണപ്പാത്രങ്ങൾക്കരികിലൂടെ സർക്കസു കാരന്റെ മെയ്വഴക്കം കാട്ടുന്ന ഓട്ടോറിക്ഷ നീങ്ങിക്കൊണ്ടിരുന്നു. വെറ്റിലക്കൂടകളേയും, കലാപരമായി മധുര പലഹാരങ്ങൾ അടുക്കിയ തട്ടുകളേയും, ബനാറസ് സാരിക്കടകളിലേക്ക് ആളെപ്പിടിക്കാൻ നില്ക്കുന്നവരേയും തൊട്ടും ഉരുമ്മിയും തള്ളിയും ചവിട്ടിയും ഞങ്ങൾ നീങ്ങി. ഏതോ പൗരാണിക കാലത്തെ എടുപ്പുകൾക്കിട യിലൂടെ ഇത്തരം നൂറു നൂറു വഴികളുണ്ട് ഇവിടെ. ചോര ചുവപ്പു നിറമുള്ള, കോട്ട പോലുള്ള ഈ കെട്ടിടങ്ങളുടെ ജനാലകളും, വാതിലുകളുമാണ് കടകളായി മാറിയിരിക്കുന്നത്. ഇടക്കിടെ ചില വാതിലുകളിലൂടെ ഇരുണ്ട ഗുഹ പോലുള്ള അകത്തളങ്ങൾ ഒരു നോക്കു കാണാം. അവിടെ യൊക്കെ ആൾത്താമസവും ഉണ്ട്. ഈ ഗുഹാ വാസം ഒന്നു കയറിക്കാണുവാൻ കഴിയുമോയെന്ന് ചോദിച്ചതും, അയാൾ ഒരു വാതിലിനു മുന്നിൽ വണ്ടി നിർത്തിയതും ഒന്നിച്ചായിരുന്നു. കരിയും, എണ്ണയും, മഞ്ഞ നിറവും പിടിച്ചിരുന്ന ഇരട്ട വാതിലുകൾ തുറന്നു കിടന്നിരുന്നു. തീരെ



ഇടുങ്ങിയ വാതിലിലൂടെ അകത്തെ ഇരുട്ടു മുറിയിലെ ചുവരുകളിൽ തൂക്കിയിരുന്ന ഫോട്ടോകളും, അയയിലെ തുണികളും കണ്ടു. ‘കേറി നോക്കിക്കോ അമ്മേ....’ അയാൾ ഒരു സംശയവുമില്ലാതെ ധൈര്യം തന്നുവെങ്കിലും, വീട്ടുകാരെ ആരേയും പുറത്തു കാണാതെ, അനുവാദം ചോദിക്കാതെ അതിനകത്ത് കയറാൻ മടിച്ച് ഞങ്ങൾ വാതില്ക്കൽത്തന്നെ നിന്നു. വാതിലല്ലാതെ വേറൊരു പഴുതുമില്ലാത്ത, കാശിയോളം തന്നെ പഴക്കമുള്ള ആ ജീർണിച്ച കെട്ടിടത്തിനകത്തെ ജീവിതമെങ്ങിനെയെന്നറിയാൻ വളരെ ആഗ്രഹമുണ്ടായിരുന്നിട്ടും അത് അടക്കി. ഗുഹകളിലൂടെയുള്ള സാഹസിക യാത്ര, നിരവധി പടിക്കെട്ടുകൾക്കു മുകളിലുള്ള വിശാലമായ ആനവാതിലിൽ അവസാനിച്ചു. മുന്നിൽ നിറഞ്ഞൊഴുകുന്ന ഗംഗ. പടിക്കെട്ടുകൾ ഇറങ്ങിയാൽ, നല്ല വീതിയുള്ള ഘാട്ടുകളിലൂടെ നടക്കാം. ഗംഗാനദി കൂടുതൽ കൂടുതൽ വിഷലിപ്തമാവുന്നുണ്ടെങ്കിലും, എൺപത് ഘാട്ടുകളിലായി നീണ്ടു കിടക്കുന്ന കാശിയിലെ ഗംഗാ തീരം നല്ല വൃത്തിയുണ്ട്. ധാരാളം വിദേശ സഞ്ചാരികൾ, പൗരാണിക സംസ്കൃതിയന്വേഷിച്ച് അലയുന്ന ഇടമായതിനാലാകാം, ഇവിടം ഇപ്പോൾ ഒരുവിധം ഭംഗിയായിത്തന്നെ സൂക്ഷിക്കുന്നുണ്ട്. തുപ്പൽ കുഴമ്പും, കെട്ടുനാറുന്ന ഓടകളും, പുകയുന്ന കൊഴുത്ത എണ്ണയും, ചാണകവും, പട്ടുസാരി വില്പ്പനക്കാരുടെ പിടിവലിയും, കാളക്കൂറ്റന്റെ ധാർഷ്ട്യവും താണ്ടി ഇവിടെയെത്തുമ്പോൾ, കാറ്റിനു നനവും തണുപ്പും .... ഗംഗയിലൂടെ തുഴഞ്ഞ് എൺപതു ഘാട്ടുകളും കണ്ടു കഴിയുമ്പോഴേക്കും, ആരതിക്ക് സമയമാവും എന്നു കരുതിയാണ് ഈ ചെറുപ്പക്കാരന്റെ കൊച്ചു തോണിയിൽ കയറിയത്. ഞങ്ങൾ തോണിയിൽ കയറുന്നതു വരെ കൂടെ നിന്ന്, ഫോൺ നമ്പർ തന്ന്, തിരിച്ചു പോകാനാവുമ്പോൾ വിളിച്ചാൽ മതിയെന്നറിയിച്ച് ഡ്രൈവർ വിടവാങ്ങി. പതുക്കെ നീങ്ങുന്ന തോണിയിലിരിക്കുമ്പോൾ, നാമേതോ ടൈം മെഷീനിൽക്കേറി, വർഷങ്ങളും കാലങ്ങളും പിന്നിട്ട്, വേറേതോ പുരാതന യുഗത്തിലൂടെ സഞ്ചരിക്കുകയാണ് എന്നു തോന്നും. പുരാണ സിനിമ, സീരിയൽ, അമ്പിളി അമ്മാമൻ കഥകളിൽ കാണുന്ന തരം പടു കൂറ്റൻ കെട്ടിടങ്ങൾ ഘാട്ടുകളിലെ പടിക്കെട്ടുകൾക്കു മുകളിൽ നിരന്നു നിന്നു. പടികളിലേക്ക് തുറക്കുന്ന നിരവധി കോട്ട വാതിലുകളിലൂടെയാണ്, കാശി നഗരത്തിലെ ഗലികൾ ഗംഗയിലേക്കെത്തുന്നത്. മൂന്നും നാലും നിലകളിലായി പടുത്തുയർത്തിയ മങ്ങിയ ചുവപ്പു നിറമുള്ള കോട്ടകൾ പോലെയും, കൊട്ടാരങ്ങൾ പോലെയുമുള്ള കെട്ടിടങ്ങൾ. ഓരോ ഘാട്ടിന്റെയും പേര് ഇതിന്റെ ചുവരുകളിൽ വലുതായി എഴുതി വെച്ചിട്ടുണ്ട്. ഗയ്യാ ഘാട്ടിൽ നിന്നു തുടങ്ങി, അസ്സി ഘാട്ടിൽ അവസാനിക്കുന്ന എൺപത്




കടവുകൾ ഉണ്ടെങ്കിലും, ചരിത്ര പ്രാധാന്യമുള്ള ഇടങ്ങൾ മാത്രമെ വെള്ളിവെളിച്ചത്തിൽ അലങ്കരിച്ചിട്ടുള്ളു. അപ്രധാനമായവയിൽ മഞ്ഞച്ച ബൾബുകൾ മാത്രം. ആൾത്തിരക്കേറിയ ഘാട്ടുകളും, സഞ്ചാരികൾ കാറ്റു കൊള്ളുന്ന ഇടങ്ങളും, തീരെ വിജനമായ കടവുകളും കണ്ടു. പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങൾക്കിടയിലൂടെ മുളച്ചു പൊന്തിയ നിരവധി കൂറ്റൻ വൃക്ഷങ്ങളിൽ കാവിക്കൊടികൾ. പരേതർക്കായി ക്രിയ ചെയ്യുന്ന ഘാട്ടുകളെല്ലാം സായാഹ്നത്തിൽ വിജനമാണ്. വെളുത്ത തുണികൊണ്ടും, പനയോല കൊണ്ടും ഉണ്ടാക്കിയ തണൽക്കുടകൾ മാത്രം ഗതിയില്ലാതെ കിടക്കുന്നതു കണ്ടു. പതുക്കെ നീങ്ങുന്ന തീരം നോക്കിയിരുന്ന്, ഒരു തരം സ്ഥലകാലഭ്രമത്തോടെ ഞങ്ങൾ ആരതി നടക്കുന്ന ഘാട്ടിൽ എത്തി നിന്നതാണ്.

ഗംഗ ആരതി ഒരു കാഴ്ച്ചയാണ്. ഒരേ പ്രായത്തിലും, രൂപഗുണത്തിലും ഉള്ള യുവാക്കൾ, മഞ്ഞ പട്ടുവസ്ത്രങ്ങൾ അണിഞ്ഞ്, അലങ്കരിച്ച ഉയർന്ന പീഢങ്ങളിൽ, പൂത്തുലഞ്ഞ കർണ്ണികാരങ്ങൾ പോലെ നിന്നു. സൗമ്യ വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ, അവർ ഒരേ താളത്തിൽ നെയ് വിളക്കുകൾ ഉഴിഞ്ഞു, ശംഖൂതി, പൂക്കൾ അർപ്പിച്ചു. അതി മനോഹരമായി



ചിട്ടപ്പെടുത്തിയ ഒരു അനുഷ്ഠാന കല പോലെ, കരിമ്പിൻത്തണ്ടു പോലുള്ള മേനി വളച്ചും, ഉലച്ചും അവർ ആരതിയുഴിഞ്ഞു. നദിയിൽ നിന്നു നോക്കുമ്പോൾ, അവരുടെ കത്തുന്ന ചുവന്ന മുഖങ്ങൾക്ക് ഒരേ ച്ഛായ. അവരുയർത്തിയ നിരവധി തട്ടുകളുള്ള നെയ് വിളക്കുകൾ, ഗംഗയിൽ മുഖം നോക്കി. ആയുധാഭ്യാസ പ്രകടനത്തിനിറങ്ങിയ രാജകുമാരൻമാരെപ്പോലെ, പീഠത്തിനു മുകളിൽ അവർ വിളങ്ങി. ഋഷീകേശിലും, ഹരിദ്വാറിലും ഗംഗ ആരതി കണ്ടിട്ടുണ്ട്. ഇത്രയും മനോഹരമായ കാഴ്ച്ച ഇപ്പോൾ ആദ്യമായി. ആരതി, നദിയിൽ നിന്നു കാണുന്നതും, ഘാട്ടിൽ നിന്നു കാണുന്നതും വ്യത്യസ്ത അനുഭവങ്ങളാണ്. നാളെ കരയിൽ നിന്നു കാണാം എന്നുറപ്പിച്ച് അടുത്ത കടവിൽ തോണിയിറങ്ങി. വലത്തോട്ട് നടന്നാൽ, സാമാന്യം വലിയ ക്ഷേത്രങ്ങൾ നില്ക്കുന്ന, ഭക്തജന തിരക്കുള്ള ഘാട്ടുകളാണ്. ഇടത്തോട്ടാണെങ്കിൽ, മണികർണിക കഴിഞ്ഞാൽപ്പിന്നെ തിരക്കു കുറഞ്ഞയിടങ്ങളാണ്. ഞങ്ങളുടെ വേഷവും, ശരീരഭാഷയും തീരെ അനുകൂലമല്ലാത്തതിനാൽ, പുരോഹിതക്കൂട്ടങ്ങൾ ശ്രദ്ധിക്കുന്നുമില്ല. തിരക്കു കുറഞ്ഞ ഇടതു വശത്തേക്ക് ഞങ്ങൾ നടന്നു. നല്ല തണുത്ത കാറ്റ്. ഒരു വിധം വൃത്തിയുള്ള തറ. ചുറ്റിക്കറങ്ങുന്ന സഞ്ചാരികളും, രാത്രി സവാരിക്ക് തോണി വേണോയെന്നു ചോദിക്കുന്ന തുഴക്കാരും മാത്രം. ഗംഗക്കും നഗരത്തിനുമിടയിൽ മലകൾ പോലെ നില്ക്കുന്ന, ജീർണ്ണിച്ചു തുടങ്ങിയ പടുകൂറ്റൻ കെട്ടിടങ്ങളുടെ കാൽച്ചുവട്ടിലൂടെ ഞങ്ങൾ നടന്നു. പോലീസ് കാവലുണ്ട് തീരത്തെല്ലാം. അപരിചിതരോട് കൂട്ടുകൂടരുത് എന്നെഴുതിയ ബോർഡുകൾ കാണാം. പൂർണ, അർദ്ധ നഗ്ന കാഷായക്കൂട്ടങ്ങൾ ഒരു പുക എടുക്കാൻ തുടങ്ങുന്നതിന്റെ പ്രാരംഭമായുള്ള ചെറു ചടങ്ങുകളിൽ വ്യാപൃതരാണ്. വട്ടം കൂടിക്കിടക്കുന്ന നായ്ക്കൾ. കാറ്റിന്റെ മർമ്മരവും, ഓളങ്ങളുടെ അടക്കം പറച്ചിലുമല്ലാതെ വേറൊന്നുമില്ല. പകൽ നേരങ്ങളിൽ, പാപവും പുണ്യവും, പരിഹാരവും പ്രതിരോധവും കൈമാറ്റം ചെയ്യുന്ന ചന്ത പോലെ ചിലയ്ക്കുന്ന ഗംഗാ തീരം, രാത്രി വളരുന്നതിനു മുന്നെ തന്നെ ശാന്തമായി ഉറങ്ങിക്കഴിഞ്ഞു. കുറച്ചു കൂടെ നടന്നാൽ മണികർണിക. ഇപ്പോൾ ചിതകൾ ഇവിടെ മാത്രമാണെരിയുന്നത്.

പകൽനേരത്ത് ദശാശ്വമേധത്തിലും സംസ്കാര ചടങ്ങുകൾ നടക്കുന്നുണ്ട്. രണ്ടു ചിതകൾ എരിയുന്നതും നോക്കി ഞങ്ങൾ ഒരല്പം അകന്നു നിന്നു. വലിയ തിരക്കൊന്നുമില്ല അവിടെ. വെള്ള ദോത്തിയുടുത്ത്, ഷർട്ടിടാതെ നടക്കുന്നവർ ശ്മശാന തൊഴിലാളികളാവാം. കുറച്ച് ഉയർന്ന പടിക്കെട്ടിൽ കൂടി നില്ക്കുന്നവർ, മൃതദേഹവുമായി വന്ന ബന്ധുക്കൾ തന്നെയാണ്. പിന്നെ കുറച്ച് കാഴ്ച്ചക്കാരും, എരിയുന്ന പരേതരും. തോണി വേണോയെന്ന് ചോദിച്ച് അപ്പോഴാണ് അവൻ അരികിലെത്തിയത്. കറുത്ത് വല്ലാതെ മെലിഞ്ഞ് ഉയരം കുറഞ്ഞ് കാക്കി വേഷത്തിനുള്ളിൽ തികച്ചും പ്രാകൃതരൂപി. ചെറുപ്പമാണെന്നു തോന്നുന്നു, ഒതുക്കം തീരെയില്ലാത്ത താടി മീശകളും, മഞ്ഞപ്പല്ലും അയാളെ വല്ലാത്തൊരു കോലമാക്കിയിട്ടുണ്ട്. തോണി വേണ്ടെന്നു പറഞ്ഞപ്പോൾ, ഇങ്ങോട്ടു കടന്നു നിന്നോളു, എന്നയാൾ ക്ഷണിച്ചു. പകുതിയെരിഞ്ഞ വിറകു കൊള്ളികളും, മരം ഈർന്ന പൊടിയും, ചിരട്ട ചകിരി തുടങ്ങിയവയും, ഭംഗിയായി ഒരേ പോലെ മുറിച്ച മഞ്ഞ നിറമുള്ള മരക്കഷണങ്ങളും നിറഞ്ഞു കിടക്കുന്ന ഇടത്തേക്ക് ഞങ്ങൾ കയറി. എരിയുന്നവരുടെയോ, ഊഴം കാത്തു കിടക്കുന്നവരുടെയോ ബന്ധുക്കൾ അവിടവിടെ കയർ കട്ടിലുകളിൽ ഇരിക്കുന്നുണ്ട്. പടികൾക്കു മുകളിലെല്ലാം പലയിടങ്ങളിലും പനയോല കൊണ്ടും, പരമ്പു കൊണ്ടും നിരവധി വളച്ചുകെട്ടുകൾ ഉണ്ട്. 'ഞാൻ വാച്ച്മാനാണ്, ചണ്ഡാലനാണ്' അയാൾ പരിചയപ്പെടുത്തി. തൊട്ടടുത്ത് രണ്ടു ചിത കത്തുന്നുണ്ടെങ്കിലും ഒട്ടും ചൂടു തോന്നാത്തതിലുള്ള അത്ഭുതം  പങ്കുവെക്കുകയായിരുന്നു ഞങ്ങൾ. അതു മനസിലാക്കിയതു പോലെ അയാൾ പറഞ്ഞു, 'ചിതയിൽ നിന്നും ചൂടോ ചൂരോ വരുന്നില്ലല്ലോ ? അതാണ് പൂർവികരുടെ ബുദ്ധി. എൺപതു ഘാട്ടുകളുള്ള ഈ തീരത്ത്, പുരാതന കാലം മുതൽക്കു തന്നെ, മൂന്നോ നാലോ ഇടങ്ങളിലേ ചിത ഒരുക്കാറുള്ളു. ഈ പ്രത്യേക കടവുകളിൽ,  കാറ്റ് ഒഴുകുന്നത് നദിയിലേക്കാണ്. ചൂടും ചൂരും കാറ്റ് നദിയിലേക്ക് വലിക്കും. അത് ഗലികളിലേക്കോ നഗരത്തിലേക്കോ വ്യാപിക്കില്ല. പൂർവികർ എല്ലാം അറിഞ്ഞു തന്നെയാണ് ഈ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്. അവ കാറ്റിന്റെ ഗതിയെ തിരിച്ചു വിടുന്നു. പത്തു ശരീരങ്ങൾ ഒന്നിച്ചെരിഞ്ഞാലും ഇവിടെ ദുർഗന്ധം പരക്കില്ല. മറ്റുള്ള കടവുകളിൽ, ഒരു പട്ടി ചത്തു കിടന്നാൽ നാറി അടുക്കാൻ കഴിയില്ല'...... അയാൾ സ്ഫുടമായ ഹിന്ദിയിൽ പറഞ്ഞു കൊണ്ടിരുന്നു. ഞങ്ങളുടെ മുഖത്തെ താത്പര്യം കണ്ടാവാം, പടിക്കെട്ടുകൾക്കു മുകളിലുള്ള ചെറിയ ചായ്പുകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് അയാൾ



ക്ഷണിച്ചു. ഒരു ചായ്പിനകത്ത് നേരത്തെ കണ്ട തരം ഈർച്ചപ്പൊടിയും, മഞ്ഞ മരക്കഷണങ്ങളും. ചിലതിൽ ചകിരി ചിരട്ട വിറകു കെട്ടുകൾ. ഉയർന്ന പടിക്കെട്ടിനു മുകളിലാണ് ഊഴം


കാത്തുകിടക്കുന്നവരുടെ ചായ്പ്. പഴയതു പോലല്ല, ഇപ്പോൾ രാത്രി പത്തു മണിക്കു ശേഷം ദഹിപ്പിക്കുന്നില്ല. മൃതദേഹം ശുചിയാക്കിയതിനു ശേഷം, ചില പൊടികൾ കൂട്ടിച്ചേർത്ത മിശ്രിതം ശരീരത്തിൽ പൂശുന്നു. പിന്നെയാണ്



തുണികൊണ്ട് പൊതിയുന്നത്. ചായ്പിനകത്ത് കയറി ഒരുക്കങ്ങൾ കാണാമെന്ന് പറഞ്ഞുവെങ്കിലും, അപരിചിത ശരീരങ്ങളുടെ സ്വകാര്യതയിലേക്ക് കടന്നു കയറാൻ ഞങ്ങൾ തയ്യാറായില്ല.

പടികൾക്കു മുകളിൽ കൊച്ചു ശിവ പ്രതിഷ്ഠ. മുന്നിൽ കനലെരിഞ്ഞു കിടക്കുന്ന ചെറിയ കുണ്ഠം. ഈ ഭാഗം കല്ലുകൾ കൊണ്ട് ആറടിയിലധികം പൊക്കിക്കെട്ടിയിട്ടുണ്ട്. ഹരിശ്ചന്ദ്രൻ പ്രതിഷ്ഠ നടത്തിയെന്നു വിശ്വാസം. തീക്കുണ്ഠത്തിൽ, ഹരിശ്ച്ചന്ദ്രൻ ചുടല കാവൽക്കാരനായിരുന്നപ്പോൾ, കത്തിച്ച തീക്കനലുകൾ അണയാതെ സൂക്ഷിക്കുന്നു. ഇതിലേക്ക് ആവശ്യത്തിന് വിറകു കഷണങ്ങൾ തിരുകിക്കൊടുക്കാൻ ഒരു വൃദ്ധൻ ഇരിക്കുന്നു. ഓരോ ചിതക്കുള്ള തീയും ഈ കുണ്ഡത്തിൽ നിന്നാണ് എടുക്കുന്നത്. തീക്കുണ്ഡത്തിനു ചുറ്റും ചിതറിക്കിടക്കുന്ന ചാരം നുള്ളിത്തന്ന് നെറ്റിയിലണിയാൻ പറഞ്ഞു. ക്ഷേത്രത്തിണ്ണയിൽ, കയറ്റു കട്ടിലിൽ ഇരിക്കുകയായിരുന്ന, പട്ടു ദോത്തിയും ഉത്തരീയവും സ്വർണമാലയും കൈച്ചങ്ങലയും ധരിച്ച രണ്ടു പ്രമാണികൾ എഴുന്നേറ്റു നിന്നു തൊഴുതു. ഹരിശ്ചന്ദ്രവംശജരായ ചണ്ഡാലരാണ്, ഇപ്പോഴത്തെ അവകാശികളാണ്.... അവർ പരിചയപ്പെടുത്തി. ശ്മശാന നടത്തിപ്പുകാരായ അവർ, കാഴ്ച്ചയിൽ സഹോദരൻമാരെപ്പോലിരുന്നു. എല്ലായിടവും കാണിച്ചു കൊടുത്തോയെന്ന് അവർ ചെറുപ്പക്കാരനോട് ചോദിച്ചു. കർമഭൂമിയിൽ, ഏതാണ്ടു രാജാക്കൻമാരെപ്പോലായിരുന്നു അവരുടെ വസ്ത്രധാരണവും, നില്പും .

ഞങ്ങൾ നല്കിയ ടിപ് സന്തോഷത്തോടെ വാങ്ങി കീശയിലിട്ട് യാത്രപറയാനാഞ്ഞ അയാൾ, പെട്ടെന്നുണ്ടായ വിചാരത്താൽ, മുകളിലേക്ക് കൈ ചൂണ്ടി, ഒരു കാര്യം കൂടെ കാണിച്ചു തരാം എന്നു പറഞ്ഞു. അയാൾ കൈ ചൂണ്ടിയേടത്ത്, അത്യന്തം ജീർണമായ, ചുവരുകളിൽ വലിയ മരങ്ങൾ മുളച്ചു പൊന്തിയ, ഇരുട്ടു മൂടിക്കിടക്കുന്ന ഒരു പ്രാചീന കെട്ടിടം ഞങ്ങൾ കണ്ടു. പടിക്കെട്ടിനു മുകളിൽ നിന്നും, ആ കെട്ടിടത്തിലേക്കു തുറക്കുന്ന വാതിൽ, ചെടികൾ വളർന്ന് മൂടിയിട്ടുണ്ട്. ഈ രാത്രി അങ്ങോട്ടില്ലായെന്നും, നാളെ രാവിലെ വന്നാൽ നിങ്ങളെ കാണാൻ കഴിയുമോയെന്നും ഞങ്ങൾ ചോദിച്ചു. 'വേറെ വഴിയുണ്ട് വരൂ' എന്നും പറഞ്ഞ്, ആ കെട്ടിടത്തിന്റെ ചുവരോടു ചേർന്നുള്ള കുത്തനെയുള്ള ചെറിയ പടിക്കെട്ടുകൾ അയാൾ കയറാൻ തുടങ്ങി. അത്യാവശ്യം വെളിച്ചം വീഴുന്ന ആ പടികൾ ഏതോ ഗലിയിലേക്കുള്ളതാണ്. ഏതാണ്ട് പകുതിയോളം കയറിക്കഴിഞ്ഞപ്പോൾ ഇടതു



വശത്ത് വലിയൊരു വാതിൽ ഞങ്ങൾ കണ്ടു. ആദ്യം കണ്ട ജീർണിച്ച മന്ദിരത്തിന്റെ രണ്ടാമത്തെ നിലയിലേക്കുള്ള പ്രവേശന മാർഗം. വാതിൽ തുറന്നു കിടപ്പാണ്. അതിവിശാലമായ ഒരു ഹാളിലേക്കാണ് അത് തുറക്കുന്നത്. ചിതകൾ എരിയുന്നതിന്റെയും, കടവിലെ വെള്ളി വെളിച്ചത്തിന്റെയും, മുകളിലെ ഗലിയിലെ മഞ്ഞ വിളക്കുകളുടേയും സഹായത്തോടെ,ആ ഹാൾ ഒരു വിധം ഞങ്ങൾക്കു കാണാറായി. അവിടവിടെ നായ്ക്കളോ, പശുക്കളോ എന്നു തോന്നിക്കുന്ന രൂപങ്ങൾ കിടക്കുന്നുണ്ട്. എന്താണിത്... എന്നു ചോദിക്കുമ്പോഴേക്കും വാതിൽക്കൽ രണ്ടു സ്ത്രീകൾ വന്നു നിന്നു. മടുപ്പിക്കുന്ന ഒരു തരം മണം അവർക്കുണ്ടായിരുന്നു. അകത്തേക്ക് ഞങ്ങളില്ലായെന്നു തീർത്തു പറഞ്ഞപ്പോൾ, അവർ, ഞങ്ങൾ നില്ക്കുന്ന കുത്തനെയുള്ള പടിയിലേക്കിറങ്ങി. തീർത്തും അവശരായ, ചുക്കിച്ചുളിഞ്ഞ മുഖമുള്ള രണ്ടു വയോവൃദ്ധകൾ. കടവിൽ നിന്നുള്ള വെളിച്ചത്തിൽ അവരെ വ്യക്തമായി കണ്ടു. ആരോ എന്നോ തുടങ്ങിയ വൃദ്ധമന്ദിരമാണ്, ആ കിടക്കുന്നതെല്ലാം അന്തേവാസികളാണ്, പൈസ അടക്കാത്തതിനാൽ കുറെ വർഷങ്ങളായി വൈദ്യുതി ഇല്ല..... അയാൾ പറയുന്നുണ്ടായിരുന്നു. പെട്ടെന്ന്, അവർ രണ്ടു പേരും, ഒരു പോലെ, പാട്ടു പാടുന്ന പോലെ, ദീർഘ സുമംഗലി ഭവ, സത് പുത്രവതി ഭവ ... പിന്നെയും അവ്യക്തമായ ആശംസകൾ ചൊരിഞ്ഞു കൊണ്ട്, കയ്യുയർത്തി എന്റെ തലയിലും മുഖത്തും കഴുത്തിലും തലോടാൻ തുടങ്ങി. ശവങ്ങളുടേതു പോലെ തണുത്തു മരവിച്ച ആ സ്പർശങ്ങൾ സഹിക്കാൻ കഴിയാത്തതായിരുന്നു. കയ്യിൽ കിട്ടിയ നോട്ടുകൾ വലിച്ചെടുത്ത് അവരുടെ കയ്യുകളിൽ വെച്ചു കൊടുത്ത്, അയാളോടു യാത്ര പറഞ്ഞ്, തിടുക്കത്തിൽ പടി കയറി ഗലിയിലേക്കു പ്രവേശിക്കും വരെ ഞങ്ങൾ തിരിഞ്ഞു നോക്കിയില്ല. ഹാളിലെ നരച്ച ഇരുട്ടത്ത്, ചിതറിക്കിടക്കുന്ന രൂപങ്ങൾ, മനുഷ്യരാണെന്ന ചിന്ത തന്നെ പൊള്ളിക്കുന്നതായിരുന്നു.

തിരക്കൊഴിഞ്ഞ തെരുവിലൂടെ ഓട്ടോറിക്ഷയിൽ മടങ്ങുമ്പോഴും, മുഖത്തും കഴുത്തിലും പതിഞ്ഞു കിടക്കുന്ന മരണത്തിന്റെ തണുപ്പുള്ള സ്പർശങ്ങൾ, പൊള്ളിക്കുന്നുണ്ടായിരുന്നു. ആ പണം അവരുടെ കയ്യിലിരിക്കുമോ ? ആ ചെറുപ്പക്കാരൻ പിടിച്ചു വാങ്ങുമോ ? പക്ഷെ അത് കയ്യിൽ വെച്ചു കൊടുക്കാതെ മടങ്ങാൻ കഴിയുമായിരുന്നില്ല. ചില സമയങ്ങളിൽ സന്ദർഭങ്ങളിൽ, യുക്തിക്കതീതമായി നമ്മൾ പലതും ചെയ്തു പോകും. മണ്ണോടു മണ്ണായ പ്രിയപ്പെട്ടവർക്കു വേണ്ടി, ക്രിയ കർമ്മാദികൾ ചെയ്ത്, സ്വന്തം മനസിന്റെ സമാധാനം ഉറപ്പിക്കുന്നവരുടെ തീരമാണ് ഇത്. എന്തൊക്കെപ്പറഞ്ഞാലും സ്വന്തം മന: സമാധാനം തന്നെയാണ് നമുക്കു വലുത്. ■



# വാസ്തവം



ഡോ.ജാൻസി ജോസ്

പഠിച്ച പെണ്ണുങ്ങളെയേ കെട്ടൂ. ജോലിയുണ്ടെങ്കിൽ ഒത്തിരീം നല്ലത്. പുതിയ വിവാഹാലോചനകൾ എല്ലാം ഈ രീതിയിലുള്ളവയാണ്. വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ വന്നു കഴിയുമ്പോഴാണ് അവൾ പഠിത്തക്കാരി, ജോലിക്കാരി, പത്രാസുകാരി, അഹങ്കാരി എന്നൊക്കെ ഭർത്താവും ഭർത്താവിന്റെ വീട്ടുകാരും തിരിച്ചറിയുന്നത്. മിക്ക ആളുകളുടെയും ധാരണ സ്ത്രീക്ക് പഠിപ്പും തൊഴിലുമൊക്കെ പുരുഷന്റെ മുന്നിൽ വിനയം കൂടുവാനുള്ള വഴികളാണ് എന്നാണ്. പഠിപ്പുണ്ടെങ്കിലും ഭരിക്കപ്പെടാൻ വിധിക്കപ്പെടുന്ന പെണ്ണിന്റെ അവസ്ഥയെ ആരും കാണുന്നില്ല. പഠിപ്പ് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവനവനെ തിരിച്ചറിയാനും സ്വന്തം വ്യക്തിത്വത്തിൽ അഭിമാനം കൊള്ളാനുമാണ്. ഇതു രണ്ടും വിവാഹത്തിലൂടെ നഷ്ടമാകുന്ന പെണ്ണുങ്ങളാണ് ഏറെയും.

‘സ്വന്തം കാര്യത്തിൽ തീരുമാനമെടുക്കേണ്ടി വരുമ്പോൾ സ്ത്രീകൾ എന്താണ് സാധാരണ ചെയ്യാറുള്ളതെന്ന് ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? അഭിപ്രായ സ്വാതന്ത്ര്യം മാത്രമല്ല അവനവന്റെ കാര്യങ്ങൾ സ്വയം ചെയ്യാൻ കൂടി പൊതുവെ ഭാര്യമാർക്ക് സാധിക്കാറില്ല. സാധാരണ ഗതിയിൽ പോസ്റ്റ് ഗ്രാജുവേറ്റും ബി.എഡും സെറ്റും നെറ്റും ഒക്കെ എടുത്ത് ബൗദ്ധികതലത്തിലും വ്യക്തിതലത്തിലും ഉയർന്ന ഗ്രേഡുണ്ടായിരുന്ന പെൺകുട്ടികളൊക്കെ ഭർതൃവീട്ടിൽ എത്തുമ്പോൾ പഠിപ്പില്ലാത്ത കുട്ടികൾ അനുഭവിക്കുന്നതിനേക്കാൾ ദുരിതം പേറുന്നതു കാണാം. ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ വിവാഹിതകളിൽ പലരും ഡിപ്രഷനിലേക്കു പോകുന്നതായി കണ്ടുവരുന്നു. ആത്മവിശ്വാസമില്ലാത്തവരും ഒന്നിനും കൊള്ളാത്തവരുമായി മാറുന്ന ഇത്തരക്കാരെ എങ്ങനെയെങ്കിലും ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു തുടങ്ങുന്ന ഭർതൃവീട്ടുകാരും കുറവല്ല. എന്റെ മോന് വേറെ പെണ്ണിനെ കിട്ടും എന്ന പറഞ്ഞ് കൊലപാതകം വരെ നടത്തിയ ധാരാളം കേസുകൾ നമ്മുടെ മുമ്പിലുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പെണ്ണിന് വിദ്യാഭ്യാസവും അറിവും വിവേകവും വ്യക്തിത്വവും പക്വതയും പ്രതികരണ ശേഷിയുമെല്ലാം ഉണ്ടാക്കിക്കൊടുക്കാൻ ഇവിടെ ഗവൺമെന്റും മറ്റു എൻ.ജി.ഒ.കളുമെല്ലാം രാപ്പകലില്ലാതെ അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഫലം കണ്ടെത്തുകയും ചെയ്തു എന്നു തന്നെ പറയാം. എന്നാൽ വിവാഹ സമ്പ്രദായത്തിലെ അടിമത്ത മനോഭാവത്തിനു മാറ്റം വരാതെ ഇതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടെന്നു തോന്നുന്നില്ല അല്ലെങ്കിൽ ആൺകുട്ടികൾക്കും ഈ പറഞ്ഞ ഗുണങ്ങളൊക്കെ ഉണ്ടാക്കിക്കൊടുക്കണം. അതല്ലെങ്കിൽ പഴയ മാമൂലുകൾ മാത്രം തലയിൽ ചുമന്ന് ഭീരുക്കളായിട്ടുള്ളവർ വിവാഹംകഴിച്ചു കൊണ്ടുവരുന്ന ഭാര്യയെ അടിമയെപ്പോലെ കരുതുകയും പീഡിപ്പിക്കുകയും ചെയ്യും.

വഴിത്താരകൾ

**ജാനകി**

*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*



# സ്ത്രീകൾ സിനിമ പിടിക്കുമ്പോൾ

സ്ത്രീകളും ചലച്ചിത്രമേഖലകളും തമ്മിലുള്ള സംഘർഷങ്ങളെ പൂർവ്വാധികം തീക്ഷ്ണമായി ചർച്ച ചെയ്യുകയാണ് കേരള സമൂഹം. ആരോഗ്യകരമായ ചർച്ച ആകേണ്ട ഒരു വിഷയം, സഭ്യതയുടെ എല്ലാ അതിരുകളും ഭേദിച്ച് നവമാധ്യമങ്ങളിൽ ആഭാസപ്രയോഗങ്ങളുടേയും അധിക്ഷേപങ്ങളുടെയും ഉത്സവങ്ങളായി മാറുന്നുണ്ടെങ്കിൽ മലയാളി ലജ്ജിക്കേണ്ടതാണ്. പക്ഷെ ലജ്ജിക്കാനും വേണം മനസ്സാക്ഷിയും, പരിവർത്തനോന്മുഖമായ ഒരു മനസ്സും.

പല തീർച്ചകളുടെയും പൊള്ളത്തരത്തെ വെളിപ്പെടുത്തി കൊണ്ട്, പല ബോദ്ധ്യങ്ങളെയും കീഴ്മേൽ മറിച്ചു കൊണ്ട്, മലയാള സിനിമയുടെ പശ്ചാത്തലത്തിൽ സൗമ്യ സാന്നിദ്ധ്യങ്ങളായി നിന്ന് സായൂജ്യമടയാൻ വിസമ്മതിക്കുന്ന നടികൾ, സംവിധായകർ, തിരക്കഥാകൃത്തുക്കൾ ഇന്ന് നമുക്കുണ്ട്. ഇവരെല്ലാം ഉയർത്തുന്ന ചില സന്ദേഹങ്ങളും, ചോദ്യങ്ങളുമാണ് Women in Cinema Collective എന്ന കൂട്ടായ്മയുടെ പ്രചോദനം. വീട്ടുവേല പോലും തൊഴിലായി കാണാത്ത ഒരു നാട്ടിൽ വിനോദവ്യവസായത്തെ തൊഴിലായി കാണുന്നില്ല എന്നത് ഒരു അത്ഭുത മേയല്ല. സ്ത്രീകൾ ചെയ്യുന്നത് കൊണ്ട് മാത്രം അവമതിക്കപ്പെടുന്ന തൊഴിലുകളാണല്ലോ നേഴ്സിംഗും അംഗനവാടി അധ്യാപനവും വസ്ത്രക്കടകളിലെ സെയിൽസും എല്ലാം. ഈ കൂട്ടായ്മയുടെ സാംഗത്യവും പ്രസക്തിയും നമ്മൾ വരും നാളുകളിൽ കൂടുതൽ അറിയാൻ പോകുന്നതേ ഉള്ളൂ. അതിന്റെ ഒരു നേരിയ വെളിച്ചമാണ് നിഷ സാരംഗ് എന്ന സീരിയൽ നടിയുടെ പ്രതിഷേധസ്വരത്തിൽ നമ്മൾ കേട്ടത്.

ഒഴിവുസമയങ്ങളിൽ വീട്ടിലും, സിനിമാശാലയിലും ചാരിയിരുന്നും കിടന്നും ആർത്തു ചിരിച്ചും നമ്മൾ വരവേൽക്കുന്ന സ്ക്രീനിലെ കഥകൾക്ക് പിന്നിൽ വിയർപ്പിലും, വിശപ്പിലും, അപമാനത്തിലും കുതിർന്ന ഒരുപാട് അനുഭവങ്ങളുണ്ട്. ഗതികേടുകൾ കൊണ്ട് സഹിച്ചു പോകുന്ന ദയനീയ അവസ്ഥകളുണ്ട്. അടുപ്പു പുകയാത്ത വീടുകളുണ്ട്. സഹനത്തിന്റെയും പ്രതിരോധത്തിന്റെയും പുതിയ കഥകൾ ഇനിയും വരാനിരിക്കുന്നതേ ഉള്ളൂ.

ദൃശ്യമാദ്ധ്യമ മേഖലയിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും സുരക്ഷയെക്കുറിച്ചും നമ്മൾ ഘോരഘോരം സംവാദങ്ങൾ നടത്തുന്ന ഈ ദിവസങ്ങളിലാണ് ഒരു ചലച്ചിത്ര പ്രവർത്തക അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞു പോയത്. ഇന്ദിര സെൻ എന്ന പേരിൽ സ്വയം അറിയപ്പെടാൻ ആഗ്രഹിച്ച ഒരു വ്യക്തി. അൻപത്തിനാല് വയസ്സിൽ ഒരുപാട് സിനിമാ സ്വപ്നങ്ങൾ ബാക്കി വെച്ച് ഇന്ദിര യാത്രയായപ്പോൾ മാത്രം നമ്മൾ അറിഞ്ഞ ചിലതുണ്ട്. ലെനിൻ രാജേന്ദ്രന്റെ കുലം എന്ന ചിത്രത്തിൽ അവർ അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. ദേശീയ തലത്തിലുള്ള അംഗീകാരങ്ങൾ ഇന്ദിരയെ തേടിയെത്തിയിരുന്നു. ചലച്ചിത്ര രംഗത്ത് അധികം സ്ത്രീകൾ എത്തിച്ചേരാത്ത ഒരു സമയത്താണ് ഇന്ദിര ഈ മേഖലയിൽ തന്റെ അന്വേഷണങ്ങൾ തുടങ്ങിയത്. രണ്ടു ദശാബ്ദങ്ങൾക്കു മുൻപ് ബക്കറിന്റെയും സുരാസുവിന്റെയും അലി അക്ബറിന്റേയും എല്ലാമൊപ്പം ചലച്ചിത്രയാത്ര നടത്തിയ ഇന്ദിരക്ക് ഇന്ന് അഞ്ജലി മേനോനും, ഗീതു മോഹൻദാസിനും ശ്രീബാല മേനോനും കിട്ടുന്ന താരപ്രഭ കിട്ടിയിരുന്നില്ല. ലിംഗപരമായ വിവേചനങ്ങൾ അവരുടെ ചലച്ചിത്ര യാത്രയിൽ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു എന്ന് പറഞ്ഞു കേൾക്കുന്നുണ്ട്. തന്റെ മോഹങ്ങളുടെ, വ്യക്തിത്വത്തിന്റെ, അടയാളങ്ങളെ ഫേസ്ബുക് അടക്കമുള്ള മാദ്ധ്യമങ്ങളിൽ അങ്ങിങ്ങായി വിതറിക്കൊണ്ട് അവർ കടന്നു പോയി. ദൃശ്യമാധ്യമങ്ങളിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്ത പല വേദികളിലും അവർ ഒരു സാന്നിദ്ധ്യമായിരുന്നില്ല. എന്തു കൊണ്ട് എന്ന് നമ്മൾ ആത്മ പരിശോധന നടത്തേണ്ടതല്ലേ? കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തെ നിശിതമായി വിമർശിക്കുന്ന, നമ്മളെല്ലാം ഭാഗഭാക്കായ, ജനാധിപത്യ ബോദ്ധ്യങ്ങളെ വെല്ലുവിളിക്കുന്ന രാഷ്ട്രീയ



ഇന്ദിര

കൊലപാതക പരമ്പരകളുടെ ദാരുണാവസ്ഥയെ അലിവോടെ ആവിഷ്കരിക്കുന്ന catharsis എന്ന ഒരൊറ്റ ലഘു ചിത്രം മാത്രം മതി, ഇന്ദിരയെ നമ്മൾ എന്നെന്നും ഓർക്കാൻ. ഇന്ദിരയെ പോലുള്ളവർ നമുക്കിടയിൽ ഇപ്പോഴും ഉണ്ടായിരിക്കാം.നാളെ ഉണ്ടാവുകയും ചെയ്യാം. അവരെ നമ്മൾ കാണാതെ പോകുന്നത് കുറ്റകരമായ അനാസ്ഥയായിരിക്കും. വേറിട്ട് ചിന്തിക്കുന്ന അവരെ പോലുള്ള സർഗ്ഗപ്രതിഭകൾ അവഗണിക്കപ്പെടുമ്പോൾ തീരാനഷ്ടം സമൂഹത്തിനു തന്നെയാണ്. ഒരു കച്ചവട സിനിമ ഇറങ്ങുമ്പോൾ ആരാധകരും കാണികളും മാദ്ധ്യമങ്ങളും എല്ലാം ചേർന്ന് ഒരുക്കുന്ന ആരവ ങ്ങളും കുരവവിളികളും എന്ത് കൊണ്ടാണ് മറ്റു ചില ആവിഷ്കാര ശ്രമങ്ങൾക്ക് കിട്ടാതെ പോകുന്നതെന്നും നാം ചിന്തിക്കേണ്ടതുണ്ട്. ഇന്ദിരയുടെ അകാല വിയോഗം പല സന്ദേഹ ങ്ങൾ ബാക്കി വെക്കുന്നു. അവരുടെ വ്യക്തിപരമായ നിരാശകളെക്കാളും, നേട്ടങ്ങളെക്കാളും വലുതാണ് ഈ സന്ദേഹങ്ങൾ.

ഈ പംക്തി എഴുതി തുടങ്ങുമ്പോഴാണ് തിരുവനന്തപുരത്തു ജൂലൈയിൽ നടന്ന അന്താ രാഷ്ട്ര ഡോക്യുമെന്ററി ലഘുചിത്ര ഉത്സവത്തിൽ ഇത്തവണ ഇന്ദിരയെ അനുസ്മരിച്ചു പലരും സംസാരിച്ചു എന്ന വാർത്തയും ചിത്രങ്ങളും ശ്രദ്ധയിൽ പെട്ടത്. ഉചിതം തന്നെ. എന്നാൽ അവർ ഇതിലും കൂടുതൽ അർഹിച്ചിരുന്നില്ലേ എന്ന ദുഃഖം ബാക്കി നിൽക്കുന്നു.

ഇന്ദിരയുടെ വേർപാട് വളരെ കടുത്ത ചോദ്യങ്ങൾ നമുക്ക് നേരെ തൊടുത്തു വിടു മ്പോഴും പ്രതീക്ഷയും പ്രത്യാശയും ഉയർത്തി കൊണ്ട് പുതിയ ആളുകൾ രംഗപ്രവേശം ചെയ്യുന്നുണ്ട്.

ചലച്ചിത്രരംഗത്തേക്ക് വേറിട്ട കാഴ്ച പ്പാടുകളും ബോധ്യങ്ങളുമായി എത്തിക്കൊണ്ടി രിക്കുന്നവരിൽ ഒരാളാണ് അടുത്ത കാലത്തു Eye test എന്ന ഹ്രസ്വ ചിത്രം സമ്മാനിച്ച സുധ കെ.എഫ്. അമ്മയും മകളും തമ്മിലുള്ള ബന്ധത്തെ കയ്യടക്കത്തോടെ ഭാവസാന്ദ്രമായി അവതരിപ്പിക്കുന്ന Eyetest അതിന്റെ പരിചരണ ത്തിൽ പുലർത്തുന്ന മിതത്വവും ആത്മനിയന്ത്ര ണവുമാണ് എന്റെ ശ്രദ്ധ ആകർഷിച്ചത്. അതിഭാവുകത്വത്തിലേക്കു വഴുതിവീഴാതെ, ലളിതമെന്നു കരുതുന്ന ബന്ധങ്ങൾ

ഒരു വ്യക്തിയുടെ ജീവിതത്തിൽ അമൂല്യ മായ ഊർജ്ജമായി എങ്ങിനെ വർത്തിക്കുന്നു എന്ന് സുധ പ്രേക്ഷകരെ അനുഭവിപ്പിക്കുന്നുണ്ട്. നാളത്തെ വാഗ്ദാനമായി എത്തുന്ന കോഴിക്കോട്ടു കാരിയായ സുധക്ക് തന്റെ പ്രഥമ സിനിമ അനുഭവത്തെക്കുറിച്ചു ഒരുപാട് പറയാനുണ്ട്.




സുധ കെ.എഫ്

ചെറുപ്പത്തിൽ തന്നെ അമ്മയെ നഷ്ടപ്പെട്ട ഈ സംവിധായികയിൽ, ആ അഭാവം ഉണ്ടാക്കിയ നൊമ്പരങ്ങൾ തന്നെയാണ് പ്രേരണയായത്. താനനുഭവിച്ച സർഗ്ഗാത് മകമായ ആകുലതകളെ കുറിച്ച് എനിക്ക് ഇമെയിൽ ചെയ്യുമ്പോൾ ഹൃദയം നുറുങ്ങുന്ന വേദനയാണ് താൻ അനുഭവിക്കുന്നതെന്നു സുധ കൂട്ടിച്ചേർക്കുന്നു. തർക്കോവ്സ്കിയുടെ മിറർ എന്ന ചിത്രം അവർക്കേറെ പ്രിയപ്പെട്ടതായതു യാദൃച്ഛികമല്ലെന്നു, അവർ അവലംബിക്കുന്ന ചലച്ചിത്രഭാഷ സൂചിപ്പിക്കു ന്നുണ്ട്. ദീർഘമൗനങ്ങളിൽ, മനുഷ്യരെ നിസ്സാരരാ ക്കുന്ന ലോങ്ങ് ഷോട്ടുകളിൽ, ഓർമ്മകളും, മോഹഭംഗങ്ങളും, കാത്തിരുപ്പുകളും കലങ്ങി മറിയുന്ന ഉപബോധമനസ്സിന്റെ തിരയിള ക്കങ്ങൾ കാണാം.

ഹിന്ദു-ക്രിസ്ത്യൻ മിശ്രവിവാഹത്തിന്റെ അസ്വാരസ്യങ്ങൾ നിറഞ്ഞ ബാല്യകാലം സമ്പന്ന മാക്കിയതിൽ സിനിമക്കു വലിയ പങ്കുണ്ടെന്നു സുധ ഓർക്കുന്നു. അന്ന് തോന്നിയ കമ്പം പിന്നീട് ഗൗരവമേറിയ അഭിനിവേശമായി, ബാംഗളൂരിലെ ക്രൈസ്റ്റ് കോളേജിലേക്കും ഹൈദരാബാദിലെ



ഇഫ്ളുവിലേക്കും തന്നെ പിൻതുടരുകയായിരുന്നു. ബിരുദാനന്തര പഠനസമയത്തും, ഗവേഷണ കാലത്തും സിനിമയെ തന്നെയാണ് പഠന വിഷയ മാക്കിയതെങ്കിലും, തന്റെ നിയോഗം മറ്റൊന്നാണ് എന്ന തിരിച്ചറിവാണ് സിനിമ സംവിധാനം പഠിക്കാ നായി സുധയെ റീഡിങ് യൂണിവേഴ്സിറ്റിയിൽ എത്തിക്കുന്നത്. തിരക്കേറിയ പഠന കാലത്തിനിട യിലും ഈ 28കാരി, ഒരു സാധാരണ പെൺകുട്ടി നേരിടുന്ന ഒരുപാട് വെല്ലുവിളി കളും പ്രതിസന്ധികളും നേരിടേണ്ടി വന്നിട്ടുണ്ട്. മലയാളത്തിലെയും, മറ്റിന്ത്യൻ ഭാഷകളിലെയും, ഹോളി വുഡിലെയും ചിത്രങ്ങളൊക്കെ ആവർത്തിച്ച് കാണുമ്പോഴും സ്ത്രീജീവിതങ്ങളുടെ ഞെരുക്ക ങ്ങൾ തൃപ്തികരമായി ആവിഷ്കരിക്കപ്പെടുന്നില്ല എന്ന് സുധക്ക് തോന്നിയി രുന്നു. റീഡിങ് യൂണിവേഴ് സിറ്റിയിലെ പാഠ്യപദ്ധതി



യുടെ ഭാഗമായാണ് സുധ Eyetest സംവിധാനം ചെയ്യുന്നത്. സൂപ്പർവൈസറായ അലിസൺ ബട്ലറിന്റെ പിന്തുണ അമൂല്യമായിരുന്നു. തന്റെ ഭൂതകാലത്തോട് തന്നെയുള്ള സമരസപ്പെടലും, അത്രയും കാലം തന്നെ വേട്ടയാടിയ അസ്വസ്ഥ കളുടെ ഉഛാടനവും ആയി സിനിമ മാറുകയായി രുന്നു. വെറുമൊരു പനി അമ്മയെ അപഹരിച്ച പ്പോൾ തളർന്നു പോയ ജീവിതത്തിൽ നിന്ന് മാനസികമായി കരകേറാൻ, സുധ അലഞ്ഞു തീർത്ത വൈകാരിക ഭൂപ്രദേശങ്ങൾ ഈ ചിത്ര ത്തിൽ സൂക്ഷ്മമായി അലിഞ്ഞു ചേർന്നിരിക്കുന്നു. അമ്മയുടെ കർക്കശ സ്വഭാവവും മേധാവിത്വവും തന്നിലും സഹോദരനിലും ഉണ്ടാക്കിയ നീരസത്തെ തിരിഞ്ഞു നോക്കുമ്പോൾ സഹാനുഭൂതിയോടെ മനസ്സിലാക്കാൻ കൂടി ശ്രമിക്കുകയാണ് ഈ സംവിധായിക. സരളമല്ല ഒരു ബന്ധവും, ഒരു അനുഭവവും. മാതൃത്വത്തിന്റെ സങ്കീർണ്ണതയെ നമ്മൾ അഴിച്ചുപണിയേ ണ്ടിയിരിക്കുന്നു.

മലയാള ചലച്ചിത്ര അന്തരീക്ഷ ത്തെ കലുഷമാക്കുന്ന സമകാലിക ചർച്ചകളോട് പ്രതികരിച്ചുകൊണ്ട് സുധ നിരീക്ഷിക്കുന്നത് പ്രസക്തമാണ്: "കാർബൺ എന്ന സിനിമയിൽ ഞാൻ അസിസ്റ്റന്റായി പ്രവർത്തിച്ചു. ഒരു നൂറു കാര്യങ്ങൾ സിനിമയിൽ മാറാനുണ്ടെന്നു എനിക്കുറപ്പായും പറയാം. സെറ്റുകളിൽ പറയുന്ന തമാശകൾ, നിരന്തരമുള്ള മേൽക്കോയ്മ പ്രകടനങ്ങൾ ഇതെല്ലം ചേർന്നുണ്ടാക്കുന്ന അന്തരീക്ഷം സ്ത്രീ ക്കു താൻ സ്വീകാര്യയല്ല എന്ന തോന്നൽ ഉണ്ടാക്കുന്നു... സ്വതന്ത്രമായ പ്രോജക്ടുകളിലും പല ടെക്നീഷ്യന്മാരും നമ്മളെ ഗൗരവത്തോടെ കാണില്ല. എല്ലാവരുമല്ല. എങ്കിലും പലപ്പോഴും നമ്മുടെ കാഴ്ചപ്പാട് മുൻപോട്ടു വെക്കാൻ വേണ്ടതിൽ കൂടുതൽ പരിശ്രമിക്കേണ്ടി വരുന്നു. പിന്നെ ഞാൻ ഉണ്ടാക്കുന്ന സിനിമയുടെ ഉത്തരവാദിത്തം സിനിമാസംവിധായകനായ എന്റെ ഭർത്താവിനാണെന്നുള്ള മുൻവിധികളും സാധാരണമാണ്. എന്നാൽ അതൊരിക്കലും തിരിച്ചാവുന്നുമില്ല."

ഇപ്പോൾ പി എസ് ബി ടി ക്കു വേണ്ടി കോഴിക്കോടിന്റെ തനതായ സംഗീതസംസ്കാരത്തിന് ദൃശ്യഭാഷ ഒരുക്കുകയാണ് സുധ. സംഗീത ത്തോടുള്ള ഒരു നാടിന്റെ അഭിനിവേശം കെടാതെ സൂക്ഷിക്കുന്ന സാധാരണ സംഗീതാരാധകർ. ഹിന്ദി-ഹിന്ദുസ്ഥാനി സംഗീത രാവുകളെ ആസ്വദിക്കാൻ മാത്രം ജീവിച്ചിരിക്കുന്ന ആസ്വാദകർ. റെക്കോഡുകൾ ശേഖരിക്കുന്നവർ, ഔപചാരികമായി സംഗീതം അഭ്യസിക്കാതെയും സംഗീതത്തെ ഉപാസിക്കുന്നവർ. ദൈനംദിന ജീവിതത്തിന്റെ ഓരോ നിമിഷത്തിലും താളവും ഈണവും ചാലിച്ച് ചേർക്കുന്നവർ. ചുണ്ടിൽ എപ്പോഴും ഒരു മൂളിപ്പാട്ടുമായി നടക്കുന്നവർ. മച്ചാട്ടു വാസന്തി, റെയ്ചൽ തങ്കം എന്നിവരെ പോലുള്ള സ്ത്രീകൾ മെഹ്ഫിൽ സംസ്കാര ത്തിലേക്ക് നടത്തിയ സംഭാവനകൾ.. 26 മിനിട്ടു ദൈഘ്യമുള്ള ഈ ചിത്രം കോഴിക്കോടിന്റെയും സംഗീതാസ്വാദനത്തിന്റെയും ചരിത്രത്തിനു ഒരു മുതൽക്കൂട്ടാകുമെന്നു നമുക്ക് ആഗ്രഹിക്കാം, ആശംസിക്കാം. സുധയുടേത് പോലുള്ള അനവധി ചലച്ചിത്ര സംരംഭങ്ങൾ സുഗമമായി നടക്കാൻ മലയാളി സമൂഹം കൂടി മാറേണ്ടതുണ്ട്. ■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ആനി മോൺഡറെ സ്മരിക്കുമ്പോൾ

ബഹിരാകാശത്തിന്റെ അനന്തവിസ്മയങ്ങൾ കൈയെത്തിപ്പിടിക്കാൻ കൊതിച്ച സ്ത്രീ, സൗരചക്രങ്ങളെക്കുറിച്ച് സുപ്രധാന വിവരങ്ങൾ കണ്ടെത്തിയ ശാസ്ത്രജ്ഞ... സ്ത്രീയായിപ്പോയതിന്റെ പേരിൽ സ്വന്തം കണ്ടുപിടിത്തങ്ങളുടെ ക്രെഡിറ്റോ ഗവേഷണകേന്ദ്രത്തിൽ സ്ഥിരജോലിയോ ലഭിക്കാതെ അവഗണനയുടേയും കടുത്ത വിവേചനത്തിന്റേയും കയ്പുനീർ കുടിക്കേണ്ടി വന്ന ഈ ശാസ്ത്രജ്ഞയെ ഇപ്പോൾ ബ്രിട്ടൻ ആദരിക്കുകയാണ്. അവൾ ജോലി ചെയ്ത ഒബ്സർവേറ്ററിയിൽ സ്ഥാപിച്ച പുതിയ ടെലിസ്കോപ്പിന് അവരുടെ പേരു നൽകിക്കൊണ്ട്. പറഞ്ഞുവരുന്നത് ആനി മോൺഡറെക്കുറിച്ചാണ്. ആറു പതിറ്റാണ്ടു കാലത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും പ്രവർത്തന നിരതമാവുന്ന റോയൽ ഒബ്സർവേറ്ററി ഗ്രീനിച്ച് എന്ന, ബ്രിട്ടന്റെ ജ്യോതിശ്ശാസ്ത്ര ചരിത്രത്തിൽ നിർണ്ണായക സ്ഥാനമുള്ള നിരീക്ഷണ കേന്ദ്രത്തിലാണ് മാനത്തെ വിസ്മയങ്ങളിലേക്ക് മിഴി തുറക്കുന്ന പുതിയ ടെലിസ്കോപ്പിന് ആനി മോൺഡറുടെ ഓർമ്മയ്ക്കായി ആനി മോൺഡർ ആസ്ട്രോഗ്രാഫിക് ടെലിസ്കോപ്പ് എന്നു പേരു നൽകിയിരിക്കുന്നത്.

ലേഡി കമ്പ്യൂട്ടർ! അങ്ങനെയാണ് ഗവേഷണങ്ങൾ നടത്തുന്ന സമയത്ത് ആനി മോൺഡർ വിശേഷിപ്പിക്കപ്പെട്ടിരുന്നത്. സൂര്യനെക്കുറിച്ച് ശ്രദ്ധേയമായ പഠനങ്ങൾ നടത്തി, സ്വന്തമായും ഭർത്താവുമായി ചേർന്നും ഗവേഷണ റിപ്പോർട്ടുകൾ എഴുതി. പുസ്തക രചനയും നടത്തി. എന്നാൽ അന്നത്തെക്കാലത്ത് പ്രതികൂല സാഹചര്യങ്ങളോടും വ്യവസ്ഥിതിയോടും പടവെട്ടി ഗവേഷണത്തിൽ മുഴുകിയ ആ സ്ത്രീ ചരിത്രത്തിൽ അർഹിക്കുന്ന പ്രാധാന്യം കിട്ടാതെ തമസ്ക്കരിക്കപ്പെട്ടു.

1868 ൽ അയർലണ്ടിലെ സ്ട്രാബേനിൽ വില്ല്യം ആൻഡ്രൂ റസ്സലിന്റെയും ഹെസ്സി നെസ്ബിറ്റ് റസ്സലിന്റെയും മകളായാണ് ആണ് ആനി സ്കോട്ട്ഡിൽ റസ്സൽ ജനിച്ചത്. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ആ പെൺകുട്ടി സ്കോളർഷിപ്പോടെയാണ് കേംബ്രിഡ്ജിലെ ഗിർടൻ കോളേജിൽ പ്രവേശനം നേടിയത്. 1890 കളുടെ ആദ്യം ഗ്രീനിച്ചിലെ റോയൽ ഒബ്സർവേറ്ററിയിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ച വിരലിലെണ്ണാവുന്ന വനിതകളിൽ ഒരാൾ ആനിയായിരുന്നു. വളരെക്കുറഞ്ഞ വേതനമാണ് സ്ത്രീകൾക്ക് അവിടെ നിന്നു ലഭിച്ചിരുന്നതെങ്കിലും ഗവേഷണ താല്പര്യം കാരണം ആനി അവിടെ തുടർന്നു. അവിടെ പുരുഷ ഗവേഷകരുടെ സഹായികളായി മാത്രമാണ് സ്ത്രീകളെ നിയമിച്ചിരുന്നത്. അവർ ആവശ്യപ്പെടുന്ന കണക്കുകൂട്ടലുകളും വിവര വിശകലനവുമൊക്കെ ചെയ്തുകൊടുക്കുന്ന ഈ സഹായികളെ ലേഡി കമ്പ്യൂട്ടറുകൾ എന്നാണ് വിളിച്ചിരുന്നത്. ടെലിസ്കോപ്പ് ഉപയോഗിക്കാനുള്ള പരിശീലനവും അവർക്ക് ലഭിച്ചിരുന്നു. 1892 ൽ ആനി റസലിന്റെയും സഹപ്രവർത്തകയായ ആലീസ് എവ്റെറ്റിന്റെയും പേരുകൾ റോയൽ അസ്ട്രോണമിക്കൽ സൊസൈറ്റി ഫെല്ലോ ആയി നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും രഹസ്യ വോട്ടെടുപ്പിൽ ഈ സ്ത്രീകളെ പരാജയപ്പെടുത്തുകയായിരുന്നു. പുരുഷന്മാർക്കൊപ്പം സ്ത്രീകൾ ഉയർന്ന പദവിയിൽ എത്തുന്നത് അവിടുത്തെ പല യാഥാസ്ഥിതികർക്കും ചിന്തിക്കാൻ പോലും കഴിയുന്ന കാര്യമായിരുന്നില്ല!

1895 ൽ ആനി റസൽ തന്റെ സഹപ്രവർത്തകനായ എഡ്വേഡ് വാൾട്ടർ മോൺഡറെ വിവാഹം കഴിച്ചു. ബ്രിട്ടനിലെ അന്നത്തെ നിയമം വിവാഹി

തരായ സ്ത്രീകളെ ഒബ്സർവേറ്ററിയിൽ വേതനമുള്ള ജോലിയിൽ തുടരാൻ അനുവദിച്ചിരുന്നില്ല. അങ്ങനെ ആനി മോൺഡർക്ക് അവിടെ തുടരാൻ കഴിയാതെ വന്നു. എങ്കിലും ഗവേഷണതാല്പര്യം ഉപേക്ഷിച്ചില്ല. ഒന്നാം ലോകമഹായുദ്ധകാലത്ത് ആനി ഒബ്സർവേറ്ററിയിലേക്ക് തിരിച്ചെത്തുകയും വേതനമില്ലാതെ ജോലി ചെയ്യാൻ സന്നദ്ധയാവുകയും ചെയ്തു. 1920 കളുടെ അവസാനം മാത്രമാണ് ആനി മോൺഡർക്ക് വേതനം നൽകിത്തുടങ്ങിയത്.

ആനിയും വാൾട്ടറും ഒന്നിച്ചു ഗവേഷണം തുടങ്ങി. സൂര്യന്റെ ദൃശ്യങ്ങൾ പകർത്തി സൗരചക്രങ്ങളെക്കുറിച്ചും സൗര പ്രതിഭാസങ്ങളെക്കുറിച്ചും പഠിച്ചു. സൂര്യഗ്രഹണങ്ങൾ വ്യക്തമായി നിരീക്ഷിക്കാൻ ആ വനിത പല സ്ഥലങ്ങളിലേക്കും യാത്ര ചെയ്തു. സൗര കൊറോണയുടെ വ്യക്തമായ ഫോട്ടോ ലഭ്യമാക്കി. എന്നാൽ ആനി എടുത്ത പല ഫോട്ടോകളും ഭർത്താവിന്റെ പേരിലാണ് അടിച്ചു വന്നിരുന്നത്. സയൻസ് കോൺഫറൻസുകളിൽ സംസാരിക്കാനുള്ള അവസരങ്ങളും ആനിക്കു നിഷേധിക്കപ്പെട്ടു. എങ്കിലും 1916 ൽ റോയൽ അസ്ട്രോണമിക്കൽ ഫെല്ലോ ആയി ആനി തെരഞ്ഞെടുക്കപ്പെട്ടു. ബ്രിട്ടീഷ് ആസ്ട്രോണമിക്കൽ അസോസിയേഷൻ വൈസ്പ്രസിഡന്റായ ആനി ജ്യോതിശ്ശാസ്ത്രത്തെ സാധാരണക്കാരിലേക്ക് എത്തിക്കാനായി പ്രവർത്തിച്ചു. ദ് ഹെവൻസ് ആന്റ് ദെയർ സ്റ്റോറി എന്ന പുസ്തകം ആനിയുടെയും വാൾട്ടറിന്റെയും പേരിലാണ് ഇറങ്ങിയതെങ്കിലും അതിൽ ഭൂരിഭാഗവും ആനി തന്നെ എഴുതിയതാണെന്ന് വാൾട്ടർ സാക്ഷ്യപ്പെടുത്തി. 1947 ൽ ലണ്ടനിലെ വാൻഡ്സ്വർത്തിൽ വച്ച് ആനി മോൺഡർ എന്ന ശാസ്ത്ര വിസ്മയം അന്തരിച്ചു. മോൺഡർ ദമ്പതികളുടെ സ്മരണാർഥം ചന്ദ്രനിലെ ഒരു ഗർത്തത്തിന് മോൺഡർ ഗർത്തമെന്ന് പേരു നൽകിയിട്ടുണ്ട്. സമയത്തിനനുസരിച്ച് സൗരകളങ്കങ്ങളുടെ എണ്ണത്തിലുണ്ടാവുന്ന വ്യത്യാസം വിശദീകരിക്കുന്ന ബട്ടർഫ്ളൈ ഡയഗ്രവും ഇവരുടെ ഓർമ്മ നിലനിർത്തുന്നു. ഈ വർഷം മുതൽ ബ്രിട്ടൻ ആനി മോൺഡർ മെഡലും നൽകിത്തുടങ്ങുന്നു.

■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**ക്ഷമിക്കണം, നിങ്ങൾ ഈ ജോലിക്ക് പറ്റിയ ആൾ/ൺ അല്ല**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara









# ചില മഴ ചിത്രങ്ങൾ



